മനുഷ്യരെ കറുത്തവനെന്നും
വെളുത്തവനെന്നും വേർതിരിക്കുന്ന
നെറികെട്ട ജാതിവെറിക്കെതിരെ,
നിറങ്ങളില്ലാത്ത ലോകത്ത്
പെണ്ണിനെ തളച്ചിടാൻ വെമ്പുന്ന
സാമൂഹിക വ്യവസ്ഥിതിക്കെതിരെ
ഈ ബ്ലാക്ക് & വൈറ്റ് പേജുകൾ ഞങ്ങൾ
സമർപ്പിക്കുന്നു..



"

ആ വാഹനം തകർന്നടിഞ്ഞ പലസ്തീൻ
വീഥികളെ താണ്ടി ആശുപത്രി എത്തുമോ എന്നറിയില്ല.
മുന്നോട്ട് പോകെ വഴിയിൽ തകർന്നടിഞ്ഞു വീണ
ഒരു കെട്ടിടം.
മറ്റൊരു വഴിയിലൂടെ പോകാനായി
വണ്ടി തിരിക്കാൻ ഒരുങ്ങിയപ്പോഴാണറിഞ്ഞത്
അവിടെ ഷെല്ലാക്രമണം നടന്നുകൊണ്ടിരിക്കുന്നു.
നിസ്സഹായയായി അവൾ വണ്ടിയിൽ നിന്നിറങ്ങി.

"



“

പ്രസവത്തിന്റെ അവസാനഘട്ടത്തിൽ
എത്തിനിൽക്കുന്ന അവളുടെ വയർ കാണുമ്പോൾ
അറിയാം തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന
ആ പലസ്തീൻ മണ്ണിലേക്ക് പിറന്നു വീഴാൻ
ആ കുരുന്ന് വെമ്പുകയാണെന്ന്.
ആ നേരങ്ങളിൽ താങ്ങായും തണലായും
നിൽക്കേണ്ടിയിരുന്ന അവളുടെ ഇണയെ ഭീകരർ ചുട്ടെരിച്ചു.
ദിവസങ്ങളുടെ പട്ടിണിയും അന്തരീക്ഷത്തിന്റെ
ഭയാനകതയും, അവൾക്കേറെ മുന്നോട്ട് നടക്കാൻ
കഴിഞ്ഞില്ല. തകർന്ന് വീണ ഒരു കെട്ടിടത്തിന്റെ
മറവിലേക്ക് അവളിരുന്നു.

”



“

നിമിഷങ്ങൾ കൊണ്ട് അവളിൽ നിന്ന് ഒരു അലർച്ച പുറത്തേക്ക് വന്നു. അതിന് പിന്നാലെ ഒരു കുഞ്ഞിന്റെ നേർത്ത നിലവിളിയും. അവളാ പിഞ്ചോമനയെ നെഞ്ചോട് ചേർത്തു. ആ കരച്ചിൽ ശമിപ്പിക്കാൻ അവളുടെ മാറിടങ്ങൾക്ക് ആവതില്ലായിരുന്നു. മുലപ്പാലിന്റെ രണ്ടു തുള്ളികൾ മാത്രം വന്ന ആ മാറിടം ഉപക്ഷിച്ച് ആ പിഞ്ചു പൈതൽ വാവിട്ടു കരഞ്ഞു. കെട്ടിക്കുടുക്കിയ പൊക്കിൾക്കൊടിയുടെ വേദന വകവെക്കാതെ മെല്ലെ എഴുന്നേറ്റു.

”



“

തന്റെ ഓമനയെ വസ്ത്രത്തിന്റെ ഒരു അരികു കീറി
ആരോ വഴിയിൽ ഉപേക്ഷിച്ചു പോയ ഒരു കാറിന്റെ
ഉള്ളിലേക്ക് സുരക്ഷിതമായി വെച്ചു.
അവന്റെ ചുണ്ടൊന്ന് നനച്ചു കൊടുക്കാൻ ഒരു തുള്ളി
വെള്ളത്തിനായി അവൾ മെല്ലെ മുന്നോട്ട് നടന്നു.
വഴിയിലാരുമില്ല. കണ്ണെത്താദൂരത്തോളം കെട്ടിടാവശിഷ്ടങ്ങൾ.
പെട്ടന്നാണ് അത് അവളുടെ കണ്ണിലുടക്കിയത്.
കുറച്ചകലെ ഒരു കുപ്പി ! വെള്ളമുണ്ടോ എന്നറിയില്ല.
എങ്കിലും കുഞ്ഞിന്റെ വായിൽ തൊട്ട്
വെയ്ക്കാനെങ്കിലും ഉണ്ടായാൽ..

”



“

അവൾ തന്റെ സർവ്വ ശക്തിയുമെടുത്ത് നടന്നു.
മുന്നോട്ട് നടക്കുമ്പോൾ തന്റെ കുഞ്ഞിന്റെ കരച്ചിൽ
അവളുടെ കാതുകളെ തുളയ്ക്കുന്നുണ്ട്. കുപ്പി കയ്യിലെടുത്തു
നോക്കുമ്പോൾ പകുതിയോളം വെള്ളമുണ്ട്.
ഒരു നിമിഷം ഘോരമായ ഒരു സ്വരം. ആ നിമിഷം തന്നെ
കെട്ടിടത്തിന്റെ ഒരു കഷ്ണം അവളുടെ തലയ്ക്ക്
വന്നുകൊണ്ടു. ബോധം നഷ്ടപ്പെടുമെന്ന ഒരുനിമിഷം
തന്റെ കുഞ്ഞിന്റെ മുഖം കണ്ണിൽ തെളിഞ്ഞു.
അടിത്തട്ടിൽ ഉണ്ടായിരുന്നു ഒരുപിടി ശക്തിയെ
സ്വരുക്കൂട്ടി മുന്നോട്ട് നോക്കി.

”



താൻ സുരക്ഷിതമാക്കി വെച്ച കുഞ്ഞുണ്ടായിരുന്ന
കാറെവിടെ.? അവൾ നിലവിളിച്ചുകൊണ്ട് അവിടേക്ക് ഓടി.
അത്രനേരം അവിടെ കേട്ട കുഞ്ഞിന്റെ കരച്ചിൽ മാറി അവിടെ
അവളുടെ നിലവിളി ഉയർന്നു. നാലുപാടും പരതിയ അവളുടെ
കണ്ണിൽ തന്റെ വസ്ത്രത്തിൽ നിന്ന് കീറിയെടുത്ത
ആ തുണികഷ്ണം ഉടക്കി. ചോരയിൽ കുതിർന്ന
ആ തുണിയിൽ നിന്ന് മാറി തന്റെ പിഞ്ചോമന.
നാവ് നനയ്ക്കാൻ ഒരു തുള്ളി പോലും കിട്ടാതെ. അവൾ
ആ തുണിയോടുകൂടി ആ മൃതശരീരം വാരിയെടുത്ത്
അലമുറയിട്ടു.!





# പിന്നണിയിൽ

**ചീഫ് എഡിറ്റർ**
അബ്ദുറഹിമാൻ ഫാറൂഖി

**സ്റ്റാഫ് എഡിറ്റർ**
ഇ . സുമയ്യ

**സ്റ്റുഡന്റ് എഡിറ്റർ**
ജിഷ്മ. ടി. പി

**എഡിറ്റേഴ്സ്**
ഫാത്തിമ സൂഫിയ
ഉമ്മു ഹബീബ
മറിയം ബീവി
മിസിരിയ
ആശിന. കെ. വി
ഖദീജ ഷഫീഖ്
ബാസില പട്ടാമ്പി
റിദ സൈനബ്

**കവർ & ഡിസൈൻ**
സാലിഹ സിദ്ധീഖ്

**അച്ചടി**
ബസൂക്ക ഓഫ്സെറ്റ് പ്രസ്, അരീക്കോട്

കാലത്തിന്റെ കൈപ്പുനീരൂറ്റിക്കുടിച്ച്
ജീവിതത്തിന്റെ വരൾച്ച മാത്രം കണ്ടുവളർന്ന ഒരു
പെൺസമൂഹത്തിന് പെൺമയുടെ യാഥാർത്ഥ്യം
കാണിച്ചുകൊടുക്കുവാൻ ഒരുകൂട്ടം വിദ്യാർത്ഥിനി
സുഹൃത്തുക്കളുടെ പ്രയത്ന ഫലമാണ്
ഈ മാഗസിൻ.
പേനത്തുമ്പിലെ മഷിയുടെ അവസാന തുള്ളിയും
തീർന്നുവത്രെ. സാരമില്ല, മഷി നിറയ്ക്കാം
എഴുതപ്പെടേണ്ട താളുകളുടെ എണ്ണം അത്
കാരണം കുറയേണ്ട.... ഞങ്ങൾ മുന്നേറുകയാണ്
കരുത്തുള്ളൊരു പെൺകൂട്ടം..!

സ്റ്റുഡന്റ് എഡിറ്റർ





**ABDURAHMAN FAROOQI**
Principal

In the sphere of Muslim religion, social education & renaissance have been made as a remarkable changes by Jamia Nadwiyya under the supervision of Kerala Nadwathul Mujahideen it's an outstanding Institution.

This is the edition of "Al mishkath " 2023- 24 launched by MGM (MGM Branch of Women's Arabic College, it's belongs to Jamia Nadwiyya Edawanna) annually, On the occasion of "Dawa Conference".

Felicitations to all the students, teachers, union officia
ls those who are involved day and night in this exertion.
Here is the definition of who is a woman in the contemporary society ,
As if It's an illumination of lantern for orators, learners and know
ledge seekers alike. May Allah bless and accept this marvelo
us accomplishment from us.

We are thrilled to present our magazine, which features some of the most exciting women writers of our campus. Our pages are filled with powerful thought provoking writing that will stay with you long after you have finished reading. This magazine will inspire, inform and empower you, as well as a spark meaningful conversation and connection among Muslim women and beyond. We invite you to join with us in this journey.

The team have shown your creativity and passion in every page. They worked as a team and supported each other along the way of our magazine.
You are the stars of this magazine. I appreciate your passion and wish you all the best for your endeavours.



**E. SUMAYYA**
Staff Editor



21 വിമർശനങ്ങളുടെ വാൾമുനയിൽ മുസ്ലിം സ്ത്രീ

26 സ്ത്രീ കുടുംബ നായിക

29 ഫെമിനിസം സ്ത്രീയോട് ചെയ്യുന്നത്

34 സ്ത്രീ ഇതര ദർശനങ്ങളിൽ

38 ജാതിവെറിയാൽ മുറിവേറ്റവരുടെ ജീവിതം മലയാള സാഹിത്യത്തിൽ

41 ശില

59 അച്ഛൻ

60 മുസ്ലിം സ്ത്രീ; ചരിത്രവും വാർത്തമാനവും

64 എന്റെ നൊമ്പരങ്ങൾ

65 ജീവിത പാത

67 സ്ത്രീ ഇസ്‌ലാമിൽ

70 തനിച്ചായെന്നെന്നെന്നുമവൾ

42 സ്ത്രീ; ഇസ്ലാമിക അനന്തരാവകാശ നിയമങ്ങളിൽ

46 പ്രബോധന രംഗത്തെ സ്ത്രീ സാന്നിധ്യം

48 പെണ്ണവകാശത്തിലൂടെ നേടിയെടുത്ത മുസ്ലിം അത്രേ മുന്നേറ്റം

50 പെൺഘട്ടങ്ങൾ

52 ഞാൻ ഒറ്റക്കല്ല

54 ഇസ്ലാമിക് ഫെമിനിസം; ഒരു ചതിക്കുഴി

71 മുസ്ലിം വനിത; ധീര മാതൃകകൾ

75 ഞാൻ നടന്ന വീഥി

76 Revenge

78 Wounded Soul

79 أنا لست وحيدا

80 إتقان العمل

84 സ്ത്രീധനമല്ല ; സ്ത്രീയാണ് ധനം

ലിബറൽ പൊതുബോധങ്ങളുടെ
ഒഴുക്കിനൊപ്പം നീന്താൻ
ഇനി ഞങ്ങളില്ല. ഒരു മാറ്റം,

ഒരു **തിരുത്ത്,**

അനിവാര്യമാണ്.



# വിമർശനങ്ങളുടെ വാൾമുനയിൽ മുസ്ലിം സ്ത്രീ

## ആരോപണങ്ങളും മറുപടികളും



ബാസില പട്ടാമ്പി

മനുഷ്യകുലം പുരാതനകാലം മുതൽക്കേ ചർച്ച ചെയ്ത് പോരുന്ന സുപ്രധാന വിഷയങ്ങളിൽ ഒന്നാണ് സ്ത്രീ. അവൾ ആരാണെന്നും സമൂഹത്തിൽ അവൾ വഹിക്കേണ്ട പങ്കെന്താണെന്നും വ്യത്യസ്ത ചർച്ചകളിലും സംവാദങ്ങളിലുമായി മനുഷ്യർ ഒന്നടങ്കം അതി തീവ്രമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ഇന്നത്തെ കാലഘട്ടത്തിൽ ഈ വിഷയത്തിന് പ്രാധാന്യമേറുന്നു. ഏതൊരു പ്രത്യേയശാസ്ത്രമാകട്ടെ, സ്ത്രീവിഷയത്തിൽ അവർ അനുഷ്ഠിച്ച് വരുന്ന നിലപാടിനെ ആസ്പദമാക്കിയാണ് പ്രത്യേകിച്ചും നവതലമുറ അവയെ വിലയിരുത്തുന്നത്. സ്ത്രീകളുടെ കാര്യത്തിൽ നീതിയിലധിഷ്ഠിതമായ നിലപാടുകളും തീരുമാനങ്ങളും വെച്ചുപുലർത്തുന്ന ഏതൊരു പ്രസ്ഥാനത്തെയും മുൻപിൻ നോക്കാതെ സ്ത്രീ സമൂഹം പിന്തുണയ്ക്കുന്നു. ഇത്രത്തോളം സ്ത്രീവിഷയം ആളിക്കത്തികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, സ്ത്രീ അതി തീവ്രമായി സ്വയം ചമഞ്ഞ് ഒരു കൂട്ടർ സ്ത്രീത്വത്തെ തന്നെ അപമാനിക്കാനും അപഹസിക്കാനും മുന്നോട്ട് വരുന്നു. സ്വാതന്ത്ര്യം എന്നത് പുരുഷന്മാരെ പോലെ തന്നെ സ്ത്രീക്കും ആസ്വദിക്കാനുള്ളതാണെന്നും,അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ ലോകത്ത് നിന്ന് അവളെ തടയുന്നതെല്ലാം സ്ത്രീവിമോചനത്തിന്റെ മാറ്റൊലികളാണെന്നും ഇക്കൂട്ടർ മുദ്രകുത്തുന്നു. ഗൗരവമായ ഈ വിഷയം ഉയർത്തിപിടിച്ചുകൊണ്ട് സ്ത്രീ വക്താക്കളെന്ന് സ്വയം അവരോധിച്ച നവലിബറലിസ്റ്റുകൾ സ്ത്രീ ചൂഷകരുടെ പട്ടികയിൽ ഇസ്‌ലാമിന്റെ പേര് പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നു.




ലോക ചരിത്രത്തിൽ തന്നെ സ്ത്രീകളെ ഇത്രയധികം തരം താഴ്ത്തിയ വേറൊരു മതദർശനം ഇല്ലായെന്ന് അവർ പ്രഖ്യാപിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ മതം സ്ത്രീ വിഷയത്തിൽ അതിശക്തമായി നിഷ്കർഷിച്ച് പോകുന്ന നിലപാടുകളെ പാമരസമൂഹം കാണാതെ പോകുന്നു. ഇസ്‌ലാമിനെ വെറുമൊരു സ്ത്രീവിരോധിയും, സ്ത്രീ സമൂഹത്തെ ഒന്നടങ്കം അപികീർത്തിപ്പെടുത്തുന്ന പ്രത്യേയശാസ്ത്രവുമായി ചിത്രീകരിക്കുന്നതിലൂടെ ഇസ്‌ലാം വിമർശകർ അത്യാനന്ദം കണ്ടെത്തുന്നു. കാര്യങ്ങൾ ഇവ്വിധമായിരിക്കെ സത്യമെന്ത് മിഥ്യയെന്ത് എന്ന വസ്തുനിഷ്ഠമായ ധാരണ വ്യക്തമായും സമൂഹത്തിൽ ഉണ്ടായിരിക്കേണ്ടതുണ്ട്. മാനവരാശിക്കൊട്ടാകെ പ്രകാശമായി നിലകൊള്ളുന്ന സർവ്വശക്തന്റെ സത്യമതം സ്ത്രീ വിഷയത്തിൽ നേരിടുന്ന ആരോപണങ്ങൾ എന്തെല്ലാമാണ്? അവ എങ്ങനെ ഇസ്‌ലാമിനെ ബാധിക്കുന്നു? മുസ്‌ലിം വനിതകൾക്ക് ഇതിലുള്ള പങ്കെന്താണ്? ഈ വിഷയത്തിൽ അവർ അനുവർത്തിക്കേണ്ട നിലപാടെന്താണ്? ഒരു മുസ്‌ലിം സ്ത്രീക്ക് അവളുടെ സൃഷ്ടാവ് നിശ്ചയിച്ച വിധിവിലക്കുകൾ എന്തെല്ലാമാണ്?

Equality is the utmost priority എന്ന് യുവതലമുറ ആർത്തട്ടഹസിക്കുന്നു. സ്ത്രീ-പുരുഷ വിവേചനം ഇസ്‌ലാമിന്റെ മുഖമുദ്രയായി ഇക്കൂട്ടർ പ്രതിഷ്ഠിക്കുന്നു. ലിംഗാടിസ്ഥാനത്തിലുള്ള വേർതിരിവിൽ ഇസ്‌ലാം മതം മറ്റ് ദർശനങ്ങളെക്കാൾ എത്രയോ മുമ്പിലാണെന്ന് ഫെമിനിസ്റ്റുകളും ലിബറലിസ്റ്റുകളും കൂട്ടായി പ്രഖ്യാപിക്കുന്നു. സ്ത്രീ-പുരുഷ വിവേചനം തന്നെയാണ് ഇസ്‌ലാം നേരിടുന്ന ഏറ്റവും വലിയ ആരോപണം. പുരുഷനെപ്പോലെ തന്നെ സ്വതന്ത്രമായി വിഹരിക്കുവാനുള്ള എല്ലാ അവകാശവും സ്ത്രീക്കുണ്ടായിരിക്കെ, എന്തുകൊണ്ടാണ് വ്യത്യസ്ത തരത്തിലുള്ള വസ്ത്രങ്ങളിൽ അവളെ പൊതിഞ്ഞു കെട്ടിയിട്ടുള്ളത്? My body my choice എന്നായിരിക്കെ ശരീരത്തെ ഇഷ്ടമുള്ള തരത്തിൽ പ്രദർശിപ്പിക്കുവാൻ ഇസ്‌ലാം ഒരിക്കലും സ്ത്രീയെ അനുവദിക്കുന്നില്ല. ആധുനിക ലോകത്തിലെ ഫെമിനിസ്റ്റുകൾ ഒന്നടങ്കം ഇസ്‌ലാമിനെതിരെ തിരിയുന്നത് ഈ ആരോപണത്തെ മുൻനിർത്തിയാണ്. എന്തുകൊണ്ട് സ്ത്രീ അവളുടെ നഗ്നതയെ ഇപ്രകാരം മറച്ചുപിടിക്കണം? മനുഷ്യൻ എന്ന നിലയ്ക്കുള്ള അടിസ്ഥാനവകാശങ്ങളിൽ പെട്ടതാണ് ഇഷ്ടമുള്ള വസ്ത്രം ധരിക്കുക എന്നത്. എന്തുകൊണ്ട് സ്ത്രീക്ക് മാത്രം ഈ വിഷയത്തിൽ ഇത്രയേറെ നിബന്ധനകൾ? വസ്ത്രത്തെ പോലെ സുപ്രധാനമാണ് അവളുടെ ശരീരം. സ്ത്രീ ധർമം എന്നത് മാതൃത്വം ആണെന്നും, നാളത്തെ തലമുറയുടെ മടിത്തട്ടായ അവളുടെ ദൗത്യം, അത് ശിശുപരിപാലനം ആണെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു.എന്തുകൊണ്ട് ഒരു സ്ത്രീയുടെ മേൽ ഇത്രയധികം ഉത്തരവാദിത്വങ്ങൾ ഏല്പിക്കപ്പെടുന്നു?താൻ എന്തായി ജീവിക്കണമെന്നും എങ്ങനെ ജീവിക്കണമെന്നതും അവളുടെ തീരുമാനമാണ്. ഇതിന് മേലുള്ള കടന്നുകയറ്റമാണ് ഇസ്ലാം നടത്തികൊണ്ട് വരുന്നത് എന്ന അതിഭീകരമായ ആരോപണം ഇസ്‌ലാമിന് നേരെ അഴിച്ചുവിടുന്നു.

ഗർഭച്ഛിദ്രത്തെ ഇസ്‌ലാം ശക്തമായ ഭാഷയിൽ നിഷേധിക്കുന്നു. ഗർഭം എന്ന പ്രകൃതിപ

രമായ പ്രക്രിയ നടക്കുന്നത് സ്ത്രീ ശരീരത്തിൽ ആയതിനാൽ തന്റെ ശരീരത്തിൽ വളരുന്ന ബീജത്തെ ഏറ്റെടുക്കാനും നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യം അവൾക്കുണ്ട്. അതുകൊണ്ട് തന്നെ ഒരു മതത്തിനും അതിൽ കയറി ഇടപെടാനുള്ള അവകാശമില്ലായെന്ന് ഇസ്ലാം വിരോധികൾ വിശ്വസിക്കുന്നു. പുരുഷനെ പോലെ തന്നെ പഠനത്തിലും വിദ്യാഭ്യാസത്തിലും മികവ് പുലർത്തുന്നവളാണ് സ്ത്രീ. ഗർഭിണി ആകുന്നതിലൂടെ അവളുടെ ആന്തരികവും ബാഹ്യവുമായ ചോദനകളെ ഇല്ലാതാക്കുകയാണ് പരമപ്രധാനമായ ലക്ഷ്യം എന്ന് ആധുനിക ലോകം സമർത്ഥിക്കുന്നു. ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയ ഒരു സ്ത്രീ സ്വാഭാവികമായും അവളുടെ വിദ്യാഭ്യാസത്തിന് അനുസരിച്ചുള്ള ജോലിയിൽ പ്രവേശിക്കുന്നു. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തയായ അവളെ കുടുംബമെന്നും ഭാര്യയെന്നും പറഞ്ഞ് വീടിനുള്ളിൽ തളച്ചിടുക എന്നതാണ് ഇസ്ലാമിന്റെ തത്ത്വശാസ്ത്രമെന്നും, ഇതുവഴി ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുവാനും സമ്പാദിക്കാനുമുള്ള അവളുടെ ആഗ്രഹത്തെ പാടെ നിഷേധിക്കുകയാണ് മുസ്ലിം സമൂഹം ചെയ്യുന്നത് എന്നും ഇക്കൂട്ടർ വരച്ചുകാണിക്കുന്നു.

സ്ത്രീ വിഷയത്തിൽ ഇസ്ലാം നേരിടുന്ന ആരോപണങ്ങളുടെ പട്ടികയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് ഇസ്ലാമിലെ അനന്തരാവകാശമാണ്. നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകുന്നു; ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്. (4:11) എന്ന വിശുദ്ധ ഖുർആന്റെ വചനം എടുത്ത് ഉദ്ധരിച്ചുകൊണ്ടാണ് സത്യമതത്തിന്റെ വിമർശകർ ഇതിന് മുറവിളി കൂട്ടുന്നത്. വലിയ സ്ത്രീവിമോചകരെന്ന് വാദിക്കുന്ന ഇസ്ലാം മതാനുയായികൾ ഏറ്റവും വലിയ സ്ത്രീ വിവേചകരാണെന്ന് ഇവർ വരുത്തി തീർക്കുന്നു. പുരുഷന്റെ നേർപകുതി മാത്രം കൊടുക്കുന്നതിലൂടെ അവളോട് വലിയ അനീതി തന്നെയാണ് ഇസ്ലാം കാണിക്കുന്നതെന്നും ഇതിനോടൊപ്പം ചേർത്ത് പറയുന്നു. ലോക സാമ്പത്തിക ക്രമത്തിൽ നിന്ന് സ്ത്രീയെ പുറംതള്ളാനും അതുവഴി പുരുഷ മേൽക്കോയ്മയ്ക്ക് ആക്കം കൂട്ടാനുമാണ് അനന്തരാവകാശ വ്യവസ്ഥയെ ഇസ്ലാം ഇപ്രകാരം ക്രമീകരിച്ചത് എന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. അനന്തരാവകാശത്തോടൊപ്പം ചേർത്തുപറയുന്നതാണ് മുസ്ലിം സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യം. ബാല്യത്തിൽ പിതാവിന് കീഴിലും ശേഷം ഭർത്താവിന് കീഴിലും വാർദ്ധക്യത്തിൽ മക്കളുടെ സംരക്ഷണത്തിലും കഴിയാൻ നിർബന്ധിതയായ മുസ്ലിം സ്ത്രീക്ക് സ്വന്തമായ നിലപാടില്ല. അവളുടെ ഏതൊരു




കാര്യത്തിനും മഹ്റമുകളുടെ സാന്നിധ്യമില്ലാതെ അത് പൂർത്തീകരിക്കാൻ അവൾക്ക് അനുവാദമില്ല. സ്വതന്ത്രയായി ഒരാളുടെ തുണയില്ലാതെ പുറത്തേക്കിറങ്ങുവാൻ അവൾക്ക് അനുവാദമില്ല. ഇഷ്ടമുള്ള രീതിയിൽ ജീവിക്കാനും അതിനനുസരിച്ച് ജീവിതം കെട്ടിപ്പടുക്കാനും അവൾക്ക് നിർവാഹമില്ല. ചുരുക്കത്തിൽ നാല് ചുമരുകൾക്കുള്ളിൽ അടച്ചുപൂട്ടപ്പെട്ടതാണ് ഒരു മുസ്ലിം സ്ത്രീയുടെ ജീവിതം എന്ന് ലോകം കൊട്ടിഘോഷിക്കുന്നു. ഒരു വ്യക്തി എന്ന നിലയിൽ ലഭിക്കേണ്ട അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യവും അവൾക്ക് ലഭിക്കുന്നില്ല എന്നും ലോകം സമർഥിക്കുന്നു.

ബഹുഭാര്യത്വം ഇസ്ലാം പുരുഷന്മാർക്ക് മാത്രം അനുവദിച്ചു കൊടുക്കുമ്പോൾ ഇഷ്ടമുള്ള പങ്കാളിയെ തിരഞ്ഞെടുക്കാനും അയാളുടെ ഒരൊറ്റ ഭാര്യയായി മാത്രം ജീവിക്കാനുമുള്ള അവളുടെ ആഗ്രഹത്തിനുമേലുള്ള പ്രത്യാക്രമണമാണ് മുസ്ലിം ലോകം നടത്തുന്നത്. സ്വന്തം ഭാര്യയുടെ ഇഷ്ടം പരിഗണിക്കാതെ ഇഷ്ടമുള്ളയത്രയും സ്ത്രീകളെ വിവാഹം കഴിക്കാം എന്നതിലൂടെ സ്ത്രീകളുടെ ഒട്ടാകെ വികാരത്തെ അടിച്ചമർത്താൻ ഇതിലൂടെ ലക്ഷ്യമിടുന്നു. ഇക്കാരണത്താൽ തന്നെ ബഹുഭാര്യത്വത്തെ പോലെ എന്തുകൊണ്ട് ബഹുഭർതൃത്വം ഇസ്ലാം അംഗീകരിക്കുന്നില്ല എന്ന് ആധുനിക ലോകം ചോദിക്കുന്നു. ഇഷ്ടമുള്ളയത്രയും സ്ത്രീകളെ വരിക്കാൻ പുരുഷന്മാർക്ക് ആകാമെങ്കിൽ എന്തുകൊണ്ടത് സ്ത്രീകൾക്കായിക്കൂടാ? സ്ത്രീ സമൂഹത്തെ ഇസ്ലാം ശക്തമായി അടിച്ചമർത്തുന്നു എന്ന് ഇക്കൂട്ടർ വാദിക്കുമ്പോൾ നബി (സ) യും ആയിശ (റ)

യും തമ്മിലുള്ള വിവാഹത്തെ ഇവർ കരുവായി സ്വീകരിക്കുന്നു. പത്ത് വയസ്സുപോലും തികയാത്ത ചെറിയ പെൺകുട്ടിയെ അവളെക്കാൾ പ്രായമുള്ള ഒരാൾക്ക് വിവാഹം ചെയ്തു കൊടുക്കുന്നതിലൂടെ ഇസ്ലാം വൻ അപരാധമാണ് ചെയ്യുന്നത് എന്ന് സ്വതന്ത്രചിന്തകർ മുറവിളി കൂട്ടുന്നു. ഇതിലൂടെ ഇസ്ലാം സ്ത്രീ കുലത്തെ ഒട്ടാകെ ചൂഷണത്തിന് വിധേയരാക്കുന്നു എന്നും ഇതിനോട് ചേർത്തുപ റയുന്നു. സ്ത്രീ പീഢനം, ബഹുഭാര്യത്വം, ശൈശവ വിവാഹം, സ്ത്രീ സ്വാതന്ത്ര്യത്തിന് മേലുള്ള കടന്നുകയറ്റം തുടങ്ങിയ ഭീമാകാരമായ ആരോപ ണങ്ങൾ ആധുനിക ലോകം മുസ്ലിം സമൂഹത്തിന് മേൽ ചാർത്തുമ്പോൾ പരിശുദ്ധ ഖുർആന്റെ വചനങ്ങളും നിരൂപണത്തിന് വിധേയമാകുന്നു.

വിശുദ്ധ ഖുർആനിലെ സൂറത്തുൽ ബ ഖറയിലെ 223 ാമത്തെ വചനം പച്ചയായ പുരുഷാധിപ ത്യത്തെയാണ് തുറന്നുകാട്ടുന്നതെന്ന് ഇസ്ലാമിക ഫെമിനിസ്റ്റുകളടക്കം ആരോപിക്കുന്നു. സ്ത്രീകളെ വെറുമൊരു കച്ചവടചരക്കാക്കി മാറ്റാൻ മുസ്ലിം സമൂഹം ഇതുവഴി ശ്രമിക്കുന്നുവെന്നും വിമർശനം ഉയരുന്നു. ഇസ്ലാം നേരിടുന്ന സ്ത്രീ സംബന്ധമായ ആരോപണങ്ങൾ ഇവിടെയവസാനിക്കുന്നില്ല. അതിനെ വീണ്ടും വലിച്ചു നീട്ടി കാണിക്കുവാൻ ഒരു കൂട്ടം വ്യാജവാദികൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. സത്യമതത്തെ പിച്ചിച്ചീന്തി അതിന്റെ ആശയങ്ങളെ ജനങ്ങൾക്ക് മുൻപിൽ വികൃതമാക്കി കാണിക്കുക എന്നതുതന്നെയാണ് ഇതിന് പിന്നിലെ പ്രധാന അജണ്ട. ലോകം ഉറ്റു നോക്കികൊണ്ടിരിക്കുന്ന ഒരു മതമെന്ന നിലക്ക് പരിശുദ്ധ ഇസ്ലാമിനെ ഇത് വൻ തോതിൽ തന്നെ ബാധിക്കുന്നതാണ്. ഇസ്ലാമിനെക്കുറിച്ച് കേട്ടുകേൾവി പോലുമി ല്ലാത്ത പാമരസമൂഹം തീർച്ചയായും ഈ വിമർശനങ്ങളെ ആധാരമാക്കി മുസ്ലിം ലോകത്തെ വിലയിരുത്തും.അതുകൊണ്ടുതന്നെ ആരോപ ണങ്ങളുടെ നിജസ്ഥിതി ലോകത്തിന് മുൻപി ൽ വിശദീകരിക്കേണ്ടതുണ്ട്. ഈ ആരോപ ണങ്ങളെ എല്ലാം കൃത്യമായി വീക്ഷിക്കുമ്പോൾ ഇതിന്റെയെല്ലാം ഉറവിടം ഒരു ചെറിയ അള വിലെങ്കിലും മുസ്ലിം സ്ത്രീകളുടെ തന്നെ ഭാഗത്ത് നിന്നുള്ളതാണ് എന്നതാണ് വസ്തുത. താൻ വിശ്വസിക്കുന്ന മതം തന്റെ പേരിൽ വിമർശിക്കപ്പെടുമ്പോൾ അതിനെ ചെറുത്തു നിൽക്കേണ്ട ബാധ്യത തീർച്ചയായും ഒരു സ്ത്രീക്കുണ്ട്. ആധുനിക ലോകം മുസ്ലിം ലോകത്തെ സ്ത്രീ വിഷയവുമായി ബ ന്ധപ്പെടുത്തി വിമർശിക്കുമ്പോൾ മുസ്ലിം വനി തകളുടെ പ്രവർത്തനങ്ങളെ എങ്ങനെ ഇക്കൂട്ടർ മുതൽകൂട്ടാക്കുന്നുവെന്ന് വിശദീകരിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ അടിസ്ഥാനാശയങ്ങളെ പോലും മനസ്സിലാക്കാതെ തങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്നില്ല എന്ന് ആധുനിക മുസ്ലിം വനിതകൾ



പ്രഖ്യാപിക്കുന്നു. സത്യമതത്തിന്റെ യുക്തിപൂർണ മായ ധാർമിക മൂല്യങ്ങളെ ശരിയായി മന സ്സിലാക്കാത്തതാണ് ഇതിന് പിന്നിലെ പ്രധാന കാരണം.

സ്ത്രീ-പുരുഷ വിവേചനത്തെ ഇസ്ലാം പൊക്കിപിടിക്കുന്നു എന്ന് വാദിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സ്ത്രീ എന്തെന്നും പുരുഷനെ ന്തെന്നും അടിസ്ഥാനമായി മനസ്സിലാക്കേണ്ടതുണ്ട്.

ശാരീരികമായും മാനസികമായും സ്ത്രീയും പുരുഷനും ഒരുതരത്തിലും തുല്യരാവുകയില്ലയെന്ന് ശാസ്ത്രം പോലും കൃത്യമായി തെളിയിച്ചിട്ടുണ്ട്. ജൈവികമായ ധാരാളം വ്യതിയാനങ്ങൾ പുരുഷനും സ്ത്രീക്കും ഇടയിൽ നിലനിൽക്കെ എങ്ങനെയാണ് അവരെ തുല്യരായി പരിഗണിക്കുക? മനുഷ്യ സമൂഹത്തെ സൃഷ്ടിച്ച സൃഷ്ടാവിന് തന്നെയാണ് അവരെ ഏത് വിധത്തിൽ നയിക്കണം എന്ന് വ്യക്തമായി അറിയുക. അതുകൊണ്ടുതന്നെയാണ് സത്യമതത്തെ ജനങ്ങൾക്ക് വേണ്ടി ഇറക്കി തന്ന സർവ്വശക്തൻ ആണിനും പെണ്ണിനും അനുയോജ്യമായ രീതിയിൽ വിധിവിലക്കുകൾ അവതരിപ്പിച്ചതും. അവകാശത്തിന്റെ പേര് പറഞ്ഞ് ആഭാസങ്ങളും തോന്നിവാസങ്ങളും കാണിക്കാൻ സ്വാതന്ത്ര്യം വേണമെന്ന് ആക്രോശിക്കുന്നവർക്ക് അത് പറഞ്ഞാൽ മനസ്സിലാകില്ല. എന്തുകൊണ്ട് ഇസ്ലാം സ്ത്രീയോട് അവളുടെ നഗ്നത മറക്കാനും കണ്ണുകൾ താഴ്ത്താനും ആവശ്യപ്പെടുന്നു? കാരണം അതവൾക്കൊരു സുരക്ഷാ കവചമാണ്. പുരുഷ കണ്ണുകളാൽ ബലാത്സംഗം ചെയ്യപ്പെടുന്നതിൽ നിന്നുള്ള രക്ഷയാണ്. കമ്പോളവത്കരണത്തിലൂടെ കച്ചവടച്ചരക്കാക്കി സ്ത്രീയെ മാറ്റിമറിക്കാനുള്ള പുരുഷ മേധാവിത്വത്തിന്റെ ആഗ്രഹത്തെയാണ് ആണ് ഇസ്ലാം തച്ചുടച്ചുകളയുന്നത്. അവളുടെ ശരീരം അവളുടെ അവകാശമല്ല, പ്രത്യുത തന്റെ രക്ഷിതാവിനോട് ഉള്ള നന്ദി സൂചകമാണ്. മാതൃത്വം ഒരു തരത്തിലും അവളുടെ മേലുള്ള ചൂഷണം അല്ല, മറിച്ചു അത് അവളുടെ അവകാശമാണ്. ഗർഭച്ഛിദ്രത്തിലൂടെ സ്വന്തം കുഞ്ഞിനെ ഇല്ലാതാക്കാൻ അവളെ പ്രേരിപ്പിക്കുമ്പോൾ മാതാവെന്ന നിലയ്ക്കുള്ള അവളുടെ ആന്തരിക ചോദനകളെയാണ് ലോകം അടിച്ചമർത്തുന്നത്. സമ്പാദിക്കുന്നതിൽ നിന്ന് ഇസ്ലാം ഒരിക്കലും സ്ത്രീയെ വിലക്കുന്നില്ല. എന്നാൽ കുടുംബത്തെ പോറ്റാനുള്ള ബാധ്യത ഒരിക്കലും അവളെ ഏൽപ്പിച്ചിട്ട് ഇല്ലതാനും. കാരണം ശാരീരികമായും മാനസികമായും അവളെ സൃഷ്ടിച്ചിട്ടുള്ളത് കുടുംബപരിപാലനത്തിനാണ്. അത്കൊണ്ട് തന്നെ സംരക്ഷിക്കപെടുക എന്നത് അവളുടെ അവകാശമാണ്. അവൾക്ക് വേണ്ടി സമ്പാദിക്കുക എന്നത് പുരുഷന്റെ ബാധ്യതയാണ്.ഇസ്ലാമിലെ അനന്തരാവകാശ നിയമങ്ങൾക്ക് ഇവിടെയാണ് പ്രസക്തിയേറുന്നത്. ബഹുഭാര്യത്തത്തെ ചർച്ചാവിഷയമാക്കുമ്പോൾ മനസിലാക്കേണ്ടത് അതിൽ സർവശക്തൻ നിഷ്കർഷിച്ച നിബന്ധനകളെയാണ്. ഇത്തരത്തിൽ പുറമേക്ക് കാണുന്നത് മാത്രം വിശ്വസിച്ച് ഇസ്ലാമിനെ വിലയിരുത്തുന്നതിന് പകരം അതിന്റെ ആശയാടിസ്ഥാനങ്ങളെ ശരിയായി മനസിലാക്കി അതിനെ ഉൾക്കൊള്ളുക എന്നതാണ്.

മനുഷ്യ നന്മയാണ് ഇസ്ലാമിന്റെ ആത്യന്തികമായ ലക്ഷ്യം. അതിന് വേണ്ടി വിവിധ തരത്തിലുള്ള വിധിവിലക്കുകളും ഇസ്ലാം നിർദ്ദേശിക്കുന്നുണ്ട്. അത് പുരുഷനാകട്ടെ സ്ത്രീയാകട്ടെ. മതവിഷയത്തിൽ പുരുഷന് വിധി വിലക്കുകൾ ഉള്ളതുപോലെ തന്നെ സ്ത്രീക്കുമുണ്ട്. അത് കൃത്യമായി പാലിച്ചു ജീവിക്കുന്നവരാരോ അവരാണ് യഥാർത്ഥ വിശ്വാസികൾ. സ്ത്രീക്ക് ഒരുപാട് അവകാശങ്ങൾ നൽകുന്നതോടൊപ്പം തന്നെ ഒരുപാട് ചട്ടക്കൂടുകളും ഇസ്ലാം ഒരുക്കിവെച്ചിട്ടുണ്ട്. അതൊരിക്കലും അവളെ ഒതുക്കിത്തീർക്കുവാനുള്ളതല്ല. മറിച്ച് അവളുടെ സംരക്ഷണത്തിന് വേണ്ടിയുള്ളതാണ്. അതിലേറ്റവുമാദ്യത്തേത് അവളുടെ സ്വഭാവ സംശുദ്ധിയാണ്. ഒരു മുസ്ലിം സ്ത്രീ അടക്കവും ഒതുക്കവും ലജ്ജയുമുള്ളവളായിരിക്കണം. പുരുഷന്മാർ തന്നെ ശ്രദ്ധിക്കാതിരിക്കാൻ വേണ്ടി സദാ സൂക്ഷ്മത പാലിക്കുന്നവളുമാകണം. ഇതിൽപ്പെട്ടതാണ് അവളുടെ വസ്ത്രധാരണ മര്യാദകൾ. അവളുടെ ജീവിതത്തിൽ മഹ്റമിന് വലിയ സ്വാധീനം തന്നെയുണ്ട്. മഹ്റമിന്റെ സാന്നിധ്യം ഒരിക്കലും അവളെ ദുർബലയാക്കാനല്ല. മറിച്ച് അവളെ കൂടുതൽ ശക്തിപ്പെടുത്താനാണ്. മഹ്റമിന്റെ അസാന്നിധ്യത്തിൽ അന്യ പുരുഷന്മാരുമായി ഇടപഴകുന്നത് അവൾക്ക് നിഷിദ്ധമാക്കിയത് ഇത് കൊണ്ടാണ്. വിവാഹ കാര്യത്തിൽ ഇഷ്ടമുള്ള ഇണയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇസ്ലാം അവൾക്ക് നൽകുന്നുണ്ട്. അങ്ങനെ അവൾക്ക് ഇഷ്ടപ്പെട്ടാൽ അവളുടെ വലിയ്യ് അവളെ നിക്കാഹ് ചെയ്തുകൊടുക്കുവാൻ നിഷ്കർഷിക്കപ്പെട്ടവനാണ്. മാതൃത്വം അവളുടെ അവകാശമാണെന്നത് പോലെ തന്നെ മക്കളെ നല്ല രീതിയിൽ പരിപാലിക്കുക എന്നത് ബാധ്യതയുമാണ്. അവൾക്കേറ്റവും കൂടുതൽ കടപ്പാടുള്ളതാകട്ടെ അവളുടെ ഭർത്താവിനോടും. പിതാവിന്റെയും ഭർത്താവിന്റെയും മക്കളുടെയും സംരക്ഷണയിൽ കഴിയാൻ അവൾ കല്പിക്കപ്പെട്ടത് അവളോടുള്ള അവജ്ഞത കൊണ്ടല്ല. മറിച്ച് ലോകത്ത് ഇന്നേവരെ ഒരു ദർശനവും അവളോട് കാണിച്ചിട്ടില്ലാത്ത സ്നേഹാദരവ് ഇസ്ലാം പുലർത്തുന്നത് കൊണ്ടാണ്.

മുസ്ലിം സ്ത്രീ അടച്ചുപൂട്ടപ്പെട്ടവളല്ല. അവൾ ധീരയാണ്, ശക്തമായ മനഃസാന്നിധ്യം ഉള്ളവളാണ്. തനിയ്ക്ക് നേരെ വരുന്ന കാമക്കണ്ണുകളെ തടുത്തുനിർത്താൻ കഴിവുള്ളവളാണ്. അവൾ അരുമയായ മകളാണ്, സഹോദരിയാണ്, സദ്വൃത്തയായ ഭാര്യയാണ്, സ്നേഹനിധിയായ ഉമ്മയാണ്. ഇതിന് എല്ലാത്തിനേക്കാളുമുപരി സർവ്വശക്തന്റെ വിനീതയായ ദാസിയുമാണ്.സ്ത്രീയുടെ പേര് പറഞ്ഞ് ഇസ്ലാമിനെ കടന്നാക്രമിക്കാൻ ഒരുങ്ങി നിൽക്കുന്നവരെ മുസ്ലിം സ്ത്രീയുടെ വ്യക്തിത്വം തുറന്നു കാണിച്ച് തന്നെ തിരിച്ചടിക്കേണ്ടതാണ്.

●

# സ്ത്രീ
## കുടുംബ നായിക

അബ്ദുറഹിമാൻ ഫാറൂഖി





ഈ മഹാ പ്രപഞ്ചത്തിൽ മനുഷ്യന് സ്ഥായിഭാവം നൽകുന്നതിൽ സ്ത്രീക്ക് അനിഷേധ്യമായ പങ്കാണുള്ളത്. ഒരു മനുഷ്യൻ വിവാഹിതനാകുന്നതോടെ കുടുംബം എന്ന സ്ഥാപനത്തിന് തുടക്കം കുറിക്കുകയായി. കുടുംബം ഭാര്യാ ഭർത്താക്കന്മാർ ആകുന്ന ഇരു ചിറകുകളിലൂടെ ജീവിത വിഹായസ്സിൽ പറന്നുയരുമ്പോൾ അവരിരുവർക്കും സുപ്രധാന ഉത്തരവാദിത്തങ്ങൾ ഉണ്ട്.

നബി (സ) പ്രസ്താവിച്ചു: ''നിങ്ങളെല്ലാം കൈകാര്യകർത്താക്കളും നിങ്ങളുടെ കീഴിലുള്ളവരെ കുറിച്ച് ചോദിക്കപ്പെടുന്നവരും ആണ്. പുരുഷൻ, കുടുംബത്തിലെ കൈകാര്യ കർത്താവും കീഴിലുള്ളവരെ കുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്. ഒരു സ്ത്രീ, ഭർതൃഗ്രഹത്തിലെ സംരക്ഷകയും വീട്ടിലുള്ളവരെ കുറിച്ച് ചോദിക്കപ്പെടുന്നവളും ആണ്.'' (ബുഖാരി മുസ്ലിം).

ഒരു കുടുംബത്തിൽ പുരുഷന്റെയും സ്ത്രീയുടെയും നായകത്വത്തെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചുമുള്ള പ്രവാചക അധ്യാപനമാണിത്. ഒരു ഉത്തമ ഭാര്യ എങ്ങനെയാകണമെന്ന് നബി (സ) നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. ഭർത്താവ് ആജ്ഞാപിച്ചാൽ അനുസരിക്കുന്ന, നോക്കുന്ന മാത്രയിൽ തന്നെ സന്തോഷം ജനിപ്പിക്കുന്ന, ഭർത്താവിന്റെ അസാന്നിധ്യത്തിൽ സ്വന്തം ശരീരത്തിലും, ഭർത്താവിന്റെ സ്വത്തിലും ഗുണകാംക്ഷ പുലർത്തുന്നവളും ആയിരിക്കും ഉത്തമ ഭാര്യ.

സ്ത്രീ സദ്ഗുണ സമ്പന്ന ആകുമ്പോഴാണ് സന്താനങ്ങൾ സദ്വൃത്തരാവുക. വ്യഖ്യാത് ഇറാഖി കവി മഹറൂഫ് അർറുസാഫിയുടെ കവിത എത്ര അർത്ഥവത്താണ്.

فحضن الأم مدرسة تسامت
بتربية البنين أو البنات
وأخلاق الرجال تُقاس حسناً
بأخلاق النساء الوالداتِ

'സന്താനങ്ങളെ ഉൽകൃഷ്ട ഗുണങ്ങളോടെ വളർത്തുന്ന സമുന്നതമായ പാഠശാലയാണ് മാതാവിന്റെ മടിത്തട്ട്, മാതാക്കളുടെ സ്വഭാവ മാതൃകയിലാണ് മക്കൾ വളരുക' എന്ന് സാരം. ഒരു മനുഷ്യന്റെ ഐഹിക ജീവിതത്തിലെ മൂന്ന് സൗഭാഗ്യങ്ങളിൽ ഒന്നാമത്തേതായി നബി (സ) എണ്ണിയത് സുകൃതവതിയായ ഭാര്യയാണ്. എന്തുകൊണ്ടെന്നാൽ കുടുംബം അഭിമുഖീകരിക്കുന്ന ഏത് പ്രശ്നത്തെയും അനുയോജ്യമാം വിധം അഭിമുഖീകരിക്കാനും പ്രശ്നം ലഘൂകരിക്കാനും മതബോധവും തന്റേടവുമുള്ള ഒരു സ്ത്രീക്ക് കഴിയും.

പ്രസിദ്ധ സ്വഹാബി വനിതയും അബു ത്വൽഹ(റ) ന്റെ പത്നിയുമായ ഉമ്മുസുലൈം (റ) മകന്റെ മരണവുമായി ബന്ധപ്പെട്ട ഹദീസുകളിൽ പരാമർശിക്കപ്പെട്ട സംഭവം നമുക്കറിയാം. അബു ത്വൽഹ (റ) പുറത്തു പോകുമ്പോൾ രോഗബാധിതനായിരുന്ന മകൻ അദ്ദേഹം തിരിച്ചുവരുമ്പോഴേക്കും മരിച്ചു കഴിഞ്ഞിരുന്നു. രാത്രി വീട്ടിൽ തിരിച്ചെത്തിയ അബു ത്വൽഹ (റ) അബുസലമയോട് ചോദിച്ചു: നമ്മുടെ മകൻ എങ്ങനെയിരിക്കുന്നു? 'ഇപ്പോഴവൻ സുഖമായിരിക്കുന്നു; എന്നായിരുന്നു മറുപടി, തുടർന്ന് ഭർത്താവിന് വേണ്ടതൊക്കെ ചെയ്തുകൊടുത്ത് അന്ന് രാത്രി അദ്ദേഹവുമൊന്നിച്ചുറങ്ങി. പ്രഭാതവേളയിൽ മകന്റെ മരണ വാർത്ത വിവേകത്തോടെ അറിയിച്ചുവെങ്കിലും ഈ കഥ റസൂൽ (സ) യോട് അദ്ദേഹം വിവരിച്ചു: ഉമ്മുസുലൈം (റ) കാണിച്ച അസാധാരണ സഹനത്തിൽ നബി(സ) അത്ഭുതപ്പെടുകയും, ആ ദമ്പതികൾക്കായി

"اللهم بارك لهم في ليلتهم"

'അല്ലാഹുവേ അവരുടെ ഈ രാത്രിയിൽ അവർക്കു നീ അനുഗ്രഹം ചൊരിയേണമേ' എന്ന് പ്രാർത്ഥിക്കുകയും ഉണ്ടായി.

ഒരു കുടുംബത്തെ ഒന്നടങ്കം സങ്കടക്കടലിൽ ആഴ്ത്തുന്ന ഒരു മഹാസംഭവത്തെ ആ കുടുംബനായിക എത്ര തന്മയത്തത്തോടും വിവേകത്തോടും ആണ് കൈകാര്യം ചെയ്തത്.

സ്ത്രീ കുടുംബനായിക എന്ന ഈ ശീർഷകം പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരം ഉള്ളവരാകുന്നു. (4:34) എന്ന വിശുദ്ധ ഖുർആൻ വചനത്തിനോ പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ ഒരു സ്ഥാനമുണ്ട് (പദവി). (2:228) എന്ന വചനത്തിന് എതിരാകുന്നില്ലെന്നും നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.

ഹാഫിള് ഇബ്റാഹിം തൻറെ കവിതയിൽ പറഞ്ഞതെത്ര സത്യം

في دورهن شؤونهن كثيرة

كشؤون رب السيف والمزراق

ഒരു സ്ത്രീക്ക് അവളുടെ വീടകങ്ങളിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. വാളും കുന്തവും ഉപയോഗിച്ച് അടർക്കളത്തിൽ അടരാടുന്ന ഒരു യോദ്ധാവിനെ പോലെ.

'A Wise Woman builds her house"

ബുദ്ധിമതിയായ ഒരു സ്ത്രീ തൻറെ വീട് പണിയുന്നുവെന്ന് ഇംഗ്ലീഷ് പഴമൊഴി കൊണ്ട് അർത്ഥമാക്കുന്നതും ഇതേ ആശയം തന്നെ. ചുരുക്കത്തിൽ വീടകം ശാന്തിയും സന്തോഷവും നിറഞ്ഞതാകുന്നതിലും സന്താനങ്ങൾക്കും സമ്പത്തിനും സംരക്ഷണം നൽകുന്നതിലും കുടുംബത്തിന്റെ വിളക്കായി വർത്തിക്കുന്നതിലും ഒരു ഭാര്യയുടെ പങ്ക് അനൽപമത്രേ.



# ഫെമിനിസം സ്ത്രീയോട് ചെയ്യുന്നത്

ദിൽറുബ. കെ



ഇതാണ് ഫെമിനിസം എന്ന് ഒന്നിനെച്ചൂണ്ടി കണിശമായി പറയാനാവാത്ത രീതിയിൽ ചിതറിക്കിടക്കുകയാണ് ഇന്ന് ആ പ്രത്യയശാസ്ത്രം. എങ്കിലും തുല്യതയിൽ അധിഷ്ഠിതമായ ഒരു സാമൂഹിക ക്രമത്തിന്റെ സൃഷ്ടിപ്പിനു വേണ്ടി നിലകൊള്ളുക എന്നതാണ് അതിന്റെ ആപ്തവാക്യം എന്ന് സാമാന്യമായി പറയാം. വിവേചനപരമായ കുടുംബ-സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്ന് സ്ത്രീക്ക് വിടുതൽ നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തിൽ തുടങ്ങുകയും ആവശ്യങ്ങൾ വിപുലീകരിക്കുകയും പലതായി പിരിയുകയും പലവിധ പ്രത്യയശാസ്ത്രങ്ങളുമായി കൈകോർക്കുകയും കൊമ്പുകോർക്കുകയും എല്ലാം ചെയ്യുന്ന ഫെമിനിസ്റ്റ് ധാരകളെയാണ് ചരിത്രത്തിലും വർത്തമാനത്തിലും കണ്ടെത്താൻ കഴിയുക. സ്ത്രീകളുടേതായി ഫെമിനിസം അവതരിപ്പിച്ചിട്ടുള്ള, അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ പലതും പരിഹാരങ്ങൾ ആവശ്യമുള്ള പ്രശ്നങ്ങൾ തന്നെയാണ് എന്നതിൽ സംശയമില്ല. എന്നാൽ ആ പ്രശ്നങ്ങൾക്ക് ഫെമിനിസം കുറിച്ചുനൽകുന്ന പരിഹാരങ്ങൾ പുതിയ പ്രശ്നങ്ങളായി സ്ത്രീയെ വലയം ചെയ്യുന്ന കാഴ്ചയാണ് കാണാനാവുക. മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങൾക്കൊക്കെ സ്വതസിദ്ധമായുള്ള പരാധീനതകൾ ഫെമിനിസത്തിനു മാത്രമായി ഉണ്ടാകാതിരിക്കുകയില്ലല്ലോ.

ജൂത-ക്രിസ്തു മതങ്ങളുടെ മടിത്തട്ടിൽ വളർന്നു വന്ന യൂറോപ് തത്ഫലമായി സ്വാംശീകരിച്ചിരുന്ന, നിഖില മേഖലകളെയും ചൂഴ്ന്നുനിന്നിരുന്ന സ്ത്രീവിരുദ്ധതയുടെ മണ്ണിലാണ് ഫെമിനിസത്തിന്റെ വേരുകൾ ആഴ്ന്നു കിടക്കുന്നത്. അതുകൊണ്ടുതന്നെ എല്ലാ മതങ്ങളും ഏറിയതോ കുറഞ്ഞതോ ആയ അളവുകളിൽ സ്ത്രീവിരുദ്ധത

പേറുന്നവയാണെന്ന ധാരണ ഫെമിനിസത്തിൽ അന്തർലീനമാണ്. മതങ്ങൾ പൂർണമായി മായ്ക്കപ്പെടണമെന്നുള്ള വാദങ്ങളുടെയും മതത്തിലെ സ്ത്രീവിരുദ്ധമായ (എന്ന് അവർക്കു തോന്നുന്ന) ഭാഗങ്ങൾ മാത്രം മായ്ച്ചുകളഞ്ഞ് പരിഷ്കരിക്കണമെന്നുള്ള ഇസ്‌ലാമിക് ഫെമിനിസം പോലുള്ള, താരതമ്യേന പുതിയ ഫെമിനിസ്റ്റ് ആശയധാരയുടെ വാദങ്ങളുടെയും ഒക്കെ അടിസ്ഥാനം ഈ ധാരണയാണ്.

സ്ത്രീയുടെ അസ്തിത്വത്തിന് അഭിമാനകരമായ പുതിയ മാനങ്ങൾ നിർധരിച്ചുകൊടുത്തു എന്ന ഫെമിനിസ്റ്റ് അവകാശവാദങ്ങളുടെ പിന്നാമ്പുറങ്ങളിലേക്ക് ഒരു യാത്ര അനിവാര്യമാണ്. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ആവിർഭാവകാലത്തെ സ്ത്രീയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സ്ത്രീയും വളരെ വ്യത്യസ്തയാണെന്ന് നമുക്കറിയാം. എന്നാൽ ഫെമിനിസം നേടിയെന്നു പറയുന്ന പല നേട്ടങ്ങളും നിരുപാധികം നേട്ടങ്ങളാണെന്ന് പറയാൻ നമുക്കാകുമോ? ആത്യന്തികമായ നന്മ സ്ത്രീക്ക് പ്രദാനം ചെയ്യുന്നവയാണോ ഈ നേട്ടങ്ങൾ? ഫെമിനിസത്തിന്റെ തുല്യതയ്ക്കു വേണ്ടിയുള്ള വിളറിപിടിച്ച ഓട്ടം സ്ത്രീ സ്വത്വത്തെ ആവശ്യമുള്ളതിനേക്കാൾ കുറുക്കിക്കളയുകയോ ആവശ്യത്തിലും കവിഞ്ഞ് വലിച്ചുനീട്ടുകയോ ആണ് ചെയ്തിട്ടുള്ളതെന്ന് കാണാനാകും. സ്ത്രീക്കുവേണ്ട ഒരു സമൂഹം സൃഷ്ടിച്ചെടുക്കുന്നതിനു പകരം സമൂഹത്തിനു വേണ്ട സ്ത്രീകളെ സൃഷ്ടിച്ചെടുക്കുകയാണ് ഫെമിനിസം ചെയ്യുന്നത്. പല ചൂഷണപ്രത്യയ ശാസ്ത്രങ്ങളുടേയും ചൂണ്ടയിൽ തൊണ്ടകുടുക്കി ഫെമിനിസത്തിന് വിപ്ലവം മുഴക്കേണ്ടിവരുന്നത് അതുകൊണ്ടാണ്.

പരിഹാരങ്ങളെക്കുറിച്ചു മാത്രമല്ല സ്ത്രീപ്രശ്നങ്ങളെക്കുറിച്ചു പോലും ഫെമിനിസത്തിനു വ്യക്തമായ ധാരണയില്ല എന്നതാണ് യാഥാർഥ്യം. സ്ത്രീയുടെ ശാരീരിക സവിശേഷതകൾ അവളുടെ തുല്യതാപോരാട്ടങ്ങളിൽ വിലങ്ങുതടിയാവുന്നതെങ്ങനെയെന്ന് ഫെമിനിസ്റ്റ് ബുദ്ധിജീവികൾ വളരെ വിശദമായി പ്രതിപാദിക്കുന്നത് നമുക്ക് വായിക്കാനാകും. ആർത്തവവും ഗർഭധാരണവും പ്രസവവും മുലയൂട്ടലും ശിശുപരിപാലനവുമെല്ലാം പല രീതിയിൽ സ്ത്രീക്ക് പ്രയാസങ്ങളുണ്ടാക്കുന്നു എന്ന ശരിയിൽ പിടിച്ചുതൂങ്ങി, സ്ത്രീയെ തുല്യതയർഹിക്കുന്ന എല്ലാ ഇടങ്ങളിൽ നിന്നും പിറകോട്ടുവലിക്കുന്ന പ്രതിലോമകരമായ ശക്തിയായി അവയെ അടയാളപ്പെടുത്തുകയും അങ്ങനെ സ്വന്തം അസ്തിത്വത്തിൽ അഭിമാനമില്ലാത്തവരായി സ്ത്രീകളെ മാറ്റിയെടുക്കുകയുമാണ് സ്ത്രീവാദക്കാർ ചെയ്തത്. സ്ത്രീ നേരിടുന്ന വിവേചനങ്ങൾക്ക് ഉത്തരവാദികളായി പുരുഷന്മാരെയും മതങ്ങളേയും



പ്രതിഷ്ഠിച്ചാലും, അവളുടെ ശരീരത്തിന് അതിലുള്ള പങ്ക് വിസ്മരിക്കാവതല്ല എന്ന നിഗമനത്തിൽ എത്തുകയായിരുന്നു ഫെമിനിസ്റ്റുകൾ. പുരുഷന്റെ ആസ്വാദനങ്ങൾക്ക് ഇത്തരം തടസ്സങ്ങൾ ഇല്ല എന്നും അതാണ് അവനെ സ്വതന്ത്രനാക്കുന്നത് എന്നുമുള്ള കണ്ടെത്തലുകൾ കൂടിയായപ്പോൾ പലതും കുടഞ്ഞെറിയേണ്ടതുണ്ടെന്ന് സ്ത്രീകളെ പഠിപ്പിക്കുകയായി. വിവാഹം, ഭർത്താവ്, കുട്ടികൾ, കുടുംബം തുടങ്ങിയ കെട്ടുപാടുകളിൽ അകപ്പെടാതിരിക്കാനുള്ള ജാഗ്രത കാണിക്കുക എന്നത് ശക്തയായ സ്ത്രീയുടെ ലക്ഷണമായി വ്യാഖ്യാനിക്കപ്പെട്ടു. മാർക്സിസത്തിന്റേയും മുതലാളിത്തത്തിന്റേയും തന്ത്രപരമായ ഒരു സമന്വയമെന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല ഫെമിനിസം എന്ന് ചിന്തിക്കേണ്ടിവരുന്നതും ഇതുകൊണ്ടൊക്കെത്തന്നെയാണ്. ഒരേസമയം പീഡിതർക്കുവേണ്ടി തൊണ്ട കീറുകയും ഒളിവിൽ പീഡകരെ തലോടുകയും ചെയ്യുന്ന വൈചിത്ര്യങ്ങളുടെ ഒരു മിശ്രിതമാണത്. ഈ രണ്ട് പ്രത്യയശാസ്ത്രങ്ങളും ഉൾക്കൊള്ളുന്ന ആശയാബദ്ധങ്ങളെല്ലാം പെണ്ണിന്റെ പേരിൽ പുനരവതരിപ്പിക്കുന്നുവെന്നല്ലാതെ സ്ത്രീ സ്വത്വത്തിന്റെ അകക്കാമ്പിനെ പ്രതിനിധീകരിക്കുകയോ ആത്യന്തികമായി അവളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയോ ചെയ്യുന്നില്ല ഫെമിനിസം. ഭൗതിക നിർവചനങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മനുഷ്യകുലത്തിന്റെ അധോഗതിയും പുരോഗതിയും അളക്കുന്ന മാർക്സിസവും മുതലാളിത്തവും മനസ്സിലാക്കാത്തതൊന്നും ഫെമിനിസവും മനസ്സിലാക്കുന്നില്ല; ഈ ആശയങ്ങൾക്കു നിരക്കാത്തതൊന്നും പെണ്ണിന്റെ ആവശ്യമായി ഫെമിനിസ്റ്റുകൾ അംഗീകരിക്കുന്നുമില്ല. സ്വകാര്യസ്വത്തിന്റെ സംരക്ഷണത്തിനുവേണ്ടി പുരുഷൻ രൂപം നൽകിയ ചൂഷണവ്യവസ്ഥയാണ് കുടുംബം എന്ന് കണ്ടുപിടിച്ച മാർക്സിന്റെ ചിന്തകളാണ് ഫെമിനിസത്തിന്റെ ആശയാടിത്തറ. അടിമത്തത്തിന്റെ മറ്റൊരു രൂപമാണ് വിവാഹമെന്ന് പറഞ്ഞുവെച്ച മാർക്സിസ്റ്റ് ആചാര്യൻ ഫ്രെഡറിക് ഏംഗൽസിന്റെ രചനകളിൽ നിന്നാണ് ഫെമിനിസത്തിന്റെ സ്ത്രീപക്ഷ ചിന്തകൾ പ്രാരംഭദശയിൽ വിശദമായി നിർധരിക്കപ്പെട്ടത്. ചൂഷണമെന്ന പേരിൽ മാത്രം മനുഷ്യബന്ധങ്ങളെ നിർവചിച്ചു പരിചയിച്ച മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികൾക്ക് സ്ത്രീയും പുരുഷനും സ്നേഹവും കാരുണ്യവും പങ്കുവെച്ചുകൊണ്ട് ആജീവനാന്തം ഒരു മേൽക്കൂരയ്ക്കു കീഴിൽ കഴിയുന്ന കുടുംബമെന്ന ആശയം ദഹനക്കേടുണ്ടാക്കുക സ്വാഭാവികമാണല്ലോ. ഒരു പാരസ്പര്യവുമില്ലാത്ത രണ്ടു വിപരീതധ്രുവങ്ങളായി ആണിനെയും പെണ്ണിനെയും അടയാളപ്പെടുത്തിയവർക്ക് കുടുംബത്തെ അംഗീകരിക്കാൻ കഴിഞ്ഞാലൊണല്ലോ, നാം അത്ഭുതപ്പെടേണ്ടത്! മാർക്സിസത്തേയും കമ്മ്യൂണിസത്തേയും അംഗീകരിച്ചാലും ഇല്ലെങ്കിലും അതിന്റെ ചൂഷണ വീക്ഷണ കോണിലൂടെ ലോകത്തെ നോക്കിത്തന്നെയാണ് സ്ത്രീ വിമോചന പ്രസ്ഥാനങ്ങളെല്ലാം ഇന്നും പ്രവർത്തിക്കുന്നത്.

സ്ത്രീക്കുവേണ്ടി ഇങ്ങനെ സമരം ചെയ്യുന്ന സ്ത്രീവാദികൾ പക്ഷേ, മുതലാളിത്തത്തിനു വേണ്ടിയാണ് തങ്ങൾ തൊണ്ടകീറി മുദ്രാവാക്യം വിളിക്കുന്നതെന്ന് അറിയാതെ പോവുന്നു. അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് കുടുംബത്തിന് പുറത്തേക്കുപോവുന്ന സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പറുദീസയാണെന്നു കരുതി പ്രവേശിക്കുന്നത് ചോരയും നീരുമൂറ്റുന്ന, ബുദ്ധിയും വിവേകവും പണയം വെപ്പിക്കുന്ന മുതലാളിത്ത തന്ത്രങ്ങൾക്കുള്ളിലേക്കാണ്. വർധിച്ച ഉത്പ്പാദനവും വിപണനവും മാത്രം ലക്ഷ്യം വെക്കുന്ന മുതലാളിത്തം സാമ്പത്തിക സ്വാതന്ത്ര്യമെന്നും വ്യക്തിത്വ വികസനമെന്നുമെല്ലാമുള്ള പേരുകളിൽ സ്ത്രീയെ കുടുംബത്തിന് പുറത്തെത്തിക്കുന്നത്, അവളുടെ രക്ഷകനായി സ്വയം അവരോധിക്കുന്നത്, വിശപ്പടക്കാൻ ജോലി ചെയ്യുകയെന്നതല്ലാത്ത മറ്റു വഴികളവൾക്കില്ലാതാക്കാനാണ്; ആവിഷ്കാര സ്വാതന്ത്ര്യമെന്ന പേരിൽ ശരീരത്തെ ലോകത്തിനുമുന്നിൽ തുറന്നിടേണ്ടതെങ്ങനെയാണെന്ന് അവളെ പഠിപ്പിക്കാനാണ്; ആസ്വാദനത്തിനു പുതിയ എളുപ്പവഴികൾ സൃഷ്ടിച്ച് പുരുഷന്റെ ആസക്തികൾക്കവളെ വിറ്റ് പണം വാരാനാണ് മുതലാളിത്തം കുടുംബം നശിപ്പിക്കുന്നത് അത് സ്ത്രീക്കേകുന്ന സംരക്ഷണം ഇല്ലാതാക്കാനാണ്. പുരുഷന്റെ അധ്വാനത്തിന്റെ ഫലങ്ങളാസ്വദിച്ചു ജീവിക്കുന്ന ബഹുഭൂരിപക്ഷം സ്ത്രീകളേയും കുടുംബത്തിനു പുറത്തുകൊണ്ടുവന്ന്, ആശ്രയമില്ലാത്തവരാക്കി പണിയെടുപ്പിക്കുകയെന്നതു തന്നെയാണ് മുതലാളിത്തത്തിന്റെ ലക്ഷ്യം. ആണിനൊപ്പം പെണ്ണും ജോലി ചെയ്യുമ്പോൾ ഉത്പാദനം വർധിക്കുന്നു; സ്ത്രീയും പുരുഷനും സമ്പാദിക്കുമ്പോൾ കമ്പോളത്തിൽ സാധനങ്ങൾക്കാവശ്യമേറുന്നു, മുതലാളിത്തത്തിന്റെ ആർത്തി തീരാത്ത കീശ ത്വരിതഗതിയിൽ വീർക്കുന്നു. സമൂഹത്തിന്റെ നല്ല പാതി വീട്ടിൽ കുഞ്ഞുങ്ങളെ പരിചരിച്ചിരുന്നാൽ അപ്രാപ്യമായേക്കുന്ന ഈ വക നേട്ടങ്ങളിൽ കണ്ണുവെച്ചു തന്നെയാണ് മുതലാളിത്തം ജോലി ചെയ്യാൻ സ്ത്രീയെ നിർബന്ധിക്കുന്നത്; പുറത്തിറങ്ങി ജോലി ചെയ്യാത്ത പെണ്ണിനെ ഒരു വിലയുമില്ലാത്തവളാക്കി ഇടിച്ചുതാഴ്ത്തുന്നത്.

ഉദാരലൈംഗികതയ്ക്കു മുതലാളിത്തം നൽകുന്ന അളവറ്റ പ്രോത്സാഹനത്തിന്റെ പിന്നിലെ ലക്ഷ്യവും മറ്റൊന്നല്ല. ഉദാരലൈംഗികത ആണിനെ ഒരു ഭർത്താവിന്റെ കടമകൾ വഹിപ്പിക്കുന്നില്ല. പെണ്ണിനെയോ മക്കളെയോ കരുതലോടെ

പോറ്റണമെന്ന് പുരുഷനോട് ആവശ്യപ്പെടുന്നില്ല. നിയമപരമോ സാമ്പത്തികമോ ശാരീരികമോ വൈകാരികമോ ആയ ഒരു സംരക്ഷണവും ലൈംഗികാസ്വാദന പ്രധാനമായ ഈ അത്യുദാരബന്ധം പ്രദാനം ചെയ്യില്ല എന്നതുകൊണ്ടുതന്നെ മുതലാളിത്തത്തിന്റെ കൂലിത്തൊഴിലാളിയോ വിൽപനച്ചരക്കോ ആവാതെ സ്ത്രീക്ക് ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാനാവില്ല. പെണ്ണിനെ പണിയെടുപ്പിക്കുകയും ആണിനെ പരമാവധി ആസ്വദിപ്പിക്കുകയും ചെയ്യുന്ന മുതലാളിത്തത്തിന്റെ സൃഗാലബുദ്ധിയുടെ സന്താനം തന്നെയല്ലേ സ്ത്രീകളെ കമ്പോളത്തിലേക്ക് വിമോചിപ്പിച്ചെടുക്കുന്ന ഫെമിനിസ്റ്റ് പ്രസ്ഥാനവും? സ്വന്തം ഇണയ്ക്കുമുമ്പിൽ ശരീരം സമർപ്പിക്കുന്നത് അടിമത്തവും നാട്ടിലെ മുഴുവൻ ആണുങ്ങൾക്കുമുമ്പിലും തുണിയുരിഞ്ഞാടുന്നത് സ്വാതന്ത്ര്യവുമെന്ന് പാടുന്ന മുതലാളിത്തത്തിനൊപ്പമല്ലേ താളം പിഴയ്ക്കാതെ ഫെമിനിസ്റ്റുകളും ഏറ്റുപാടുന്നത്? മുതലാളിത്തത്തിനു ഭീഷണിയില്ലാത്തിടത്തോളം കാലം സ്ത്രീകളുടെ വഴിവിട്ട ജീവിതത്തിനെതിരെ തങ്ങളുടെ ചെറുവിരലെങ്കിലും അനക്കാൻ ഫെമിനിസ്റ്റുകൾക്കു നിർദേശം ലഭിക്കുമെന്നു തോന്നുന്നില്ല. വഴിയിൽ തെളിക്കപ്പെടുന്ന ജീവിതമല്ല, വഴിവിട്ട ജീവിതമാണ് വിമോചനത്തിലേക്കും വികസനത്തിലേക്കുമുള്ള വഴിയെന്ന് നാടുനീളെ പ്രഘോഷിക്കാൻ തന്നെയാണ് മുതലാളിത്തം ഫെമിനിസത്തെ ഓമനിച്ചു വളർത്തുന്നത്. പരിശുദ്ധിയും പാതിവ്രത്യവും കാത്തുസൂക്ഷിക്കുന്നത് അപരിഷ്കൃതമാണെന്ന് മുതലാളിത്ത മസ്തിഷ്ക പ്രക്ഷാളനത്തിന്റെ ഫലമായി തെറ്റുധരിച്ചിട്ടുള്ള ഫെമിനിസ്റ്റുകൾ, സ്ത്രീ സ്വാതന്ത്ര്യ വർത്തമാനങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന ഒളിയമ്പിനെ കൂർമബുദ്ധി കൊണ്ടല്ലാതെ തിരിച്ചറിയാൻ കഴിയാത്ത ഭീതിതമായൊരു സാഹചര്യത്തിൽ തന്നെയാണ് തങ്ങളും പുലരുന്നതെന്ന് മനസ്സിലാക്കണം.



സ്ത്രീ ആരെന്നും യഥാർത്ഥ സ്ത്രീ വിമോചനമെന്തെന്നും അതു തേടുകയും നേടുകയും ചെയ്യേണ്ടതെങ്ങനെയെന്നും മനസ്സിലാക്കാതെ പോയതാണ് സ്ത്രീവാദികളുടെ അടിസ്ഥാന പിഴവ്. മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളെ അളവറ്റ് ആശ്രയിക്കുകയും കണ്ണടച്ച് പിന്തുടരുകയും ചെയ്യുന്നതുകൊണ്ടാണ് അത്യന്തം സ്ത്രീവിരുദ്ധമായ ആശയങ്ങളെ സ്ത്രീപക്ഷമെന്ന് തെറ്റുധരിച്ച് പിന്തുടരേണ്ടി വരുന്നത്. പരിപൂർണമായും വേറിട്ടു നിന്നുകൊണ്ടൊരസ്തിത്വ രൂപീകരണം സ്ത്രീക്കോ പുരുഷനോ സാധ്യമല്ലെന്നും പാരസ്പര്യത്തിൽ മാത്രം പൂർണത കൈവരിക്കാനാവുന്ന, ദൈവത്തിന്റെ സവിശേഷ സൃഷ്ടികളാണ് അവരെന്നും അറിഞ്ഞ് അംഗീകരിക്കാത്തതിനാലാണ് അവകാശങ്ങളെയും കടമകളെയും ചൊല്ലിയുള്ള അങ്ങാടിപ്പോരിന് നീതിയുക്തമായൊരു പരിഹാരം കാണാൻ ഫെമിനിസ്റ്റുകൾക്ക് സാധിക്കാത്തത്.

ആണിനേയും പെണ്ണിനേയും ഒരേ ആത്മാവിൽനിന്നു സൃഷ്ടിക്കുകയും അവരുടെ കഴിവുകളും കഴിവുകേടുകളും കടമകളും അവകാശങ്ങളുമെല്ലാം മറ്റാർക്കും കഴിയാത്ത ആഴത്തിൽ അറിയുകയും ചെയ്യുന്ന ലോക രക്ഷിതാവായ അല്ലാഹുവിന്റെ മാർഗത്തിൽനിന്നും വ്യതിചലിക്കുന്നവർക്കെല്ലാം ഉത്തരം കിട്ടാത്തൊരു സമസ്യയായി മാത്രമേ ജീവിത

ത്തെ ദർശിക്കാനാവുകയുള്ളു. വളച്ചുകെട്ടലുകളില്ലാതെ, വൈരുദ്ധ്യങ്ങളുടെ കൂട്ടിക്കലർത്തലുകളില്ലാതെ, ആണാരാണെന്നും പെണ്ണാരാണെന്നും തുറന്നുപറയുകയും അവർ എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും വ്യക്തമാക്കുകയും ചെയ്തുകൊണ്ടാണ് ഇസ്‌ലാം എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങൾക്കും തടയിടുന്നത്. അർഹിക്കുന്ന അവകാശങ്ങൾ ആണിനും പെണ്ണിനും അനുവദിച്ചു കൊടുത്തുകൊണ്ട് രണ്ടു സ്വതന്ത്ര വ്യക്തികളായി അവരെ അംഗീകരിക്കുന്നതോടൊപ്പം പരസ്പരമുള്ള കടമകൾ കൊണ്ട് അവരിരുവരെയും കൂട്ടിയിണക്കുക കൂടിയാണ് ദൈവികമതം ചെയ്യുന്നത്. സ്ത്രീ ഇരയാക്കപ്പെടാനുള്ള, പുരുഷനാൽ വേട്ടയാടപ്പെടാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുക വഴിയാണ് സ്ത്രീ സ്വാതന്ത്ര്യവും മാന്യതയുമെല്ലാം ഇസ്‌ലാം സംരക്ഷിക്കുന്നത്.

പൗരാണികവും ആധുനികവുമായ മതങ്ങളും ദർശനങ്ങളുമെല്ലാം പെണ്ണിനെ വെറുമൊരു ഭോഗവസ്തുവും പുരുഷാസ്വാദനത്തിനുള്ള കേവലോപാധിയുമായി ചുരുക്കാൻ മത്സരിക്കുന്നിടത്തുനിന്നാണ് സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി ഇസ്‌ലാം വാചാലമാകുന്നത്. സ്ത്രീയുടെ അവകാശ ധ്വംസനത്തിന് നേതൃത്വം കൊടുക്കാൻ എല്ലാ കാലത്തും പുരുഷാധിപത്യ ശക്തികൾ ശ്രമിക്കുമെന്നുള്ളതുകൊണ്ടാണ് ഏറിയ ജാഗ്രതയിൽ ഇസ്‌ലാമിക പ്രമാണങ്ങൾ പെണ്ണവകാശങ്ങളെക്കുറിച്ച് ആവർത്തിച്ചുണർത്തുന്നത്. സ്ത്രീ വിമോചനത്തിന്റെ നേർവഴിയാതെ നട്ടം തിരിയുന്ന ഫെമിനിസ്റ്റുകൾ വഴി തിരയേണ്ടത് മാനവർക്കു മുഴുവൻ മാർഗദർശനമായി അവതരിച്ച പരിശുദ്ധ ഖുർആനിലാണ്, വനിതകളുടെ വിമോചകനായ മുഹമ്മദ് നബി (സ) യുടെ അധ്യാപനങ്ങളിലാണ്. ജീവിക്കാൻ പോലും അവകാശമില്ലാതിരുന്ന അറേബ്യയിലെ സ്ത്രീകളെ ലോകർക്കു മുഴുവൻ മാതൃകയായ സ്വഹാബീ വനിതകളായി ഉയർത്തിയെടുത്ത പ്രവാചകന്റെ (സ) ജീവിതത്തിൽ തന്നെയാണ് സ്ത്രീവിമോചനത്തിന്റെ ഉത്തമ മാതൃക നാം അന്വേഷിക്കേണ്ടത്. സ്ത്രീക്ക് യാതൊരു വിധ സ്വാതന്ത്ര്യവും അനുവദിക്കേണ്ടതില്ലെന്ന മനുസ്മൃതിയിലെ പ്രഖ്യാപനവും ആദിപാപത്തിനു പ്രേരണ ചെലുത്തുക വഴി മനുഷ്യകുലത്തിന്റെ മുഴുവൻ കളങ്കങ്ങൾക്കും കാരണക്കാരി സ്ത്രീയാണെന്ന ക്രിസ്തുമത ദർശനവും ശരീരത്തിന്റെ നിമ്നോന്നതികളുടെ അളവെടുത്ത് മാത്രം സ്ത്രീയുടെ മൂല്യം കണക്കാക്കുന്ന മുതലാളിത്ത രീതിശാസ്ത്രവും പരിഗണിക്കാൻ മടിക്കുന്ന സ്ത്രീയുടെ വ്യക്തിത്വത്തെ അംഗീകരിക്കുന്ന മതമാണ് ഇസ്‌ലാം. പെണ്ണിനെ ഉപയോഗിച്ച് ആണിനെ മയക്കുന്ന കറുപ്പല്ല, അവളെ സംരക്ഷിക്കുമെന്ന പരിപൂർണ ഉറപ്പാണ് ഇസ്‌ലാം. പഠിക്കാനും ചിന്തിക്കാനും വിമർശിക്കുവാനും സമൂഹത്തിലിറങ്ങി പ്രവർത്തിക്കുവാനും സ്വത്തു സമ്പാദിക്കാനും അനന്തര സ്വത്തിന് അവകാശിയായിത്തീരാനും ഇണയെ തെരഞ്ഞെടുക്കുവാനുമെല്ലാമുള്ള അവകാശങ്ങൾ ഇസ്‌ലാം സ്ത്രീക്കേകുന്നു. വിമർശനങ്ങൾക്കവസരമില്ലാത്തവിധം സ്ത്രീക്കുവേണ്ടി ഇസ്‌ലാം നിലകൊണ്ടിട്ടും മുസ്‌ലിം സ്ത്രീകൾക്കുവേണ്ടി ചിലർ ഇപ്പോഴും പൊഴിക്കുന്ന കണ്ണീരിന് ഫലിക്കാതെ പോയ സാമ്രാജ്യത്തോപായങ്ങളുടെ നിറമാണ്.

സ്ത്രീ സുരക്ഷയ്ക്കെന്നും പറഞ്ഞ് മനുഷ്യമസ്തിഷ്കത്തിന്റെ പരിമിതികൾ പടച്ച നിയമങ്ങൾ ഒടുക്കമില്ലാത്ത ചൂഷണങ്ങൾക്കവളെ വിധേയയാക്കുകയോ താൻപോരിമയുടെ ഉത്തുംഗതയിലവളെ പ്രതിഷ്ഠിക്കുകയോ ചെയ്യാൻ മാത്രം ഉതകുന്നവയാണെന്നല്ലേ നമ്മുടെ അനുഭവങ്ങൾ തെളിയിക്കുന്നത്? പക്ഷം ചേർന്നുള്ള നിയമങ്ങളും വൈകാരികമായ കണക്കെടുപ്പുകളും പക്ഷം ചേരാതെ നീതി വിധിക്കുമെന്ന് പ്രതീക്ഷിക്കുന്നവർ തന്നെയല്ലേ വിഡ്ഢികൾ?!

ആശയത്തിലും പ്രവർത്തനത്തിലും തുലോം വ്യത്യസ്തമായ ഫെമിനിസ്റ്റ് ധാരകൾ ഉണ്ടായിക്കൊണ്ടിരിക്കുക എന്ന പ്രക്രിയ ഇനിയുമിനിയും തുടർന്നുകൊണ്ടിരിക്കും. മനുഷ്യസ്വത്വം തന്നെ പുതിയ നിർവചനങ്ങളിലേക്ക് ചേക്കേറുന്ന വർത്തമാനകാലത്ത് ട്രാൻസ് വനിതകളുടെ അവകാശങ്ങൾക്കു വേണ്ടിക്കൂടി പോരാടുന്ന ട്രാൻസ് ഇൻക്ലൂസീവ് ഫെമിനിസ്റ്റുകളും ട്രാൻസ് വനിതകളെ സ്ത്രീകളായി പരിഗണിച്ചുകൂടെന്ന് വാദിക്കുന്ന ജെൻഡർ ക്രിറ്റിക്കൽ ഫെമിനിസ്റ്റുകളും ഇപ്പോൾ തന്നെ വിരുദ്ധ ചേരികളിൽ അവകാശപോരാട്ടങ്ങളിലാണ്. പുതിയ സ്വത്വ പരികല്പനകളിൽ അടയാളപ്പെടുത്തപ്പെടുന്ന സ്ത്രീയുടെ ആവശ്യങ്ങളും അവകാശങ്ങളും പുതിയതായിത്തീരും. LGBTQA+ പ്രത്യയ ശാസ്ത്രങ്ങൾ സ്വപ്നം കാണുന്ന മഴവിൽ ലോകത്ത് ഏഴല്ല എഴുപതിനായിരം വൈവിധ്യങ്ങളിലാണ് പ്രശ്നങ്ങൾ കൊടിനാട്ടുക എന്നത് ഫെമിനിസത്തിന് ഇനിയും പല രൂപമാറ്റങ്ങളും ആവശ്യമായി വരുമെന്നതിന്റെ സൂചന കൂടിയാണ്. അന്ന് ഫെമിനിസത്തെ നിർവചിക്കുക എന്നത് ഇന്നത്തേതിനേക്കാൾ ബുദ്ധിമുട്ടേറിയ കാര്യമായിരിക്കും. എങ്ങനെ നിർവചിച്ചാലും സങ്കീർണതകളുടെ അറ്റമില്ലാത്ത കയങ്ങളിലേക്കാണ് അത് സ്ത്രീയെ കൈപിടിച്ച് ആനയിക്കുകയെന്ന് മനസ്സിലാക്കാൻ ഇതുവരെ നാം പഠിച്ച പാഠങ്ങൾ നമുക്ക് മതിയാവുകയില്ലെന്നോ?

●



ഉമ്മു കുൽസു

# സ്ത്രീ ഇതര ദർശനങ്ങളിൽ

എല്ലാ കാലഘട്ടത്തിലും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഭാഗമാണ് സ്ത്രീയും അവളുടെ അവകാശങ്ങളും അവളുടെ വിമോചനവും അവളുടെ ബാധ്യതയും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഏത് ദർശനമാണ് ഏതു മതമാണ് പൂർണ്ണമായ സ്വാതന്ത്രവും ഇല്ലാതെ അവളെ സമൂഹത്തിന്റെ മുന്നിൽ സ്ത്രീയുടെ മഹത്വം ഉയർത്തി കാണിച്ചത് എന്നതിനെക്കുറിച്ച് നാം പഠിക്കേണ്ടതുണ്ട്. വിമോചനത്തിന്റെ നിലവിളിയുമായി ഇന്നും ഇന്നലെകളിലുമായി നമുക്ക് മുന്നിൽ കടന്നു വന്നവരാണോ അതോ ദൈവീക ദർശനത്തിന്റെ മഹത്തായ നിയമങ്ങളാണോ അവളെ യഥാർത്ഥത്തിൽ വിമോചനത്തിലേക്ക് നയിച്ചത് ? .ഇന്ന് ഫെമിനിസത്തിന്റെ കുതിപ്പും അതിൻറെ സ്വാധീനവും മുസ്ലിം സ്ത്രീകളെയും അല്ലാത്തവരെയും എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഫെമിനിസം ആണ് സ്ത്രീയെ ഉയർത്തി കാണിച്ചതെന്ന് വളരെ സമർത്ഥമായി വാദിക്കാൻ ശ്രമിക്കുകയാണ് ഫെമിനിസ്റ്റ് ബുദ്ധി ജീവികളും മുതലാളിത്ത ആൺകോയ്മ വ്യവസ്ഥകളും. പെൺമനസ്സുകളിൽ സന്നിവേശിപ്പിച്ച ഒരു നിത്യയുണ്ട്: പെണ്ണേ, നീ പെണ്ണാണെന്നുള്ള ദർശനങ്ങളിൽ നിന്നുകൊണ്ട് നീ ജീവിച്ചാൽ മരണംവരെ നീ കൂട്ടിലിട്ട പക്ഷിയെ പോലെയാകും. ഈ മിഥ്യ മനസ്സുകളിൽ സന്നിവേശിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിന്റെ കയ്യടി വാങ്ങുന്നതിന് വേണ്ടി ഇസ്ലാമിൽ നിന്നും പുറത്തുപോയ സ്ത്രീകളെ മാധ്യമത്തിനു മുന്നിൽ കൊണ്ടുവരികയും സ്ത്രീ സ്വാതന്ത്ര്യം ഇല്ലായ്മയാണ് അവളെ അതിൽ നിന്നും പുറത്ത് ഇറക്കിയതെന്നും വളരെ സമർത്ഥമായി വാദിച്ചു കഴിഞ്ഞിരിക്കുന്നു.

സ്ത്രീയെ അധമത്തത്തിന്റെ അഗാധമായ ഗർത്തത്തിൽ നിന്നാണ് ഇസ്ലാം ഉയർത്തി കൊണ്ടുവന്നതെന്ന്. ഒരാൾക്കു മനസ്സിലാകണമെങ്കിൽ അവൾക്ക് വിവിധ

ദർശനങ്ങളിലും മതങ്ങളിലും ഉണ്ടായിരുന്ന സ്ഥാനം എന്തായിരുന്നുവെന്ന് നാം ഓരോരുത്തരും മന സ്സിലാക്കേണ്ടതുണ്ട്. പേർഷ്യൻ സംസ്കാരത്തിൽ ചന്തകളിൽ വിൽക്കപ്പെടുന്ന ചരക്കുകൾ ആയി മാറി സ്ത്രീ. പേർഷ്യക്കാരുടെ വിശ്വാസം അവൾ അടിമയും കുടുംബത്തിൽ യാതൊരു സ്ഥാനവും ഇല്ലാത്തവളായിരുന്നു. ഒരു വീട്ടുപകരണത്തിന്റെ വിലയെ അവൾക്ക് ഉണ്ടായിരുന്നുള്ളൂ. അവളെ ഒരു വിചാരണയും കൂടാതെ വധിക്കുവാൻ ഇവർ മടിച്ചില്ല. ആർത്തവ ഘട്ടങ്ങളിൽ മറ്റുള്ളവരുടെ ഒപ്പം കൂടിക്കലരാൻ അനുവദിച്ചിരുന്നില്ല. വീടിന്റെ പുറത്തുള്ള ചെറിയ കുടിലിൽ താമസിപ്പിച്ചു. അവൾക്ക് ഭക്ഷണം നൽകുന്ന സമയത്ത് അവളെ സ്പർശിച്ചുകൊണ്ടോ അവൾക്ക് ചുറ്റുമുള്ള വസ്തുക്കളുടെ സ്പർശനം മൂലമോ തങ്ങളുടെ ശരീരം മലിനമാകും എന്ന് കരുതി മൂക്കും വായയും എല്ലാം ശീലകൾ കൊണ്ട് മറച്ചു.

## ക്രൈസ്തവ സംസ്കാരത്തിൽ

സാത്താന്റെ കവാടം ആണെന്നും അവളുടെ ഭംഗി കണ്ട് ലജ്ജിക്കേണ്ടതാണെന്നും കുഴപ്പത്തിനും പ്രലോഭനതിനുമുള്ള പിശാചിന്റെ ആയുധവും അവൾ നരക കവാടം ആണെന്നും അവർ വാദിച്ചു. ചെകുത്താന്റെ പ്രതിരൂപമാണ് പെണ്ണ് എന്ന ചിന്ത അവരുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിച്ചു. " സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് നല്ലത് quot; (1.കോരിന്ത്യർ 7:1) ഹൈന്ദവ സംസ്കാരത്തിൽ, ഭാരതത്തിൽ നിലനിന്നിരുന്ന ക്രൂരമായ ഒരു ആചാരമായിരുന്നു സതി. ഭർത്താക്കന്മാർ മരിച്ചാൽ അവരുടെ ചിതയിൽ ചാടി വിധവകൾ മരിക്കണം എന്നായിരുന്നു നിയമം. സതി അനുഷ്ഠിക്കാത്ത വിധവകൾ തലമൊട്ടയടിച്ചു സമൂഹത്തിൽ ഒറ്റപ്പെട്ട് കഴിയണം എന്നായിരുന്നു ആർഷഭാരതത്തിൽ നിലനിന്നിരുന്ന നിയമം. യൗവന പ്രായത്തിൽ അവൾ വിധവയായാൽ പുനർവിവാഹത്തിന് അവകാശമില്ല. ഭർത്താവ് വേശ്യാവൃത്തി ചെയ്യുന്നവൻ ആണെങ്കിൽ പോലും അയാളെ ദൈവതുല്യം പരിഗണിക്കണം. നേരെ മറിച്ച് വേശ്യവൃത്തി ചെയ്യുന്നത് സ്ത്രീയാണെങ്കിൽ പ രസ്യമായി പട്ടികൾക്ക് കടിച്ചു കീറാനായി എറിഞ്ഞു കൊടുക്കണം. സ്ത്രീക്ക് സ്വത്തവകാശമില്ല. പു രുഷനേക്കാൾ പകുതി ആയിരിക്കും അവളുടെ അധ്വാനത്തിന്റെ കൂലി.

## ഹമുറാബി സംസ്കാരത്തിൽ

ബാബിലോണിയയിൽ ഉണ്ടായിരുന്ന ഹമുറാബി സംസ്കാരത്തിൽ അവൾ കാലികളുടെ സ്ഥാന ത്താണ്. സ്ത്രീ സ്ഥാനം എന്തെന്നറിയണമെങ്കിൽ അവരിൽ ഒരാളുടെ പെൺകുട്ടിയെ ഒരുവൻ കൊന്നാൽ കൊന്നവനെ കൊല്ലുന്നതിനു പ കരം അയാളുടെ മകളെ കൊല്ലുമായിരുന്നു. പ തിനെട്ടാം നൂറ്റാണ്ടിൽ പുരുഷന്മാർ സ്ത്രീകളെ വിൽക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. 1930 ൽ അത് നിരോധിക്കുന്നത് വരെ ഈ അരാജകത്വം തുടർന്നു പോന്നു.

## പാശ്ചാത്യൻ സംസ്കാരത്തിൽ

വിവാഹത്തിനും വിവാഹമോചനത്തിനും അവിടെ ആവശ്യം ഉണ്ടായിരുന്നു. കാരണം നല്ലൊരു കുടുംബവ്യവസ്ഥ അവർ കാംക്ഷിച്ചിരുന്നില്ല. അവളുടെ വ്യക്തിത്വവും ഉദ്ദേശവും നഷ്ടപ്പെട്ടു കൊണ്ടിരുന്നു. കേവലം ലൈംഗികബന്ധവും കാമ പൂർത്തീകരണവും മാത്രമായിരുന്നു അവരുടെ താൽപര്യം. തന്തയും തള്ളയും ആരെന്നറിയാത്ത കുട്ടികളും ജനിച്ചു കൊണ്ടിരുന്നു. സ്നേ ഹം തടയപ്പെട്ട കുട്ടികളെ അവൾ ചുമലിൽ ഏറ്റേണ്ടി വരുന്നു .പാശ്ചാത്യ വനിത ഇന്ന് വേദനകളുടെയും കഷ്ടപ്പാടിന്റെയും ചുഴിയിൽ വട്ടം കറങ്ങിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ മുതലാളിത്തത്തിലും മാർക്സിസത്തിലും ഇ. എം. സ്. ചോദ്യങ്ങൾക് മറുപടി, ചിന്ത വാരിക 1983 ന വംബർ 25, ൽ എഴുതി മത വ്യത്യാസമില്ലാതെ സ്ത്രീ പുരുഷന്മാരെല്ലാം അവരവർക്ക് പറ്റുന്ന ജോലിയിലും ഉദ്യോഗത്തിലും ഏർപ്പെടുക. ഇഷ്ടമുള്ള ഇണയെ തിരഞ്ഞെടുത്ത് ഇഷ്ടമുള്ള കാലത്തോളം ജീവിക്കുക. മടുക്കുമ്പോൾ വിവാഹമോചനം നടത്തി പുതിയ ഇണയെ കണ്ടെത്തി മറ്റൊരു ദാമ്പത്യ ബന്ധത്തിൽ ഏർപ്പെടുക. ഈ സ്ഥിതി കൈവരുന്നതിന് വേണ്ടിയാണ് ആധുനിക ജനാധിപത്യവും സോഷ്യലിസവും പ്രവർത്തിക്കുന്നത്. മുതലാളിത്തം സ്ത്രീയെ വെറും ഉപഭോഗ വസ്തുവായി കാണുകയും അതിലേക്ക് ഇറങ്ങുന്നതിനു വേണ്ടി അവളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അവളുടെ പ്രയാസങ്ങളും പ്രശ്നങ്ങളോ അവർക്ക് അറിയേണ്ടതില്ല. അവളുടെ മാംസം കച്ചവടം ചെയ്യുന്നതിൽ അവർ വിജയിച്ചു കഴിഞ്ഞിരിക്കുന്നു.

ലിംഗത്തിന് അടിസ്ഥാനത്തിലുള്ള വിവേച നത്തെ ഖുർആൻ അംഗീകരിക്കുന്നില്ല. സ്ത്രീപു രുഷസമത്വം എന്ന വാദത്തെ അത് നിരാ കരിക്കുകയും ചെയ്യുന്നു. സ്ത്രീ പുരുഷന് സമമോ പുരുഷൻ സ്ത്രീക്ക് സമമോ ആക്കാൻ കഴിയുകയില്ല. അങ്ങനെ ആക്കുവാൻ ശ്രമിക്കുന്നത് മനുഷ്യ പ്രകൃതിക്ക് എതിരാണ്. അത് പ്രകൃതി വിരുദ്ധവുമാണ്. രണ്ടുപേരുടെയും സൃഷ്ടാവിനാണ് അവരുടെ പ്രകൃതിയെ കുറിച്ച് നന്നായി അറിയുക. പടച്ച തമ്പുരാൻ നിർദ്ദേശിക്കുന്ന ധാർമിക വ്യവസ്ഥ ഒരിക്കലും തന്നെ ഒരു വിഭാഗത്തിന്റെ ആധ്യപത്യത്തിനും മറ്റ് വിഭാഗത്തിന്റെ അധ പതനത്തിനും ഒരിക്കലും നിമിത്തം ആകില്ല എന്നാണ് ഖുർആനിലേക്കും ഹദീസുകളിലും നോക്കിയാൽ കാണാൻ സാധിക്കുക. പുരുഷൻ

ആകട്ടെ സ്ത്രീ ആകട്ടെ ആർ സത്യവിശ്വാസി ആയിക്കൊണ്ട് സൽകർമ്മം ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ് അവരോട് ഒരു തരിമ്പും അനീതി കാണിക്കപെടുന്നതല്ല. (4:124) ലോകത്തിലുള്ള മുഴുവൻ സത്യവിശ്വാസികൾക്കും മാതൃകയായി ഖുർആൻ എടുത്തു കാണിച്ച രണ്ട് മഹിളാരത്നങ്ങൾ ഉണ്ട്. ഒന്ന് ഫിർഔനിനെ ഭാര്യ ആസിയ ബീവിയും ഈസാ നബിയുടെ മാതാവ് മറിയവും ആണ് അവർ. സ്ത്രീക്ക് ഇസ്ലാം അനുവദിച്ച, നേടിക്കൊടുത്ത മഹത്വം അറിയണമെങ്കിൽ അവളുടെ അവസ്ഥ എന്താണെന്ന് അറിയണം. ജീവിക്കാനോ, അനന്തരാവകാശത്തിനോ അവകാശമില്ലാത്ത ഇരുട്ടറകളിൽ ജീവിതം നയിക്കേണ്ടി വന്നവർ, ജനിച്ചത് പെൺകുഞ്ഞ് ആണെന്ന് അറിഞ്ഞാൽ ഒരു മടിയും കൂടാതെ കുഴിച്ചുമൂടുന്ന സമ്പ്രദായം. ഇത്തരം ഒരു സാഹചര്യത്തിലാണ് സ്ത്രീകളുടെ അവകാശത്തെ കുറിച്ച് ഖുർആൻ സംസാരിക്കുന്നത് . സ്ത്രീകൾക്ക് ബാധ്യത ഉള്ളതുപോലെ തന്നെ ന്യായമായ അവകാശങ്ങളും ഉണ്ട്. (2:228) ജീവിക്കാനും പഠിക്കുവാനും ചിന്തിക്കാനുമുള്ള അവകാശം നൽകി ജീവിക്കാനുള്ള അവകാശം (16:59,81:9) സ്വത്ത് അവകാശം (4:32) അനന്തരാവകാശം ( 4: 7) ഇണയെ തിരഞ്ഞെടുക്കുവാനുള്ള അവകാശം വിവാഹമോചനത്തിനുള്ള അവകാശം (4: 4 ) സാമൂഹ്യ പ്രവർത്തനത്തിന് പങ്കെടുക്കാനുള്ള അവകാശം വിമർശിക്കാനുള്ള അവകാശം. പ്രവാചകനോട് തർക്കിച്ച സഹാബി വനിതയുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം ആയിട്ടാണ് സൂറത്തുൽ മുജാദിലയിൽ ആദ്യ വചനങ്ങൾ അവതരിപ്പിക്കുന്നത്. സ്ത്രീയും പുരുഷനും എല്ലാ അർത്ഥത്തിലും തുല്യരാണ് എന്നുള്ള തത്വം ഇസ്ലാം മുന്നോട്ട് വെക്കുന്നില്ല. ഓരോരുത്തർക്കും അവരുടേതായ സ്ഥാനമുണ്ട്. ഇസ്ലാം മുന്നോട്ട് വെക്കുന്ന നിയമനിർദേശങ്ങൾ മാത്രമാണ് ആത്യന്തികം സ്ത്രീക്കും പുരുഷനും ഏറെ ഗുണകരം.

ഇന്ന് സ്ത്രീ വെറും ഉപഭോഗത്തിനും, പുരുഷന് രസിക്കാനുള്ള ഒരു കളിപ്പാട്ടമായി കഴിഞ്ഞിരിക്കുന്നു. സ്ത്രീ സ്വാതന്ത്ര്യത്തിന് തെളിവായി ചൂണ്ടിക്കാണിക്കുന്നത് പാശ്ചാത്യൻ വനിതകളെ ആണ്. നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠനങ്ങൾ ഒന്നും മലയാളികളുടെ കൈയിൽ എത്തുന്നില്ല. ഇന്നും ഇന്നലെകളിലുമായി ഇസ്ലാമിന്റെ അധ്യാപനങ്ങളെ വളച്ചൊടിച്ച്, സ്ത്രീകളെപ്പറ്റി ഇസ്ലാം പറയുന്ന കാര്യങ്ങളൊക്കെ തന്നെ സ്ത്രീവിരുദ്ധമാണെന്ന് ലോകത്തോട് ഉറക്കെ വിളിച്ചു പറയുന്ന ആൺബുദ്ധിയും അതിനെ നെഞ്ചിലേക്ക് ഏറ്റുപിടിച്ചു സ്വാഗതം ചെയ്യുന്ന പെൺ ദുർബലതയും ആണ് നാം കാണുന്നത്.

ഫെമിനിസം സ്ത്രീ ശാക്തീകരണം ആയിരുന്നു മുന്നിൽ കണ്ടതെങ്കിൽ, ലൈംഗികമായി ആക്രമിക്കപ്പെട്ടു ശരീരം പിച്ചിച്ചീന്തി തെരുവിലേക്ക് എറിയപ്പെട്ട വരെ കുറിച്ചോ സ്ത്രീധനത്തിന് പേരിൽ ജീവനൊടുക്കിയവരെ കുറിച്ചോ ആവലാതിപ്പെട്ട് അവരെ സംരക്ഷിക്കാനുള്ള ധൈര്യം ഈ മാംസ ക്കച്ചവടക്കാർ കാണിച്ചിട്ടുണ്ടോ? വിമോചനം, വിമോചിതം എന്ന് അലമുറയിട്ടു വലിച്ചിഴച്ചത് മാത്രം ബാക്കി. വിമോചനം, വിമോചിതം എന്നീ പദങ്ങളുടെ അർത്ഥം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മാർക്സ് പറഞ്ഞു :കുടുംബത്തിന്റെ നിരോധനം അഥവാ തകർച്ച എന്നത് മനുഷ്യന്റെ സാമൂഹിക കാരണമാണ് (Islam between east and west) ഫ്രഞ്ച് നോവലിസ്റ്റും സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെ വക്താവും (The second sex) ന്റെ കർത്താവുമായ സിമോൻ ദ ബുവ്വ പറഞ്ഞു എന്ന മിഥ്യ, മാതൃ പ്രേരണയെന്ന മിഥ്യ ഇവ നശിപ്പിക്കാത്ത കാലത്തോളം സ്ത്രീ അടിമയായി തീരും. ഇതിൽ നിന്നും ഒക്കെ നാം മനസ്സിലാക്കേണ്ടത് എന്താണ്? മുതലാളിത്വവും ഫെമിനിസവും മുന്നോട്ട് വെക്കുന്നത് സ്ത്രീ ശാക്തീകരണമോ അതോ സ്ത്രീ കച്ചവടമോ ? തീർച്ചയായും ഇന്നത്തെ സ്ത്രീ പുത്തനാശയങ്ങളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അജണ്ട സ്ത്രീ മാംസ കച്ചവടം തന്നെയാണ് അത് സംശയം തന്നെയില്ല. പുരുഷാധിധിഷ്ഠിതമായ സമൂഹ വ്യവസ്ഥകൾക്കോ നിയമങ്ങൾക്കോ അവളുടെ അവകാശവും സാധ്യതയും നേടിക്കൊടുക്കാൻ ഒരിക്കലും സാധ്യമല്ല.



# ബാബരി
# മാത്രമാണ് നീതി.!

**ഓർമകൾക്ക് മരണമില്ലാത്ത മനുഷ്യഹൃദയങ്ങളിൽ**
**ബാബരി എന്നും ജീവിക്കും.**



# ജാതിവെറിയാൽ മുറിവേറ്റവരുടെ ജീവിതം

## മലയാള സാഹിത്യത്തിൽ



അംജദ് അമീൻ കാരപ്പുറം

ഓരോ സാഹിത്യ രചനക്കും വ്യക്തമായ ലക്ഷ്യവും കാഴ്ചപ്പാടുകളുമുണ്ടാവും. ഒരു സാഹിത്യ രചനയും വെറുതെ ജനിക്കുന്നുമില്ല. അതുകൊണ്ടു തന്നെയാണ് വ്യത്യസ്ത കാലഘട്ടങ്ങളിൽ എഴുതപ്പെട്ട കൃതികൾ പരിശോധിക്കുമ്പോൾ അന്നത്തെ സാമൂഹികവും സാംസ്കാരികവുമായ ഒരു നേർചിത്രം നമുക്ക് ലഭിക്കുന്നതും. വംശീയമായും ലിംഗപരമായും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ നിന്ന് എഴുതപ്പെട്ട ഒരുപാട് മികച്ച രചനകളുണ്ട്. ജനനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അരികുവൽക്കരിക്കപ്പെട്ട ഒരുപാടാളുകളുണ്ട്. അവർക്കിടയിൽ നിന്ന് ഉയർന്നുവന്ന തുല്യനീതിക്കും സമത്വത്തിനും വേണ്ടിയുള്ള സാഹിത്യ ശബ്ദങ്ങളാണ് ദളിത് സാഹിത്യം, കീഴാള സാഹിത്യം എന്നെല്ലാം അറിയപ്പെടുന്നത്. പുതിയകാലത്ത് ദളിതർ ഒരു പ്രത്യേക വർഗമെന്നതിനപ്പുറത്തേക്ക് ഡിപ്രസ്സ്ഡ് ക്ലാസ്സ്(അധഃകൃത വർഗം) എന്നതിന്റെ നേർ വിവർത്തനമായി മാറിയിരിക്കുന്നു. അഥവാ, എല്ലാവിധ ചൂഷണങ്ങളെയും അടിച്ചമർത്തലുകളെയും അകറ്റിനിർത്തലുകളെയും എതിർക്കുന്നവന്റെ പൊതുവായ പേര്.

കീഴാളൻ, താഴ്ന്ന ജാതി, ദളിതൻ തുടങ്ങിയ വ്യവഹാരങ്ങൾ കൊണ്ട് മുഖ്യധാരാ പൊതുബോധം അഭിസംബോധന ചെയ്യുന്ന വിഭാഗങ്ങൾ, തങ്ങൾ നേരിടുന്ന സാമൂഹിക വെല്ലുവിളികൾ, കഷ്ടപ്പാടുകൾ, തങ്ങളുടെ ചരിത്രം, സംസ്കാരം, സമരം, രാഷ്ട്രീയം തുടങ്ങിയ പ്രമേയങ്ങൾ ഉൾപ്പെടുത്തി രചിക്കുന്ന എല്ലാ കൃതികളെയും ദളിത് സാഹിത്യം എന്നു പറയാം. ലോകത്തിന്റെ ഏതു കോണിലും മനുഷ്യൻ അടിമയാക്കപ്പെടുന്ന വ്യവസ്ഥകളെ എതിർക്കുന്നവനാണ് ദളിത് സാഹിത്യകാരൻ. കീഴാളന്റെ ജീവിത പരിസരങ്ങൾ പ്രമേയമാക്കി ആ

വിഭാഗത്തിന് പുറത്തുള്ളവർ രചിച്ചതും, ദളിതൻ ദളിതനു വേണ്ടി തന്നെ രചിച്ചതുമായ ഒരുപാട് സാഹിത്യ കൃതികൾ നമ്മുടെ ഭാഷയിലുണ്ട്. അത്തരം കൃതികളിലേക്കുള്ള ഒരു എത്തിനേ ാട്ടമാണ് ഈ എഴുത്ത്.

### ജാതിക്കുമ്മി

''പശുക്കളെയടിച്ചാലുടമസ്ഥൻ തടുത്തിടും, പുലയരെയടിച്ചാലൊരുവനില്ല...'' 1912 ൽ ജാതിവ്യവസ്ഥകൾക്കെതിരെ ശക്തമായ പ്ര തികരണമായി പുറത്തുവന്ന പണ്ഡിത് കെ. പി. കറുപ്പന്റെ ജാതിക്കുമ്മിയിലെ വരികളാണ്. അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ ദുരിതം വരച്ചുകാട്ടുന്ന രചന. 141 പാട്ടുകളാണ് ജാതിക്കുമ്മിയിലുള്ളത്. ആതിശങ്കരന്റെ അനു ഭവത്തെ പരാമർശിച്ചാണ് ജാതിക്കുമ്മി ആരംഭിക്കുന്നത്. ശിവനെ തൊഴാൻ പോകുന്ന ശങ്കരാചാര്യർക്ക് പറയ സമുദായത്തിൽപ്പെട്ട രണ്ടുപേർ മാർഗ്ഗതടസം ഉണ്ടാക്കുന്നു. തുടർന്നുള്ള സംസാരങ്ങളാണ് ജാതിക്കുമ്മിയുടെ പ്രമേയം.

സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പി ഴുതെറിഞ്ഞാൽ മാത്രമേ പുരോഗതി സാധ്യമാവൂ എന്നുറക്കെ പറഞ്ഞുകൊണ്ടാണ് കൃതി അവസാനി ക്കുന്നത്. സവർണ്ണ മേധാവിത്വത്തെയും അതിന്റെ നിലപാടുകളെയും പ്രതിസ്ഥാനത്തു നിർത്തി നി രന്തരം ചോദ്യം ചെയുന്ന വരികൾ രചനയിലുടനീ ളം കാണാം. ഇക്കാണും ലോകങ്ങളീശ്വരന്റെ മക്കളാണെല്ലാമൊരു ജാതി... നീക്കിനിറുത്താമോ സമസൃഷ്ടിയെ...? ദൈവം നോക്കിയിരിപ്പില്ലേ യോഗപ്പെണ്ണേ...?! തീണ്ടൽ ധിക്കാരമല്ലയോ ജ്ഞാനപ്പെണ്ണേ...?! എന്ന് അദ്ദേഹം പാടുന്നുണ്ട്.

ജാതി വ്യവസ്ഥക്കെതിരെ ശബ്ദിച്ചുകൊണ്ട് കുമാരനാശാൻ രചിച്ച ഖണ്ഡകാവ്യമായിരുന്നല്ലോ ദുരവസ്ഥ. എന്നാൽ അതിനും ഒരു ദശാബ്ദം മുന്നേ രചിക്കപ്പെട്ടു എന്നതാണ് ജാതികുമ്മിയുടെ പ്ര ത്യേകത. ''കാളിയരയത്തി പെറ്റതല്ലേ കേളിയേറും വ്യാസമാമുനിയേ... നാളിക നേത്രയേ ശന്തനു രാജാവും വേളി കഴിച്ചില്ലേ യോഗപ്പെണ്ണേ!... അത്ര കോളാക്കിയോ തീണ്ടൽ ജ്ഞാനപ്പെണ്ണേ...?!'' തുടങ്ങിയ വരികളിലൂടെ ജാതി സമൂഹത്തിൽ തീർക്കുന്ന അകലങ്ങൾക്കെതിരെ കെ. പി കറുപ്പൻ ശബ്ദിച്ചു. ജാതി ധിക്കാരമല്ലയോ എന്ന ചോദ്യത്തിലൂടെ സവർണാധികാരത്തെ അദ്ദേഹം തച്ചുടച്ചു.

### പുല്ലേലിക്കുഞ്ചു

മലയാള സാഹിത്യത്തിലെ ആദ്യകാല നോവലുകളിൽപ്പെട്ട ഒന്നാണ് ആർച്ച് ഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചു. 1882 ൽ പു റത്തിറങ്ങിയ നോവൽ കേരളത്തിലെ പ ഴയകാല സാമൂഹിക യാഥാർഥ്യങ്ങളും, കീഴാള ജീവിത പ്രശ്നങ്ങളും വ്യക്തമായി വരച്ചിടുന്നു. ദളിത് പക്ഷത്തു നിന്നുള്ള രചന എന്ന നിലയിൽ മലയാളത്തിലെ ആദ്യ ദളിത് സാഹിത്യമായും ഇത് പരിഗണിക്കപ്പെടുന്നു. ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ കേരളീയ സാമൂഹിക പരിസരങ്ങളിലെ കീഴാള സാംസ് കാരിക മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്ന കൃതിയാണ് പുല്ലേലിക്കുഞ്ചു. മൂന്നു ഭാഗങ്ങളായി വേർതിരിക്കപ്പെട്ട നോവലിന്റെ ആദ്യഭാഗത്താണ് ജാതിഭേദത്തെക്കുറിച്ച് പറയുന്നത്.

നോവലിലെ ഒരു ഭാഗം: ''ഞങ്ങളെ കണ്ട ഉടനെ കടുവയെ കണ്ട പശുക്കളെപ്പോലെ




എല്ലാം കൂടെ വിരണ്ടും നിലവിളിച്ചും കൊണ്ടു തിരിച്ചുഓടി. പിടിച്ചോളിൻ എന്ന് ഭട്ടേരി കല്പി ച്ചു. പപ്പു മുതൽ പേരും പിറകേ എത്തി. ആ പു ലയരിൽ എട്ടൊൻപതുമാസം ഗർഭമുള്ള പുലയി ഉണ്ടായിരുന്നു. അവളും ചില കിടാങ്ങളും പി റകായിപ്പോയി. അടിയോട്ടിൽ പപ്പു ഓടിച്ചെന്ന ചെലവിൽ ഒരു പുലയക്കിടാവിനെ തൂക്കിയെടുത്തു ആ പുലയിയുടെ പുറത്തടിച്ചു. അതിനോടെ അവർ വയറും തല്ലി കവിന്നുവീണു. ഉടനെ പ്ര സവവും കഴിഞ്ഞു.... ശേഷം പുലയരിൽ കൈയ്യിൽ കിട്ടിയതിനെ ഒക്കെ അവർ നുറുങ്ങെ നല്കി. നാ ലഞ്ചുകിടാങ്ങളെ എടുത്ത് കാട്ടിലേക്ക് എറിഞ്ഞു. ചുമടു ഇട്ടും കളഞ്ഞു ഓടിപ്പോയവരെ മാത്രം പിടികിട്ടിയില്ല. അവരുടെ നെല്ലെല്ലാം പപ്പുവും

കൂട്ടരും തട്ടിത്തൊഴിച്ച് കാട്ടിൽ ചീന്തിക്കളഞ്ഞു.''

## തോട്ടിയുടെ മകൻ

മൂന്നു തലമുറകളിലൂടെ തോട്ടികളുടെ ദുരന്തകഥ പറയുന്ന നോവലാണ് തകഴി ശിവശങ്കരപ്പിള്ളയുടെ തോട്ടിയുടെ മകൻ. 1947 ൽ പ്രസിദ്ധീകരിക്കപ്പെട്ട നോവൽ, സമൂഹം അറപ്പോടെ കണ്ടിരുന്ന ഒരു വിഭാഗമായിരുന്ന തോട്ടികളും മനുഷ്യരാണെന്ന് ബോധ്യപ്പെടുത്താനും, തൊഴിലാളി വർഗത്തിന്റെ ദുരിതജീവിതം തുറന്നുകാട്ടാനും സഹായകമായി. ഇശുക്കുമുത്തു, മകൻ ചുടലമുത്തു, അയാളുടെ മകൻ മോഹനൻ എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. തോട്ടിയായിരുന്ന തന്റെ പണിയായുധങ്ങൾ മകന് നൽകി ഇശുക്കുമുത്തു മരിക്കുന്നു.

തന്റെ വരും തലമുറയെങ്കിലും തോട്ടികൾ ആവരുതെന്നും, തനിക്ക് ജനിക്കുന്ന മകൻ മോഹനൻ സമൂഹത്തിൽ എല്ലാ അംഗീകാരങ്ങളോടെയും തന്നെ വളരണമെന്നും ചുടലമുത്തു ആഗ്രഹിച്ചു. പക്ഷേ തോട്ടി വർഗ്ഗത്തോടുള്ള സമൂഹത്തിന്റെ അടങ്ങാത്ത വെറുപ്പ് മൂന്നാം തലമുറയിലും ആ കുടുംബത്തെ മുറിവേൽപ്പിച്ചു. മോഹനന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. ചെല്ലുന്നിടത്തെല്ലാം അവൻ പരിഹാസ കഥാപാത്രമായി. മോഹനൻ എന്ന പേരിനോട് കൂടെ തോട്ടി എന്ന് ചേർത്ത് വിളിച്ച് സമൂഹം അവനെ മോഹനൻ തോട്ടിയാക്കി. അധികാര വർഗ്ഗത്തിന് നേരെ അടിച്ചമർത്തപ്പെട്ടവരുടെ കൈകൾ ഉയരുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

## മലയാള സാഹിത്യത്തിലെ ദളിത് ജീവിതങ്ങൾ ഒറ്റനോട്ടത്തിൽ

ദളിത് ജീവിതങ്ങളുടെ നിസ്സഹായത പ്രമേയമാവുന്ന തകഴിയുടെ വെള്ളപ്പൊക്കത്തിൽ, തന്റെ തമ്പ്രാനുവേണ്ടി ജീവൻ കളഞ്ഞും പണിയെടുക്കുന്ന ചാത്തന്റെ ജീവിതം ആവിഷ്കരിക്കുന്ന പൊൻകുന്നം വർക്കിയുടെ ചാത്തന്റെ മകൾ, ജന്മി കുടിയാൻ ബന്ധത്തിന്റെ ഉച്ചനീചത്വങ്ങൾ തുറന്നു കാട്ടുന്ന എസ്. കെ പൊറ്റക്കാടിന്റെ വിപ്ലവബീജം, സാമൂഹ്യ വ്യവസ്ഥയിലെ അസമത്വങ്ങൾ വിളിച്ചോതുന്ന ഉറൂബിന്റെ കൂമ്പെടുക്കുന്നു മണ്ണിൽ, ലളിതാംബിക അന്തർജനത്തിന്റെ മാണിക്യൻ, കോവിലന്റെ മരണമില്ലാത്ത മനുഷ്യൻ, കമലാ സുരയ്യയുടെ പുലിവേട്ട തുടങ്ങിയ കഥകളിലെല്ലാം ദളിത് ജീവിതം അവതരിപ്പിക്കപ്പെടുന്നുണ്ട്.

എം. ടി. വാസുദേവൻ നായരുടെ ഒടിയൻ, എം. പി. നാരായണപ്പിള്ളയുടെ മുരുകൻ എന്ന പാമ്പാട്ടി, പി വത്സലയുടെ എരണ്ടകൾ, എൻ. എസ് മാധവന്റെ പുലപ്പേടി, സാറാജോസഫിന്റെ വിയർപ്പടയാളങ്ങൾ, കെ. പി. രാമനുണ്ണിയുടെ ജാതി ചോദിക്കുക, എസ്. ഇ. ജെയിംസിന്റെ പുതുമഴയിൽ, രേഖാരാജിന്റെ ഞാറ്, എം. സി .മനോജിന്റെ വേവുകയാണ് എല്ലാം തുടങ്ങിയ കഥകളിലും ദളിത് ജീവവിതങ്ങൾ കാണാം.

ഇതിനെല്ലാം പുറമെ പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങൾ തുറന്നു കാട്ടുന്ന ഒട്ടനവധി രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ദളിതനുഭവങ്ങൾ ദളിതർ തന്നെ എഴുതാൻ തുടങ്ങിയപ്പോഴാണ് കാര്യങ്ങൾക്ക് കൂടുതൽ വ്യക്തത വന്നത് എന്നു പറയാം. സ്വന്തം ജനതയുടെ വിമോചനം ലക്ഷ്യമാക്കി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ ധാരാളം ദളിത് എഴുത്തുകാർ സ്ഥാനം പിടിച്ചിട്ടുണ്ട്. കവിയൂർ മുരളി, കല്ലറ സുകുമാരൻ, ടി. എച്ച്. പി ചെന്താരശ്ശേരി, പോൾ ചിറക്കരോട്, സി. അയ്യപ്പൻ, ബേബി തോമസ്, കെ. കെ കൊച്ച്, കെ. കെ. എസ് ദാസ്, എസ്. ജോസഫ്, എം. ബി മനോജ്, ഏലിക്കുളം ജയകുമാർ, എം. ആർ രേണുകുമാർ, കെ. ആർ സജിത, രേഖാരാജ് എന്നിങ്ങനെ ദളിത് എഴുത്തുകാരുടെ ഒരു നീണ്ട നിര തന്നെ ദളിത് സാഹിത്യമണ്ഡലത്തെ സവിശേഷമാക്കുന്നുണ്ട്.

ഒരു സമുദായത്തിന്റെ വൃത്തത്തിന് പുറത്തു നിന്ന് അതിനെ വീക്ഷിച്ച്, താൻ ഇന്നേവരെ നേരിട്ട് അനുഭവിക്കാത്ത കാര്യങ്ങൾ എഴുതാൻ ശ്രമിക്കുമ്പോൾ അത് എത്രത്തോളം സ്വീകാര്യമാവും എന്ന ചോദ്യം പ്രസക്തമാണ്. സവർണനെഴുതിയ സാഹിത്യങ്ങളിൽ മാത്രം അടയാളപ്പെടുത്തിയിരുന്ന ദളിതവസ്ഥകൾ ദളിതർ തന്നെ ആവിഷ്കരിക്കാൻ തുടങ്ങിയപ്പോൾ അതുവരെ മനസ്സിലാക്കിയ പലതും തെറ്റാണെന്ന് നാം തിരിച്ചറിഞ്ഞു. ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും അകറ്റിനിർത്തപ്പെട്ട ആ ജനതയെ സാഹിത്യങ്ങളും ചരിത്രങ്ങളും തഴഞ്ഞതിനും നാം സാക്ഷികളായി. നിരന്തരമായ പോരാട്ടങ്ങളിലൂടെ തന്നെയാണ് എക്കാലത്തും സ്വന്തം സ്ഥാനം ഉറപ്പിക്കാൻ ഏറെക്കുറെ അവർക്ക് സാധിച്ചത്.

**ജാതി വെറിയുടെയും വംശഹത്യയുടെയും ഈ കാലത്ത് അരികുവൽക്കരിക്കപ്പെട്ടവരുടെ അക്ഷരങ്ങളും ജീവിതങ്ങളും വായിക്കുക എന്നതും വലിയൊരു വിപ്ലവമാണ്.**

(പുതിയ ദളിത് എഴുത്തുകാരുടെ പേരുവിവരങ്ങൾ ശേഖരിക്കാൻ അവലംബിച്ച ലേഖനങ്ങൾ: ദളിത് സ്വത്വപ്രധിനിധാനവും രൂപീകരണവും - inflibnet.ac.in, പ്രണയനഷ്ടത്തിന്റെ ദളിത് മുഖം സി. അയ്യപ്പൻ കഥകളിൽ - കരിഷ്മ എസ്. രാജ്)

# ശില

ബാപ്പു ചോളമുണ്ട

കളിക്കൂട്ടുകാരൻ
കറുത്തവൻ
കരിവീട്ടിയുടെ കരുത്തുള്ളവൻ.

അവൻ
വകഞ്ഞു നീന്തുമ്പോൾ
വഴി മാറി നിൽക്കും പുഴ.

മല കേറുമ്പോൾ
തല താഴ്ത്തി നിൽക്കും
തരുപ്പടർപ്പുകൾ.

ചൊടികൾ ചേർക്കുമ്പോൾ
നൃത്തംവയ്ക്കുമീറക്കുഴൽ.

അവന്റെ കല്ലേറിൽ
ഊർന്നു വീഴും മാമ്പഴങ്ങൾ.
അവന്റെ ചൂണ്ടയിൽ
പിട പിടയ്ക്കും വരാൽ.

എനിക്ക്
പിടി തരാത്ത പുഴയൊഴുക്കിനെ
വഴി തരാത്ത
മലപ്പടർപ്പിനെ
കീഴടങ്ങാത്ത
മാമ്പഴ മധുരത്തെ

എന്റെ ചൂണ്ടയിൽ
കുരുങ്ങാത്ത വരാൽ മത്സ്യത്തെ
എന്റെ കാൽക്കീഴിലേക്ക്
വലിച്ചിട്ട്
വെളുത്ത മനസ്സാൽ ചിരിച്ചവൻ.

കറുത്തവൻ
കളിക്കൂട്ടുകാരൻ,
കരിവീട്ടിയുടെ കരുത്തുള്ളവൻ.

അവന്റെ കാൽചുവട്ടിലമർന്ന്
മണ്ണ് കരഞ്ഞില്ല
കാട് കരഞ്ഞില്ല
എന്നിട്ടും...
അവൻ...

കറുത്തവൻ
കളിക്കൂട്ടുകാരൻ
കരിവീട്ടിയുടെ കരുത്തുള്ളവൻ.
അവന്റെ കണ്ണീരു വീണ്
കറുത്തുപോയ കാലത്തിന്റെ
നേർത്ത നടവരമ്പിലിപ്പോൾ
അന്ധനായ്
ബധിരനായ്
മൂകനായ്
കറുത്ത ശിലയായ്
ഞാൻ,
ശില..!





അമീന മുഹ്സിൻ

# സ്ത്രീ; ഇസ്ലാമിക അനന്തരാവകാശ നിയമങ്ങളിൽ

ഇതര മതങ്ങളിലൊന്നും തന്നെ സ്ത്രീകൾക്ക് ലഭിക്കാതിരുന്ന ധാരാളം അവകാശങ്ങൾ ഇസ്ലാം സ്ത്രീക്ക് നൽകിയിട്ടുണ്ട്. ഇസ്ലാമിൽ സ്ത്രീയെ ആദരിച്ചതിന്റെ മകുടോദാഹരണമാണ് അവൾക്ക് അനന്തരസ്വത്ത് നൽകിയത്. മറ്റു മതങ്ങളിൽ ഒന്നും തന്നെ അറിയപ്പെടാത്ത കാര്യമാണിത്. കാരണം ഒരു സ്ത്രീവിവാഹിതയാകുന്നതോടുകൂടി സ്വന്തം കുടുംബത്തിലേക്ക് ബന്ധം ചേർക്കൽ നിഷിദ്ധമാക്കപ്പെടുന്നു.

ഫ്രഞ്ച് നിയമത്തിൽ സ്വന്തം സ്വത്തിലുള്ള വിനിമയം പോലും സ്ത്രീക്ക് അനുവദിക്കപ്പെടുന്നില്ല. ഭർത്താവിനാകുന്നു ആ അവകാശം നൽകിയിരിക്കുന്നത്. എന്നാൽ മുസ്ലിം സ്ത്രീ യൂറോപ്യൻ വനിതക്ക് എതിരായി തന്റെയും തന്റെ കുടുംബത്തിന്റെയും സ്ഥാനപ്പേര് സൂക്ഷിക്കുന്നു. അതുകൊണ്ട് തന്നെ അവൾക്ക് അനന്തരസ്വത്തിൽ അവകാശവും, അത് വിനിമയം നടത്താനുള്ള സ്വാതന്ത്ര്യവും അനുവദിച്ചിരിക്കുന്നു. സ്ത്രീയുടെ അന്തരാവകാശത്തെ കുറിച്ച് നീതിപൂർവവും നിക്ഷ്പക്ഷവുമായി അള്ളാഹു വിശദീകരിച്ചിട്ടുണ്ട്.

സ്ത്രീക്ക് പുരുഷന്റെ ഓഹരിയുടെ പകുതി നൽകിയ പ്രശ്നം: അല്ലാഹു നിങ്ങളുടെ മക്കളുടെ കാര്യത്തിൽ വസിയ്യത്ത് ചെയ്യുന്നു. ഒരാണിന് രണ്ട് പെണ്മക്കളുടെ ഓഹരിയുണ്ട് എന്ന അല്ലാഹുവിന്റെ വചനം നിരീശ്വരവാദികൾ ഇസ്ലാമിന്റെ നീതിക്കും നിഷ്പക്ഷതക്കും എതിരെ ഒരു ആയുധമാക്കി ഇസ്ലാമിൽ സ്ത്രീകളുടെ അവകാശ ധ്വംസനത്തിന് തെളിവാണിത് എന്നവർ പറയുന്നു. എങ്ങനെയാണ് പുരുഷന് മുഴുവൻ ഓഹരിയും സ്ത്രീക്ക് പകുതി ഓഹരിയുമാകുക. ഇത് സ്ത്രീയോടുള്ള അനീതിയും അക്രമവും അവൾക്ക് പുരുഷനോടുള്ള അടിമത്തവുമല്ലേ?. ഇത് അവർ പറയുന്നത് പോലെ അക്രമമല്ല എന്നാണെന്റെ മറുപടി. കാരണം സ്ത്രീക്ക് പുരുഷന്റെ പകുതി ഓഹരി നൽകിയത് അവളുടെ എല്ലാ ചിലവുകളും പുരുഷനെ ഏൽപ്പിച്ചതിന് ശേഷമാണ്. സ്വന്തം നിലയിൽ അവൾക്കൊന്നും ചെലവഴിക്കേണ്ടതില്ല. വിശുദ്ധ ഖുർആനിലെ സൂറ: അൻനിസാഇലൂടെ അള്ളാഹു പറയുന്നു: പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവി ഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതു കൊണ്ടുമാണത്. അദ്ദേഹം തന്റെ ഭാര്യയുടെയും കുട്ടികളുടെയും ചിലവുകളെല്ലാം വഹിക്കാൻ ഉത്തരവാദിയാണെന്നതിൽ സംശയമില്ല. എന്നാൽ സ്ത്രീ, അവൾ എല്ലാം (ചെലവില്ലാതെ) ആസ്വദിക്കുകയാകുന്നു. അവൾക്ക് കിട്ടുന്ന അനന്തരസ്വത്ത് അവൾക്ക് മാത്രം ഉപകാരപ്പെടുത്താവുന്നതാണ്. അവൾ ഉദ്ദേശിക്കുന്നത് പോലെ അത് ചിലവഴിക്കാൻ അവൾക്ക് സ്വാതന്ത്ര്യവുമുണ്ട്. പുരുഷൻ സമ്പാദിക്കാനും പ്രയാസം സഹിക്കാനുമുള്ളവനായിരിക്കെ അവന് പെണ്ണിന്റെ ഇരട്ടി കൊടുക്കുന്നതിൽ ആശ്ചര്യമില്ല. ഇത് നീതിമാത്രമാകുന്നു. മാത്രവുമല്ല, സ്ത്രീക്ക് പൂർണ്ണമായും അനന്തരസ്വത്ത് തടയപ്പെട്ട സന്ദർഭത്തിലായിരുന്നു ഇത് നൽകപ്പെട്ടിരിക്കുന്നതെന്നോർക്കുമ്പോൾ ഇവിടെ ആക്ഷേപത്തിന് ഒരു പഴുതുമില്ല.

പല സന്ദർഭങ്ങളിലും ഇസ്ലാമിനെ അധിക്ഷേപിച്ച് സംസാരിച്ച പൗരസ്ത്യ പണ്ഡിതൻ ഇന്ദർ സർഫീഹ് പോലും ഇസ്ലാമിന്റെ അനന്തരാവകാശ വ്യവസ്ഥിതിനീതി യുക്തമാണെന്ന് സമ്മതിക്കുന്നുണ്ട്. ഈ അനന്തര വ്യവസ്ഥ സ്ത്രീയോട് നീതികാണിക്കുകയും , അവളുടെ അവകാശങ്ങളെ വകവെച്ചു കൊടുക്കുകയുമാണ് ഇസ്ലാം ചെയ്തിരിക്കുന്നത് എന്നദ്ദേഹം പറയുന്നു. ഇതിന് മുൻപ് സ്ത്രീകളും കുട്ടികളും അനന്തരമെടുക്കാറുണ്ടായിരുന്നില്ല. മാത്രമല്ല, മോശമായ അവസ്ഥയെന്തെന്നാൽ മരിച്ചയാളുടെ അടുത്ത ബന്ധു അയാളുടെ അടിമകളെയും മറ്റ് മുതലുകളും അനന്തരമെടുക്കുന്ന കൂട്ടത്തിൽ ഭാര്യമാരെയും അനന്തരമെടുക്കാറുണ്ടായിരുന്നു എന്നതാണ്. പിന്നീട് മുഹമ്മദ് (സ) നിയോഗിതനായ സന്ദർഭത്തിലാണ് അവൾക്ക് അനന്തരാവകാശം നൽകിയതും അവൾക്ക് നന്നായി തോന്നിയ മറ്റു കാര്യങ്ങൾ അവൾക്ക് നിർബന്ധമാക്കിയതും, യഥാർത്ഥത്തിൽ പുരോഗമനമുള്ളതാണെന്ന് വാദിക്കുന്ന ഇംഗ്ലണ്ടിൽ പോലും അനന്തരസ്വത്തിന്റെ വലിയൊരു ഭാഗം കൊണ്ട് മൂത്ത പുത്രനെ പ്രത്യേകനാക്കുന്നു. അവന് താഴെയുള്ളവർക്കെല്ലാം അതിൽ കുറഞ്ഞ ഓഹരി നൽകുകയും ചെയ്യുന്നു. മൂത്ത പുത്രനാണ് തന്റെ സഹോദരങ്ങൾക്കും കുടുംബത്തിനും ചിലവ് നൽകുന്നത് എന്നാണ് അതിനവർ പറയുന്ന കാരണം.

അനന്തരസ്വത്തിന്റെ വിതരണത്തിലെ ഭാഗികമായ ഈ വ്യത്യാസത്തെ സ്ത്രീകളോടുള്ള അവഗണനയായി കാണുന്ന മതമുള്ളവരും ഇല്ലാത്തവരുമായ ആളുകൾ ഇസ്ലാമിലെ അനന്തരാവകാശത്തിലെ വ്യത്യസ്ത അവസ്ഥകളെ ശെരിയായി മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീപുരുഷ വേർതിരിവിന്റെ അടി സ്ഥാനത്തിൽ ഇസ്ലാമിക സ്വത്തവകാശ നിയമത്തെ നാലായി വേർതിരിക്കാം.

1. പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥകൾ. (നാല് സന്ദർഭങ്ങളിൽ മാത്രമാണ് അത്തരം അവസ്ഥകൾ ഉള്ളത്)

2. പുരുഷന് തുല്യമായ ഓഹരി സ്ത്രീക്കും ലഭിക്കുന്ന അവസ്ഥ. (ഒന്നാമത്തെ

അവസ്ഥയെക്കാൾ ഇരട്ടിയിലധികം രണ്ടാമത്തെ അവസ്ഥയാണുള്ളത്)

**3.** സ്ത്രീക്ക് പുരുഷനെക്കാൾ കൂടുതൽ ഓഹരി ലഭിക്കുന്ന അവസ്ഥ (ഇത് പത്തിലേറെ സന്ദർഭങ്ങളിൽ ഉണ്ട്.)

**4.** സ്ത്രീക്ക് ഓഹരി ലഭിക്കുകയും അതേ സമയം തുല്യ സ്ഥാനത്തുള്ള പുരുഷന് അനന്ത രാവകാശം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ. അതായത് സ്ത്രീക്ക് പുരുഷന് തുല്യ മോ അതിനേക്കാൾ കൂടുതലായി ഓഹരി ലഭിക്കു ന്ന മുപ്പതിലേറെ സന്ദർഭങ്ങൾ ഇസ്ലാമിക അനന്തരാവകാശ നിയമത്തിലുണ്ട്. അതേ സമയം പുരുഷനേക്കാൾ കുറവ് ഓഹരി അവൾക്ക് ലഭി ക്കുന്ന നാല് സന്ദർഭങ്ങൾ മാത്രമാണുള്ളത്. അവയിൽ പ്രധാനപ്പെട്ടവ ഉദാഹരണസഹിതം ന മുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം .

ഒരാൾ മരണപ്പെടുമ്പോൾ അനന്തരാവ കാശികൾ ആയുള്ള മകനും മകളും ആകുക. മക്കളെന്ന ഗണത്തിൽ മകളുടെ മകളും മകന്റെ മകനും ഉൾപ്പെടും. അല്ലാഹു പറയുന്നു:

**يُوصِيكُمُ ٱللَّهُ فِيٓ أَوْلَـٰدِكُمْ ۖ لِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۚ (سورة النساء 4/11 )**

നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു. ആണിന് രണ്ടു പെണ്ണിന്റെ ഓഹരിക്ക് തുല്യമാ യതുകൊണ്ട്.(ഖുർആൻ: 4 / 11 )

ആണിന് രണ്ട് പെണ്ണിന്റെ ഓഹരിക്ക് തുല്യമായതുകൊണ്ട്. എന്ന തത്വത്തെ പൊതു വത്കരിച്ചു കാണിക്കാനാണ് വിമർശകർ സാധാര ണയായി ശ്രമിക്കാറുള്ളത്. ഒന്നാമതായി നാം അറിയേണ്ടത് ഈ തത്വം പുരുഷനെ കൊണ്ട് സ്ത്രീ അസ്വബയായി മാറുന്ന അവസരത്തിൽ മാത്രമാണ് ബാധകം എന്നാണ്. ഒരാൾ മരണപ്പെടുമ്പോൾ അനന്തരാവകാശികളായി അയാൾക്കുള്ളത് മാതാവും പിതാവും മാത്രമാകുക ഈ ഘട്ടത്തിൽ മാതാവ് നിശ്ചിത ഓഹരിക്കാരിയും പിതാവ് ശിഷ്ടം ഓഹരിക്കാരനും ആണ് അല്ലാഹു പറയുന്നത് കാണുക.

**فَإِنْ لَمْ يَكُنْ لَهُ وَلَدٌ وَوَرِثَهُ أَبَوَاهُ فَلِأُمِّهِ الثُّلُثُ (سورة النساء 4/11 )**

ഇനി അയാൾക്ക് സന്താനം ഇല്ലാതിരി ക്കുകയും മാതാപിതാക്കൾ അയാളുടെ അനന്തരവ കാശികൾ ആയിരിക്കുകയും ആണെങ്കിൽ അയാളുടെ മാതാവിന് മുന്നിൽ ഒരു ഭാഗം ഉണ്ടാ യിരിക്കും .(ഖുർആൻ: 4/ 11 )

നിശ്ചിത ഓഹരിക്കാരിയായ ഉമ്മ മൂന്നി ലൊന്ന് എടുത്താൽ ബാക്കി വരുന്ന രണ്ട് ഓഹരി ശിഷ്ട ഓഹരിക്കാരനായ പിതാവിനായിരിക്കും ലഭിക്കുക. ഇവിടെ അനന്തരാവകാശികൾ തമ്മി ലുള്ള ബന്ധം നോക്കൂ, അവർ ഭാര്യയും ഭർത്താവും ആണ്. സ്വാഭാവികമായും ഭാര്യ സംരക്ഷിക്കേണ്ട ബാധ്യതയും ഉത്തരവാദിത്തവും അവളുടെ ഭർത്താവിന് തന്നെയാണുള്ളത്. ഈ ഭാരിച്ച ഉത്തരവാദിത്വം ഏൽപ്പിക്കപ്പെടുന്നതിനാൽ അതി നുള്ള സഹായം എന്ന നിലയ്ക്ക് തന്നെയാണ് തന്റെ ഭാര്യയെക്കാൾ ഇരട്ടി ഓഹരി ഭർത്താവിന് അഥവാ പരേതന്റെ പിതാവിന് ഇസ്ലാം വകവച്ചു നൽകിയത് എന്ന് വ്യക്തമാണ്.

ഭാര്യയുടെയും ഭർത്താവിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതത്തിലും സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ ഇവർ രണ്ടുപേരും ഒന്നിച്ച് അനന്തരാവകാശികൾ ആകുന്ന അവസ്ഥ ഉണ്ടാവുകയില്ല.

**وَلَكُمْ نِصْفُ مَا تَرَكَ أَزْوَاجُكُمْ إِنْ لَمْ يَكُنْ لَهُنَّ وَلَدٌ ۚ فَإِنْ كَانَ لَهُنَّ وَلَدٌ فَلَكُمُ الرُّبُعُ مِمَّا تَرَكْنَ ۚ مِنْ بَعْدِ وَصِيَّةٍ يُوصِينَ بِهَا أَوْ دَيْنٍ ۚ وَلَهُنَّ الرُّبُعُ مِمَّا تَرَكْتُمْ إِنْ لَمْ يَكُنْ لَكُمْ وَلَدٌ ۚ فَإِنْ كَانَ لَكُمْ وَلَدٌ فَلَهُنَّ الثُّمُنُ مِمَّا تَرَكْتُمْ**

* നിങ്ങളുടെ ഭാര്യമാർക്ക് സന്താനം ഇല്ലാത്തപക്ഷം അവർ വിട്ടേച്ചു പോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനം ഉണ്ടായിരുന്നാൽ അവർ വിട്ടേച്ചു പോ യതിന്റെ നാലിലൊന്നും നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസീയത്തും കടവും ഉണ്ടെങ്കിൽ അതും കഴിച്ചാണിത്. നിങ്ങൾ വിട്ടേച്ചു പോയ ധനത്തിൽ നിന്ന് നാലിലൊന്ന് അവർക്ക് (ഭാര്യമാർക്ക്) ഉള്ളത്. ഇനി നിങ്ങൾക്ക് സന്താനം ഉണ്ടായിരുന്നാൽ നിങ്ങൾ വിട്ടേച്ച് പോയതിൽ നിന്ന് എട്ടിൽ ഒന്നാണ് അവർക്കുള്ളത്. (ഖുർആൻ :4 / 12 )

സ്ത്രീപുരുഷ വ്യത്യാസം ഇല്ലാതെ അനന്ത രാവകാശം എടുക്കുന്ന അവസ്ഥകൾ ഉണ്ടെന്ന് നാം മനസ്സിലാക്കി അത് അൽപം വിശദമായി മനസ്സിലാക്കാം. അവയിൽ പ്രഥമ വിഭാഗം മാതാവും പിതാവും ആണ്.

* ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശിയായി ഉള്ളത് പിതാവ് മാതാവും ആൺമക്കളും ആകുന്നു. പിതാവ് മാതാവും തുല്യ മായാണ് അനന്തരം എടുക്കുക. ആൺപെൺ വ്യത്യാസം പരിഗണിക്കപ്പെടുകയില്ല.

* ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശിയായി ഉള്ളത് പിതാവും

മാതാവും രണ്ടോ അതിൽ അധികമോ പെൺമക്കൾ ആവുക.

* ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനുരാവകാശികളായി പിതാവും മാതാവും ഭാര്യയും മകളും ഉണ്ടാവുക. ഈ ഗണത്തിൽ വരുന്ന മറ്റൊന്ന് കാണുക:

ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായി പിതാവും മാതാമഹിയും (മാതാവിന്റെ മാതാവ്) ആൺമക്കളോ, രണ്ടിൽ കൂടുതൽ പെൺമക്കളോ ഉണ്ടാവുക. പിതാവ് ഉണ്ടായിരിക്കെ തന്നെ പരേതനിലേക്ക് ബന്ധം കൊണ്ട് അകന്നു നിൽക്കുന്ന മാതാവിന്റെ മാതാവിന് പിതാവിന്റെ അതേ അവകാശമാണ് ഇസ്ലാം നൽകുന്നത്. ഉമ്മയൊത്ത സഹോദരി സഹോദരന്മാർക്കിടയിൽ ആൺപെൺ വ്യത്യാസമില്ലാതെയാണ് അനന്തര സ്വത്ത് ഓഹരി വയ്ക്കേണ്ടത്. അല്ലാഹു പറയുന്നത് കാണാം :

وَإِنْ كَانَ رَجُلٌ يُورَثُ كَلَالَةً أَوِ امْرَأَةٌ وَلَهُ أَخٌ أَوْ أُخْتٌ فَلِكُلِّ وَاحِدٍ
مِنْهُمَا السُّدُسُ ۚ فَإِنْ كَانُوا أَكْثَرَ مِنْ ذَٰلِكَ فَهُمْ شُرَكَاءُ فِي الثُّلُثِ

അനന്തരം എടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളും ഇല്ലാത്ത ആൾ ആയിരിക്കുകയും, അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ (ആ സഹോദരി സഹോദരന്മാരിൽ) ഓരോരുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്. ഇനി അവർ അതിൽ അധികം പേരുണ്ടെങ്കിൽ അവർ മൂന്നിലൊന്നിൽ സമാ വകാശികൾ ആയിരിക്കും .(ഖുർആൻ :4 / 12)

മാതാവൊത്ത സഹോദരി സഹോദരന്മാരുടെ അവകാശത്തിൽ മാതാവും പിതാവുമൊത്ത സഹോദരങ്ങൾ യാതൊരു വ്യത്യാസവും ഇല്ലാതെ അനന്തരം എടുക്കുന്ന അവസ്ഥയുമുണ്ട്. മരിച്ച വ്യക്തിക്ക് അവകാശികളായുള്ളത് ഭർത്താവും മാതാവും, മാതാവൊത്ത രണ്ടോ അതിലധികമോ സഹോദരിമാരും, മാതാവും പിതാവുമൊത്ത ഒരു സഹോദരനും ആണെന്ന് കരുതുക. എങ്കിൽ ഭർത്താവിന് സ്വത്തിന്റെ പകുതി, മാതാവിന് ആറിൽ ഒന്ന്, മാതാ വൊത്ത സഹോദരിമാർക്ക് മൂന്നിലൊന്ന്, മാതാവും പിതാവുമൊത്ത സഹോദരന് ബാക്കിയുള്ളത് എന്നിങ്ങനെയാണ് നൽകേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ സ്വത്തിനെ ആറ് ഓഹരി ആക്കി. ഭർത്താവിന് മൂന്ന് ഓഹരിയും മാതാവിന് ഒരു ഓഹരിയും മാതാവൊത്ത സഹോദരിമാർക്ക് രണ്ട് ഓഹരിയും നൽകും. ഇവിടെ മാതാവും പിതാവും ഒത്ത സഹോദരന് അവകാശമായി ഒന്നും ലഭിക്കാതെ വരുന്നു. വിമർശകർ പറയുന്നതുപോലെയാണ് കാര്യമെങ്കിൽ സഹോദരന്മാർക്ക് ഇരട്ടിയും സഹോദരിമാർക്ക് പകുതിയുമാണ് നൽകേണ്ടിയിരുന്നത്.

ഒരാൾക്ക് അനന്തരാവകാശികളായുള്ളത് ഭാര്യയും ആൺമക്കളുമാണെങ്കിൽ, ഭാര്യയ്ക്ക് എട്ടിലൊന്നും ബാക്കി ആൺമക്കൾക്കും ആയിരിക്കും. ആൺമക്കൾക്ക് പകരം പെൺമക്കൾ മാത്രമാണെങ്കിൽ പെൺമക്കൾക്ക് സ്വത്തിന്റെ മൂന്നിൽ രണ്ടും ബാക്കി മടക്കസ്വത്തായും (റദ്ദ്) ലഭിക്കും.

●

# പ്രബോധന രംഗത്തെ സ്ത്രീ സാന്നിധ്യം

മറിയം ബീവി



മതപ്രബോധന രംഗത്ത് ഒരു പുരുഷൻ വഹിക്കുന്ന പങ്ക് പ്രത്യേകം പരാമർശിക്കേണ്ട ആവശ്യമില്ല. എന്നാൽ ഏവരും ഉറ്റുനോക്കുന്നത് പ്രബോധന രംഗത്തെ സ്ത്രീ സാന്നിധ്യമാണ്. കാരണം പ്രബോധനത്തെ കുറച്ചുകൂടി കാര്യക്ഷമതയോടു കൂടി ജനസമൂഹം പരിഗണിക്കുക അപ്പോൾ മാത്രമാണ്. സത്യമതത്തിന്റെ പ്രചാരണ വക്താക്കളാവുക എന്നത് പുരുഷനും സ്ത്രീക്കും മേലുള്ള നിർബന്ധ ബാധ്യതയാണ്. ഒരു പക്ഷേ അപ്പോൾ മാത്രമേ വിശ്വാസി എന്ന വ്യക്തിത്വം ഒരു മുസ്ലിമിന് പരിപൂർണ്ണമാവുകയുള്ളൂ.

മനുഷ്യരാശിയോട് ഒന്നടങ്കം അല്ലാഹു കൽപ്പിച്ച ഒന്നാണ് നന്മ കൽപ്പിക്കുക തിന്മ വിരോധിക്കുക എന്നത്. രക്ഷയാഗ്രഹിക്കുന്നവരെല്ലാം സത്യം കൊണ്ട് ഉപദേശിക്കണം എന്നാണ് ഖുർആൻ നിഷ്കർഷിക്കുന്നത്.

وَٱلْعَصْرِ إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟
بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ.

കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു, വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.(103: 13)

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സത്യം ഇസ്ലാമാണ്. അതുകൊണ്ടുതന്നെ ഇസ്ലാമിക സമൂഹത്തിൻറെ പൊതുവായ ഉത്തരവാദിത്തമായി ദഅവത്തിനെ ഖുർആൻ പരിചയപ്പെടുത്തുന്നു:

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ

നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലയ്ക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്നുണ്ടായിരിക്കട്ടെ അവരത്രെ വിജയികൾ (3;104).

വിശാലമായ ഈ ലോകത്ത് മനുഷ്യകുലത്തിന്റെ കാമ്പായി നിലകൊള്ളുന്ന സ്ത്രീ സമൂഹത്തിന്റെ സാന്നിധ്യം വാക്കുകൾക്കതീതമാണ്. അന്തിമ പ്രവാചകനിൽ ആദ്യമായി വിശ്വസിച്ചതും പ്രബോധനത്തിന്റെ പ്രയാസകരമായ ആദ്യ നാളുകളിൽ താങ്ങും തണലുമായി നിന്നതും പ്രവാചക പത്നിയായ ഖദീജ (റ) ആയിരുന്നു. പ്രവാചകന്ന് ശേഷം ആദർശ പ്രബോധന രംഗത്ത് ശക്തമായി നിലകൊള്ളുകയും പ്രവാചക വിജ്ഞാനീയം അടുത്ത തലമുറക്കും അങ്ങനെ അവസാനനാൾ വരെയുള്ളവർക്കും എത്തിച്ചു കൊടുക്കുവാൻ പരിശ്രമിക്കുകയും ചെയ്ത ആയിഷ (റ), ആദർശത്തിനുവേണ്ടി ആദ്യമായി രക്തസാക്ഷിയായ

സുമയ്യ (റ) എല്ലാം ഏതാനും ഉദാഹരണങ്ങൾ. സ്ത്രീയുടെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മമാണ് അടുത്ത തലമുറയെ മതബോധം ഉള്ളവർ ആക്കി എടുക്കുക എന്നത്. ഈ ധർമ്മം ഏറെ പ്രധാനവും വിലപ്പെട്ടതുമാണ്.സമൂഹത്തിന് ആവശ്യമായ പ്രബോധകരെ ഉണ്ടാക്കിയെടുക്കുന്നത് മാതാവിൻറെ മടിത്തട്ടാണ്. ഈ ഉത്തരവാദിത്തനിർവഹണമാണ് മുസ്ലിം വനിതയ്ക്ക് പ്രധാനമായും നിർവഹിക്കാനുള്ള ദഅ്വാ പ്രവർത്തനം .

**ദഅ്വത്തിന്റെ മാർഗങ്ങൾ**

വീട്ടിലായിരിക്കുമ്പോൾ ഭർത്താവിനും സന്താനങ്ങൾക്കും ഇസ്ലാമിൻറെ നിയമ നിർദ്ദേശങ്ങൾ പറഞ്ഞു കൊടുക്കുക . കുടുംബത്തിലും അയൽപക്കത്തിലും സുഹൃത്തുക്കൾക്കും ഇടയിൽ നടമാടുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പ്രമാണ ബന്ധമായി പ്രതികരിക്കുക. ഇസ്ലാമിനെതിരെ വരുന്ന സ്ത്രീപക്ഷ വിമർശനങ്ങളെ വസ്തുനിഷ്ഠമായും പ്രമാണ ബന്ധമായും പ്രതിരോധിക്കുക. ഒഴിവുസമയങ്ങളിൽ ഇസ്ലാമികമായ രചനകൾ എഴുതുകയും അത് ജനങ്ങൾക്കിടയിൽ എത്തിക്കുവാനും ശ്രമിക്കുക.

ഇങ്ങനെ വിവിധ മാർഗങ്ങളിലൂടെ ഒരു സ്ത്രീക്ക് അവളുടെ പ്രബോധന രംഗത്തുള്ള സാന്നിധ്യം ഉറപ്പുവരുത്താൻ സാധിക്കും. പ്രബോധന രംഗത്തെ സ്ത്രീ സാന്നിധ്യം ഇനിയും ശക്തിയായി ഉറപ്പിക്കേണ്ടതുണ്ട്. മുസ്ലിം വനിതകൾക്കിടയിൽ അതിനായുള്ള അവബോധം തീർച്ചയായും സൃഷ്ടിക്കണം. ദീനിന്റെ സത്യവാഹകരായി മുന്നോട്ടുള്ള കാലം ദഅവാ പ്രവർത്തനങ്ങളിൽ മുഴുകി ജീവിക്കാൻ നാഥൻ അനുഗ്രഹിക്കട്ടെ.....



# പെണ്ണവകാശങ്ങളിലൂടെ നേടിയെടുത്ത മുസ്‌ലിം സ്ത്രീ മുന്നേറ്റം

ആയിശ ചെറുമുക്ക്

മുസ്ലിം സ്ത്രീകൾ ഒന്നിനും കൊള്ളാത്ത പാഴ്ജന്മങ്ങളാണ് എന്നും, ഇസ്ലാമിക വിശ്വാസങ്ങളും ആചാരങ്ങളും തീർത്ത മതിൽ കെട്ടിനുള്ളിൽ കുടുങ്ങിപ്പോയവളാണെന്നുമുള്ള ഒരു പൊതുബോധം നിർമ്മിച്ചെടുത്ത്, ഇസ്ലാമിനെ അരുക് വൽക്കരിച്ച് കളയാമെന്നും, വളർന്ന് വരുന്ന മുസ്ലിം പെൺകുട്ടികളെ ഇസ്ലാമിക വിരുദ്ധരാക്കാമെന്നും വ്യാമോഹിച്ച് പണിയെടുത്ത ഇസ്ലാമിക വിരുദ്ധരുടെ സകല തന്ത്രങ്ങളെയും പൊളിച്ചടുക്കി കൊണ്ട്, ഇന്നിന്റെ മുസ്ലിം സ്ത്രീകൾ ലോകത്താകമാനം അവളുടേതായ മനോഹരമായൊരിടം സൃഷ്ടിച്ചെടുത്തിരിക്കുന്നു എന്നത് പുതിയ കാലത്തിന്റെ നേർക്കാഴ്ചയാണല്ലൊ.

അൽഹംദുലില്ലാഹ്...

പൊതു സമൂഹവും ഫെമിനിസ്റ്റ് ചിന്താദാരകളും അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമായി മുസ്ലിം സ്ത്രീയെ ചിത്രീകരിച്ചു. പർദ്ദക്കുള്ളിൽ മുസ്ലിം സ്ത്രീ ചൂടും വേവും അനുഭവിക്കുകയാണ് എന്ന് അവർ ആർത്തുവിളിച്ചു.

മുസ്ലിം സ്ത്രീ മത നിയമങ്ങൾക്കുള്ളിൽ നിസ്സഹായയാണെന്ന് അവർ തീർപ്പു കൽപ്പിച്ചു. സ്ത്രീ വിമോചനം എന്ന ഓമനപ്പേരിട്ട് നിരന്തരമായി ഇസ്ലാം സ്ത്രീവിരുദ്ധമാണെന്ന ശബ്ദകോലാഹലങ്ങൾക്ക് അവർ രൂപം നൽകി.

സിനിമക്കാരും സാഹിത്യകാരൻമാരും മീഡിയകളും ഈ വാദത്തെ അരക്കിട്ടുറപ്പിക്കുന്നതിന് വേണ്ടി അഹോരാത്രം പണിയെടുത്തു.

ഫെമിനിസ്റ്റ്, ഭൗതിക ചിന്താധാരകളുടെപ്ര വർത്തനങ്ങളുടെ അടിത്തറ പോലും ഇസ്ലാം വിരുദ്ധത ആയിട്ട് മാറി. എന്നിട്ടും, സകല കുതന്ത്രവാദികളുടെയും തന്ത്രങ്ങളെ മുഴുവനും കാറ്റിൽ പറത്തിക്കൊണ്ട് മുസ്ലിം സ്ത്രീ സമൂഹം വമ്പിച്ച സ്ത്രീ മുന്നേറ്റം സാധ്യമാക്കിയിരിക്കുന്നു. സമൂഹത്തിന്റെ നിഖില മേഖലകളിലും ജ്വലിച്ചു നിൽക്കുന്ന മുസ്ലിം വനിതകളെ ഇന്ന് നമുക്ക് കണ്ടെത്താനാവും.

ഇവിടെ അടിവരയിട്ട് മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. എന്തെന്നാൽ, ഇസ്ലാം മുന്നോട്ട് വെക്കുന്ന പെണ്ണവകാശങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്താൻ മുസ്ലിം സ്ത്രീകൾക്ക് സാധിച്ചപ്പോഴാണ് ഇന്ന് കാണുന്ന സ്ത്രീ മുന്നേറ്റം സാധ്യമായത്. ഇതിനിടയിൽ ഒരു ചരിത്രവസ്തുത വിസ്മരിക്കാൻ പാടില്ലാത്തതാണ്. പൗരോഹിത്യം തീർത്ത മതിൽ കെട്ടിനുള്ളിലെ മുസ്ലിം സ്ത്രീകൾ വീർപ്പുമുട്ടിയ ഒരു കാലം തൊട്ട് മുമ്പ് കഴിഞ്ഞ് പോയിട്ടുണ്ട്.

ഇസ്ലാം വക വച്ച് നൽകുന്ന പെണ്ണവകാശത്തിന്റെ വെളിച്ചം അനുഭവിക്കാൻ സാധിക്കാതെ അന്ന് പല സ്ത്രീജന്മങ്ങളും ഒതുങ്ങിപ്പോയിട്ടുമുണ്ട്. ഇവിടെ മാറ്റത്തിന്റെ ചാലക ശക്തിയായി കൊണ്ട് അന്ന് കേരളീയ സാഹചര്യത്തിലേക്ക് കടന്നു വന്നത് കേരള മുജാഹിദീൻ എന്ന നവോത്ഥാന പ്രസ്ഥാനമാണ്.

ഇസ്ലാമിക പ്രമാണങ്ങൾക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ മുസ്ലിം വനിതകൾക്ക് പെണ്ണാവകാശങ്ങൾ നേടിക്കൊടുക്കുവാൻ മുജാഹിദ് പ്രസ്ഥാനത്തിന് സാധിച്ചു. ഇസ്ലാം മുന്നോട്ടുവെക്കുന്നത് തീർച്ചയായും സ്ത്രീ പ്രകൃതിക്ക് അനുഗുണമായ നിയമവ്യവസ്ഥയാണ്.

ഇസ്ലാമിക മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന കുടുംബത്തിലും സമൂഹത്തിലും സ്ത്രീ ഒരിക്കലും ചൂഷണം ചെയ്യപ്പെടുകയില്ല. എന്ന് മാത്രമല്ല, അവൾ ശാക്തീകരിക്കപ്പെടുകയും ചെയ്യുന്നു. എപ്രകാരമെന്നാൽ, മുസ്ലിം സ്ത്രീയുടെ വേഷം ലൈംഗികാതിക്രമണങ്ങളിൽ നിന്ന് അവൾക്ക് സുരക്ഷ നൽകുന്നു. അതുകൊണ്ടുതന്നെ നിർഭയത്വത്തോടെ സമൂഹത്തിൽ ഇറങ്ങുവാനും നിഖില മേഖലകളിലും ഇടപെടുവാനും അവൾക്ക് സാധിക്കുന്നു.

മാതൃത്വം എന്ന ദൗത്യ നിർവ്വഹണത്തിന്റെ ഭാഗമായി നിരവധി ശാരീരിക പരിമിതികൾ നേരിടുന്നവളാണ് പെണ്ണ്. അതുകൊണ്ടുതന്നെ കുടുംബത്തിന്റെ സാമ്പത്തിക ചുമതലയിൽ നിന്ന് ഇസ്ലാം അവളെ പൂർണമായും വിമുക്തമാക്കുന്നു.

അവൾക്കു മേലുള്ള സർവ്വ സാമ്പത്തിക ചുമതലയും വഹിക്കാൻ പുരുഷനോട് കല്പിക്കുകയും ചെയ്യുന്നു.എന്നാൽ സ്വയം പണം സമ്പാദിക്കുവാനുള്ള അവകാശവും അനന്തരാവകാശങ്ങളും അവൾക്ക് ഇസ്ലാം വകവെച്ച് നൽകുകയും ചെയ്യുന്നു. ഇവിടെ ചൂഷണങ്ങളിൽ നിന്നും അവൾ വിമുക്തമാക്കപ്പെടുന്നു എന്നതോടൊപ്പം തന്നെ സാമ്പത്തിക ഭദ്രത അവൾ അനുഭവിക്കുകയും ചെയ്യുന്നു.

വൈവാഹികവേളയിൽ വിവാഹ മൂല്യം കണക്കാക്കാനും ചോദിക്കുവാനും ഉള്ള അവകാശം ഇസ്ലാം പെണ്ണിന് നൽകുന്നു അതിലൂടെ വൈവാഹിക വേളയിൽ സ്ത്രീ ചൂഷണ വിമുക്തമാക്കപ്പെടുന്നു എന്നതോടൊപ്പം തന്നെ ഇവിടെയും അവൾക്ക് സാമ്പത്തിക ഭദ്രത ലഭിക്കപ്പെടുകയും ചെയ്യുന്നു. വൈവാഹിക ജീവിതത്തിലെ പൊരുത്തക്കേടുകളിലെ കുരുങ്ങി ജീവിതം കുടുസ്സാക്കേണ്ടിവരികയില്ല ഒരിക്കലും ഒരു മുസ്ലിം വനിതക്ക്. കാരണം അവൾക്ക് ഇഷ്ടമില്ലാത്ത വിവാഹ ജീവിതത്തിൽ നിന്നും മുക്തി നേടാൻ ഖുൽഅ, ഫസഖ് എന്നീ വിവാഹ മോചന നിയമങ്ങൾ ഇസ്ലാം അവൾക്ക് അനുവദിച്ചു നൽകുന്നു.

ഇപ്രകാരം പെൺജീവിതത്തിന്റെ സകല മേഘലകളിലും ഇസ്ലാം അവൾക്ക് സുരക്ഷ ഉറപ്പ് നൽകുന്നു. വസ്തുതകൾ ഇപ്രകാരം എങ്കിലും ഒരു കാര്യം പറയാതിരിക്കാൻ നിർവാഹമില്ല. ഇന്നും മുസ്ലിം സമൂഹത്തിന്റെ മുക്ക്മൂലകളിൽ തെറ്റായ ചിന്താധാരകൾ പേറി അപകർഷതാബോധത്തിന്റെ നീർ ചുഴിയിൽ അകപ്പെട്ട് ജീവിക്കുന്ന പെൺകുട്ടികൾ ഇനിയും ബാക്കിയുണ്ട്.

യഥാർത്ഥ ഇസ്ലാമിക വിജ്ഞാനം നേടിയെടുക്കാത്തത് കൊണ്ട് മാത്രമാണ് അവരീ അപകടാവസ്ഥയിൽ പെട്ടുപോയിട്ടുള്ളത്.

തീർച്ചയായും, ഇസ്ലാമിക മൂല്യങ്ങൾ സ്വസ്ഥപൂർണ്ണവും മനോഹരവുമായ ഒരു പെൺജീവിതം സാധ്യമാക്കുന്നു. സ്വപ്നങ്ങൾ എത്തിപ്പിടിക്കുവാനും ഉയർച്ചവയുടെ പടവുകൾ കയറുവാനും അത് അവൾക്ക് ശക്തി പകരുകയും ചെയ്യുന്നു.

●

# പെൺഘട്ടങ്ങൾ

പുലരിയുടെ തരളപൂരിത
ശോഭപോൽ തെളിയുന്ന
പൂവിന്റെ ആദ്യ തേൻകണം
പോൽ നിർമലയായവൾ
പെണ്ണ്...
തിളയ്ക്കുന്ന കൗമാരകാലത്ത്
പ്രേമം ചൊല്ലുന്ന ദേവന്റെ
വഞ്ചനാ പാത്രത്തിൽ
വെന്തെരിഞ്ഞിട്ട് കണ്ണീരൊഴുക്കുന്നവൾ
പെണ്ണ്...
പത്തുമാസത്തിന്റെ എരിപൊരി
നാൾകളിൽ, തടിച്ചു വീർത്തൊരു
കവിളും കൺതടങ്ങളും നോക്കാതെ
മാതൃത്വനാളുകൾ കിനാവ്കണ്ടവൾ
പെണ്ണ്...
ചുളിവുകൾ വീഴുന്ന അവസാനനാൾകളിൽ
അത്താണിയാകുവാൻ മക്കളുണ്ടെന്ന
മരീചികയാം സ്വപ്നത്തെ
നെഞ്ചോട് ചേർക്കുന്ന വിഢ്ഢിയാണവൾ
പെണ്ണ്...

ഫാത്തിമ സുഫിയ



രംഗം 1: പ്രസവാനന്തരം കുട്ടിയെ കാണൽ...
രംഗം 2: പെണ്ണുകാണൽ ചടങ്ങ്...

ഒരേ ചോദ്യം: "കുട്ടി കറുത്തിട്ടാണല്ലേ.?"

ലളിതമായ ഉത്തരം:

## "അയ്ന്.???!"

# ഞാൻ ഒറ്റയ്ക്കല്ല



ഖദീജ ബിൻത് റഫീഖ്

അവൾക്കങ്ങോട്ടേക്ക് ചെല്ലാൻ ഭയമായിരുന്നു. പരിചയമില്ലാത്ത സ്ഥലവും, ആളുകളും. എങ്കിലും ഉമ്മയുടെ ആഗ്രഹം പോലെ തന്നെ പഠിക്കാനും, ആ ഉമ്മയ്ക്കൊരു അഭിമാനമായി മാറാനുമവൾ ആഗ്രഹിച്ചു. അതിനാൽ തന്റെ ഭയത്തെയെല്ലാം അവൾ സ്നേഹം കൊണ്ട് തടഞ്ഞു വെച്ചു. അവളവിടെയെത്തി. ഉള്ളിൽ ഭയം പെരുമ്പാറ കൊട്ടുന്നുണ്ടെങ്കിലും അവളത് പുറത്തുകാണിച്ചില്ല. വീട്ടിൽ നിന്ന് ഒരുപാട് ദൂരെയായിരുന്നു ആ സ്ഥാപനമെന്നതിനാൽ അവൾക്ക് ഹോസ്റ്റലിൽ നിൽക്കേണ്ട സാഹചര്യമായിരുന്നു.

അഡ്മിഷൻ കാര്യങ്ങളൊക്കെ പൂർത്തിയാക്കി ഉമ്മ തിരിച്ചുപോവുമ്പോൾ ഭയവും ഒറ്റപ്പെടലും എല്ലാം കൂടി അവളുടെ മിഴിനീർ കൺതടത്തിലൂടെ ഒലിച്ചിറങ്ങി. എങ്കിലും അവളവിടം ഇഷ്ടപ്പെടാൻ ആഗ്രഹിച്ചു. അതിന് ഏറ്റവും സഹായമാകുന്ന രൂപത്തിൽ അവൾക്ക് കുറെയേറെ സ്നേഹിതരെ ലഭിച്ചു. അവൾ ഉത്സാഹവതിയായി. ആരും ഒറ്റപ്പെടുന്നത് അവൾക്ക് സഹിക്കാവുന്ന കാര്യമായിരുന്നില്ല. എന്നാൽ അത് മൂലം താൻ ഒറ്റപ്പെടുമെന്ന് അവൾ സ്വപ്നത്തിൽ പോലും ചിന്തിച്ച് കാണില്ല. അവൾ കൂടെ ചേർത്ത ഒരു സുഹൃത്ത് ബാക്കിയുള്ളവരെയെല്ലാം അവളിൽ നിന്നുമകറ്റി. താൻ ഏറ്റവും സ്നേഹിച്ചവരിൽ നിന്നും ഒറ്റപ്പെടൽ അനുഭവപ്പെടുമ്പോഴും അവൾ അത് ഗൗനിക്കാതെ നടന്നു. പക്ഷെ അവളിലെ നിറഞ്ഞു വന്ന

വേദനയുടെ കൂമ്പാരം ഓരോ നിമിഷം കഴിയുന്തോറും കൂടികൊണ്ടേയിരുന്നു. അവളാകെ തകർന്നു പോയി. തീർത്തും ഒറ്റപ്പെട്ട് എവിടെയും തനിച്ച്, എന്നും ഒറ്റയ്ക്ക്. മനസ്സിലെ വിഷമങ്ങൾ ഒന്നു പങ്കുവെയ്ക്കാൻ പോലും ആരും ഇല്ലാതായ ഒരു അവസ്ഥയിലൂടെ നീങ്ങിക്കൊണ്ടിരുന്ന അവളിൽ വലിയ മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങി.

അവൾ ഏത് സമയവും മൂകയായി കാണപ്പെട്ടു. അവധിക്ക് വീട്ടിലെത്തിയാൽ അവൾ ആരോടും സംസാരിക്കാറില്ല. അതിനുള്ള ഒരു മാനസികാവസ്ഥയിലായിരുന്നില്ല അവൾ. തന്റെ വിഷമങ്ങൾ അറിയിച്ച് തന്റെ ഉമ്മയെ കൂടി സങ്കടത്തിലാക്കാൻ അവൾ ആഗ്രഹിച്ചില്ല. ഒരിക്കൽ ഒരു നീണ്ട അവധി കിട്ടിയ സമയത്ത് ആരോടും സംസാരിക്കാൻ താല്പര്യപ്പെടാത്ത അവൾ അതിനൊരു പരിഹാരമായാണ് പുസ്തകവായന തുടങ്ങിയത്. പിന്നീട് അതവൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു കാര്യമായി. തന്റെ പഠനത്തിൽ മികച്ച് മുന്നേറുന്നതിനൊപ്പം അവൾ വായനയെയും കൂടെ കൊണ്ടുപോയി. അറബി ഭാഷ പഠിച്ച അവൾ ധാരാളം പുസ്തകങ്ങൾ അറബിയിൽ നിന്നും മലയാളത്തിലേക്കും ഇംഗ്ലീഷിലേക്കും തർജ്ജമ ചെയ്തു. വായനയിൽ നിന്നാണ് അവൾ ഇംഗ്ലീഷ് പഠിച്ചത്. പോരാത്തതിന് ഒരുപാട് ചെറുകഥകളും മറ്റും എഴുതി പ്രസിദ്ധീകരിച്ചു. തന്റെ യഥാർത്ഥ നാമം വെളിപ്പെടുത്തതാത്തിനാൽ അവളാണ് അതൊക്കെ എഴുതിയതെന്ന് ആരും മനസ്സിലാക്കിയില്ല.

സൗഹൃദത്തെ പറ്റിയുള്ള ഒരു കഥയെഴുതാനുള്ള ഒരുക്കത്തിലാണവളിപ്പോൾ. തന്നെ ഒറ്റയ്ക്കാക്കിയ തന്റെ സുഹൃത്തുക്കൾക്ക് വേണ്ടിയും താനാരാണെന്ന് അറിയാതെ തന്നെ സ്നേഹിക്കുന്ന ഒരുപാട് വായനക്കാർക്ക് വേണ്ടിയും. അവൾ ഇപ്പോൾ ഹാപ്പിയാണ്. പ്രകൃതിയോടും പുസ്തകങ്ങളോടും കൂട്ടുകൂടാനാണവൾക്കിപ്പോളിഷ്ടം. എങ്കിലും തന്റെ ചുറ്റിലുമുള്ള

ആരുടേയും ഏത് ആവശ്യങ്ങൾക്കും അവൾ സഹായിക്കാറുണ്ട്. അവളെ ഇഷ്ടപ്പെടാൻ അവളെപ്പോലെ തന്നെ ഒറ്റപ്പെട്ടുപ്പോയ സുഹൃത്തും. ഒരേ അവസ്ഥയിലൂടെ കടന്ന് പോകുന്ന രണ്ട് പേർ തമ്മിൽ കൂട്ടി മുട്ടിയാൽ വളരെ പെട്ടെന്നു തന്നെ അവർ സുഹൃത്തുക്കളായി മാറും. അവൾക്കാരോടും ദേഷ്യമില്ല, പരിഭവമില്ല. ഇപ്പോൾ അവളെത്തിയിരിക്കുന്ന ഈ നിലക്ക് കാരണക്കാരും അവളുടെ പഴയ സുഹൃത്തുക്കൾ ആയിരുന്നല്ലോ.



Amina Wadud

# ഇസ്‌ലാമിക് ഫെമിനിസം; ഒരു ചതിക്കുഴി



INSIDE THE
GENDER
JIHAD
WOMEN'S REFORM IN ISLAM

അനീസ റഷീദ്

ഇസ്‌ലാമിക ഫെമിനിസം എന്നത് ഇസ്‌ലാമിലെ സ്ത്രീകളുടെ പങ്കുമായി ബന്ധപ്പെട്ട ഫെമിനിസത്തിന്റെ ഒരു രൂപമാണ്. പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും ലിംഗഭേദമില്ലാതെ എല്ലാ മുസ്ലീങ്ങളുടെയും സമ്പൂർണ്ണ സമത്വമാണ് ഇത് ലക്ഷ്യമിടുന്നത്. ഇസ്ലാമിക ഫെമിനിസ്റ്റുകൾ സ്ത്രീകളുടെ അവകാശങ്ങൾ, ലിംഗസമത്വം, ഇസ്ലാമിക ചട്ടക്കൂടിൽ അധിഷ്ഠിതമായ സാമൂഹിക നീതി എന്നിവയെ വാദിക്കുന്നു. ഇസ്ലാമിൽ വേരൂന്നിയതാണെങ്കിലും, പ്രസ്ഥാനത്തിന്റെ പയനിയർമാർ മതേതര, പാശ്ചാത്യ, അല്ലെങ്കിൽ മുസ്‌ലിം ഇതര ഫെമിനിസ്റ്റ് വ്യവഹാരങ്ങൾ ഉപയോഗിക്കുകയും, ഒരു സംയോജിത ആഗോള ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി ഇസ്ലാമിക ഫെമിനിസത്തിന്റെ പങ്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്ഥാനത്തിന്റെ വക്താക്കൾ മതത്തിലെ സമത്വത്തിന്റെ പഠിപ്പിക്കലുകൾ ഉയർത്തിക്കാട്ടാനും ഖുർആനും ഹദീസും പുനർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇസ്‌ലാമിന്റെ പുരുഷാധിപത്യ വ്യാഖ്യാനങ്ങളെ ചോദ്യം ചെയ്യാനും പ്രോത്സാഹിപ്പിക്കുന്നു. പ്രമുഖ ചിന്തകരിൽ ആമിന വദൂദ്, ലീല അഹമ്മദ്, ഫാത്തിമ മെർനിസി, അസീസ അൽ-ഹിബ്രി, റിഫത്ത് ഹസ്സൻ, അസ്മ ലാംറബെറ്റ്, അസ്മ ബർലാസ് എന്നിവരും ഉൾപ്പെടുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യം മുതൽ, മുസ്ലീം സ്ത്രീകളും പുരുഷന്മാരും വിദ്യാഭ്യാസം, ഏകാന്തത, മൂടുപടം, ബഹുഭാര്യത്വം, അടിമത്തം, വെപ്പാട്ടി എന്നിവയുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളെ വിമർശിച്ചുവരുന്നു. ആധുനിക മുസ്ലീങ്ങൾ ഈ ആചാരങ്ങളെ ചോദ്യം ചെയ്യുകയും പരിഷ്കരണത്തിന് വേണ്ടി വാദിക്കുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിലെ സ്ത്രീകളുടെ നിലയെ കുറിച്ച് ഒരു ചർച്ച നടക്കുന്നുണ്ട്, യാഥാസ്ഥിതികരും ഇസ്ലാമിക ഫെമിനിസ്റ്റുകളും ഖുർആനും ഹദീസും മുസ്ലീം ചരിത്രത്തിലെ പ്രമുഖ സ്ത്രീകളും സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് തെളിവായി ഉപയോഗിക്കുന്നു, ആദ്യകാല ഇസ്‌ലാം കൂടുതൽ സമത്വത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ഫെമിനിസ്റ്റുകൾ വാദിക്കുന്നു.

ആദർശങ്ങൾ, അതേസമയം ലിംഗ അസമമിതികൾ ദൈവികമായി നിയമിക്കപ്പെട്ടതാണ് എന്ന് യാഥാസ്ഥിതികർ വാദിക്കുന്നു

ഖുർആനെയും ഹദീസിനെയും സമത്വപരമായി വ്യാഖ്യാനിക്കുകയും പൊതു-വ്യക്തിഗത മേഖലകളിൽ സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടി വാദിക്കുകയും ചെയ്യുന്ന മുസ്ലീങ്ങളാണ് ഇസ്ലാമിക ഫെമിനിസ്റ്റുകൾ. ഇസ്‌ലാമിക ഫെമിനിസ്റ്റുകൾ ഇസ്‌ലാമിന്റെ പുരുഷാധിപത്യപരവും ലിംഗവിവേചനപരവും സ്ത്രീവിരുദ്ധവുമായ ധാരണകളെ വിമർശിക്കുന്നു. ഇസ്ലാമിക ഫെമിനിസ്റ്റുകൾ ഖുർആനെ ലിംഗസമത്വത്തെ പ്രോത്സാഹിപ്പിക്കുന്നതായി മനസ്സിലാക്കുന്നു.ഇസ്‌ലാമിക ഫെമിനിസം ഇസ്‌ലാമിന്റെ വ്യവഹാരത്തിനുള്ളിൽ ഖുർആൻ അതിന്റെ കേന്ദ്ര ഗ്രന്ഥമായി നങ്കൂരമിട്ടിരിക്കുന്നു. ഇസ്ലാമിക ഫെമിനിസം ഖുർആനിൽ നിന്നാണ് അതിന്റെ ധാരണയും കൽപ്പനയും ഉരുത്തിരിഞ്ഞത്, സ്ത്രീകൾക്കും പുരുഷന്മാർക്കും അവരുടെ അസ്തിത്വത്തിന്റെ മൊത്തത്തിൽ അവകാശങ്ങളും നീതിയും തേടുന്നു എന്ന് ചരിത്രകാരനായ മാർഗോട്ട് ബദ്രൻ പ്രസ്താവിക്കുന്നു.

ഖുർആനും ഹദീസും ഒരു ഇസ്ലാമിക ഗവൺമെന്റിനെ നിർബന്ധമാക്കുന്നു എന്ന ധാരണയായ രാഷ്ട്രീയ ഇസ്ലാമിന്റെ വക്താക്കളാണ് ഇസ്ലാമിസ്റ്റുകൾ. ചില ഇസ്ലാമിസ്റ്റുകൾ പൊതുമേഖലയിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി വാദിക്കുന്നു, എന്നാൽ വ്യക്തിപരവും സ്വകാര്യവുമായ മേഖലകളിലെ ലിംഗ അസമത്വത്തെ വെല്ലുവിളിക്കുന്നില്ല. സുഡാനീസ് അക്കാദമികനും ഇസ്ലാമിക രാഷ്ട്രീയക്കാരനുമായ സുആദ് അൽ-ഫാത്തിഹ് അൽ-ബദാവി, ഫെമിനിസം തഖ്‌വയുമായി (ഭക്തിയുടെ ഇസ്ലാമിക സങ്കൽപ്പം) പൊരുത്തപ്പെടുന്നില്ലെന്നും അതിനാൽ ഇസ്‌ലാമും ഫെമിനിസവും പരസ്പരവിരുദ്ധമാണെന്നും വാദിച്ചു. ഇസ്ലാമും ഫെമിനിസവും പരസ്പരവിരുദ്ധമല്ലെന്ന് ബദ്രൻ വാദിക്കുന്നു.

ഇസ്ലാമിക ഫെമിനിസത്തിന്റെ ധാരണകളിലും നിർവചനങ്ങളിലും ഇസ്ലാമിക ഫെമിനിസ്റ്റുകൾ വ്യത്യസ്തരാണ്. മതേതര ഫെമിനിസ്റ്റുകളും ഇസ്ലാമിക ഫെമിനിസവും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്തുകൊണ്ട് ഇസ്ലാമിക പണ്ഡിതനായ അസ്മ ബർലാസ് ബദ്രന്റെ വീക്ഷണങ്ങൾ പങ്കുവെക്കുന്നു, ജനസംഖ്യയുടെ 98% മുസ്ലീങ്ങൾ ഉള്ള രാജ്യങ്ങളിൽ അതിന്റെ അടിസ്ഥാന വിശ്വാസങ്ങളിൽ ഇടപെടുന്നത് ഒഴിവാക്കാനാവില്ല.

എലിസബത്ത് സെഗ്രാൻ പറയുന്നത്,




സ്ത്രീകൾക്കെതിരായ എല്ലാത്തരം വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള കൺവെൻഷനിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യാവകാശങ്ങളെക്കുറിച്ച് സംസാരിക്കുന്നത് (CEDAW) സാധാരണ മുസ്ലീം സ്ത്രീകളിൽ ഉടനടി അനുരണനം സൃഷ്ടിക്കുന്നില്ല; ഇസ്‌ലാം അവരുടെ മൂല്യങ്ങളുടെ ഉറവിടമായതിനാൽ, മനുഷ്യാവകാശ ചട്ടക്കൂടുകളെ ഇസ്‌ലാമുമായി സമന്വയിപ്പിക്കുന്നതിൽ അർത്ഥമുണ്ട്.

ഇസ്ലാമിക ലോകത്ത് ഫെമിനിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദക്ഷിണാഫ്രിക്കൻ മുസ്ലീം പണ്ഡിതയായ ഫാത്തിമ സീദത്ത് ബർലസിനോടും ബദ്രാനോടും യോജിക്കുന്നു. എന്നിരുന്നാലും, ഇസ്ലാമിക് ഫെമിനിസം എന്ന പദം അനാവശ്യമാണെന്ന് അവർ ചർച്ച ചെയ്യുന്നു, കാരണം ഫെമിനിസം ഒരു സാമൂഹിക സമ്പ്രദായമാണ്, കേവലം വ്യക്തിഗത സ്വത്വമല്ല. ഇസ്ലാമികവും ഫെമിനിസവും കൂടിച്ചേരുന്നത് കൂടുതൽ സംഘർഷം സൃഷ്ടിക്കുകയും ഇസ്ലാമിസ്റ്റുകൾക്ക് കൂടുതൽ വാതിലുകൾ തുറക്കുകയും ചെയ്യുന്നുവെന്ന് സീദാത്ത് വിശ്വസിക്കുന്നു. തങ്ങളുടെ രാഷ്ട്രീയ ആവശ്യങ്ങൾക്കനുസരിച്ച് ഖുർആനെ വ്യാഖ്യാനിക്കുകയോ തെറ്റായി വ്യാഖ്യാനിക്കുകയോ ചെയ്യുക. ഖുർആനിന്റെ വരികളിൽ ഫെമിനിസം എങ്ങനെ നിലനിന്നിരുന്നു എന്നതിനെക്കുറിച്ച് സംസാരിക്കുന്നതും ചിത്രീകരിക്കുന്നതും പ്രധാനമാണെന്ന് അവർ വിശ്വസിക്കുന്നു. രണ്ടിനെയും വേർപെടുത്തി അവരുടേതായ ഇടം നൽകുന്നതിലൂടെ, അത് എല്ലാവരേയും (പുരുഷന്മാർ, സ്ത്രീകൾ, മുസ്ലീങ്ങൾ, അമുസ്ലിംകൾ) കൂടുതൽ ഉൾക്കൊള്ളുന്നതാണ്. ഫെമിനിസവും ഇസ്‌ലാമിക ഫെമിനിസവും: അപര്യാപ്തതയ്ക്കും അനിവാര്യതയ്ക്കും ഇടയിൽ എന്ന അതേ ലേഖനത്തിൽ, അത്തരമൊരു പദത്തിന്റെ അസ്തിത്വം മുസ്‌ലിംകളെ വേർപെടുത്തുകയും അവരെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും സാർവത്രിക ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ

നിന്നും ഒറ്റപ്പെടുത്തുകയും ചെയ്യുന്നുവെന്ന് സീദാത്ത് വിശദീകരിക്കുന്നു. ഇസ്‌ലാം ഫെമിനിസത്തിന് എന്താണ് വാഗ്ദാനം ചെയ്യുന്നതെന്ന് ലോകമെമ്പാടും പങ്കിടേണ്ടതിന്റെ പ്രാധാന്യവും ഇസ്‌ലാമിക ഫെമിനിസ്റ്റുകൾ എന്ന് സ്വയം പരാമർശിക്കാതെ ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രം കാണിക്കേണ്ടതിന്റെ പ്രാധാന്യവും അവർ തന്റെ ലേഖനത്തിൽ പറയുന്നു.

പാശ്ചാത്യ ഫെമിനിസം മുസ്ലീം സ്ത്രീകളേയും പൊതുവെ നിറമുള്ള സ്ത്രീകളേയും ഒഴിവാക്കുന്നതാണ് എന്ന വിശ്വാസത്തിൽ ചില മുസ്ലീം സ്ത്രീ എഴുത്തുകാരും ആക്ടിവിസ്റ്റുകളും തങ്ങളെ ഇസ്ലാമിക ഫെമിനിസ്റ്റുകളായി തിരിച്ചറിയുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഒരു ലെബനീസ്-അമേരിക്കൻ മുസ്ലീം പണ്ഡിതയായ അസീസ അൽ-ഹിബ്രി സ്വയം ഒരു സ്ത്രീവാദി ആയി സ്വയം തിരിച്ചറിഞ്ഞു

കഴിഞ്ഞ 150 വർഷമായി, മുസ്ലീം സ്ത്രീകൾക്കെതിരെ നടക്കുന്ന സാമൂഹിക തെറ്റുകൾ തിരുത്താൻ ശ്രമിക്കുന്ന ഇസ്ലാമിക പാരമ്പര്യത്തിൽ നിന്ന് തന്നെ നിരവധി പണ്ഡിത വ്യാഖ്യാനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഉദാഹരണത്തിന്, സ്ത്രീ ജനനേന്ദ്രിയ ഛേദം, കുടുംബ നിയമം തുല്യമാക്കൽ, പള്ളികളിലെ ക്ലറിക്കൽ, അഡ്മിനിസ്ട്രേറ്റീവ് സ്ഥാനങ്ങളിൽ സ്ത്രീകളെ പിന്തുണയ്ക്കുക, സിവിൽ, മത സ്ഥാപനങ്ങളിൽ ജഡ്ജിമാരാകാൻ മുസ്ലീം സ്ത്രീകൾക്ക് തുല്യ അവസരങ്ങളെ പിന്തുണയ്ക്കുക തുടങ്ങിയ ആചാരങ്ങൾ തടയാൻ ശ്രമിക്കുന്ന ഒരു പുതിയ ഇസ്ലാമിക നിയമശാസ്ത്രം ഉയർന്നുവരുന്നു. ആധുനിക ഫെമിനിസ്റ്റ് ഇസ്ലാമിക പണ്ഡിതന്മാർ അവരുടെ സൃഷ്ടിയെ കാണുന്നത് ദൈവവും പ്രവാചകനും നൽകിയ അവകാശങ്ങളുടെ പുനഃസ്ഥാപനമായാണ്, എന്നാൽ സമൂഹം നിഷേധിച്ചു.

## പത്തൊമ്പതാം നൂറ്റാണ്ട്

പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഇസ്ലാമിക ഫെമിനിസത്തിന്റെ ആധുനിക പ്രസ്ഥാനം ആരംഭിച്ചത്. ഐഷാ തൈമൂർ (1840 1902) ഒരു പ്രമുഖ എഴുത്തുകാരിയും ഈജിപ്തിലെ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ആദ്യകാല പ്രവർത്തകയുമായിരുന്നു. തൈമൂറിന്റെ രചനകൾ സ്ത്രീകളുടെ മേലുള്ള പുരുഷ ആധിപത്യത്തെ വിമർശിക്കുകയും സ്ത്രീകളുടെ ബുദ്ധിയും ധൈര്യവും ആഘോഷിക്കുകയും ചെയ്തു.

മറ്റൊരു ആദ്യകാല മുസ്ലീം ഫെമിനിസ്റ്റ് ആക്ടിവിസ്റ്റും എഴുത്തുകാരിയും സൈനബ് ഫവ്വാസ് (1860 1914) ആയിരുന്നു. ഫവ്വാസ് സ്ത്രീകളുടെ സാമൂഹികവും ബൗദ്ധികവുമായ നിലവാരത്തിനായി പുരുഷന്മാരുമായി വാദിക്കുകയും പ്രശസ്തരായ സ്ത്രീകളുടെ ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം എഴുതുകയും ചെയ്തു.

ബംഗാൾ മേഖലയിലെ ആദ്യകാല ഫെമിനിസ്റ്റ് പ്രവർത്തകയായിരുന്നു ബീഗം റൊകിയ (1880



1932) എന്നറിയപ്പെട്ടിരുന്ന റൊകെയ സഖാവത് ഹൊസൈൻ. ഹുസൈൻ സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രവർത്തകനും എഴുത്തുകാരനുമായിരുന്നു. ദക്ഷിണേഷ്യൻ സമൂഹങ്ങളിലെ പുരുഷാധിപത്യത്തെയും സ്ത്രീകളുടെ മൂടുപടം, വേർതിരിക്കൽ തുടങ്ങിയ പർദ സമ്പ്രദായത്തെയും അവർ വിമർശിച്ചു.

1899-ലെ വിമൻസ് ലിബറേഷൻ (തഹ്‌രീർ അൽ-മാറ) എന്ന പയനിയറിംഗ് പുസ്തകത്തിന്റെ രചയിതാവായ ഈജിപ്ഷ്യൻ നിയമജ്ഞനായ ഖാസിം അമിനെ ഈജിപ്ഷ്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പിതാവായി വിശേഷിപ്പിക്കാറുണ്ട്. അക്കാലത്ത് തന്റെ സമൂഹത്തിൽ നിലനിന്നിരുന്ന ബഹുഭാര്യത്വം, മൂടുപടം, പർദ്ദ തുടങ്ങിയ ചില ആചാരങ്ങളെ അമിൻ തന്റെ കൃതിയിൽ വിമർശിച്ചു. ഇസ്ലാമിലെ ലൈംഗിക വേർതിരിവ്. അനിസ്ലാമികവും ഇസ്ലാമിന്റെ യഥാർത്ഥ ആത്മാവിന് വിരുദ്ധവുമാണെന്ന് അദ്ദേഹം അവരെ അപലപിച്ചു. അദ്ദേഹത്തിന്റെ കൃതികൾ ഇസ്ലാമിക, അറബ് ലോകത്തുടനീളമുള്ള സ്ത്രീകളുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വലിയ സ്വാധീനം ചെലുത്തി, അത് ഇന്ന് വായിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നു. ധഅവലംബം ആവശ്യമാണ്.

ആധുനിക ഇസ്ലാമിക ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിൽ ഖാസിം അമീന്റെ സ്വാധീനം ഉണ്ടായിരുന്നിട്ടും, ഇന്നത്തെ പണ്ഡിതയായ ലീല അഹമ്മദ് അദ്ദേഹത്തിന്റെ കൃതികളെ ആൻഡ്രോസെന്റ്‌റിക്, കൊളോണിയലിസ്റ്റ് ആയി കണക്കാക്കുന്നു.ഈജിപ്ഷ്യൻ ദേശീയവാദിയും ഇസ്‌ലാമിക ആധുനികതയുടെ വക്താവുമായ മുഹമ്മദ് അബ്ദുവിന് തന്റെ കൃതിയുടെ അധ്യായങ്ങൾ എളുപ്പത്തിൽ എഴുതാൻ കഴിയുമായിരുന്നു. സ്ത്രീകളെ കുറിച്ച് പുരുഷ കേന്ദ്രീകൃതമായ പല തെറ്റിദ്ധാരണകളും അമീൻ ഉന്നയിച്ചു, അതായത്, സ്നേഹം അനുഭവിക്കാനുള്ള കഴിവില്ലായ്മ, സ്ത്രീകൾ അവരുടെ സാന്നിധ്യത്തിന് പുറത്ത് തങ്ങളുടെ ഭർത്താവിനെക്കുറിച്ച് അനാവശ്യമായി സംസാരിക്കുന്നു, മുസ്ലീം വിവാഹം അജ്ഞതയിലും ഇന്ദ്രിയതയിലും അധിഷ്ഠിതമാണ്, അതിൽ സ്ത്രീകളാണ് പ്രധാന ഉറവിടം. എന്നിരുന്നാലും, അവരുടെ സമൂഹങ്ങളെക്കുറിച്ചുള്ള ഫെമിനിസ്റ്റ് വിമർശനത്തിൽ അമീനെക്കാൾ മുമ്പുണ്ടായിരുന്ന സ്ത്രീകൾ അത്രയധികം അറിയപ്പെടുന്നില്ല. 1892-ലെ ആദ്യ ലക്കങ്ങൾ മുതൽ ഈജിപ്തിലെ വനിതാ മാധ്യമങ്ങൾ ഇത്തരം ആശങ്കകൾ പ്രകടിപ്പിക്കാൻ തുടങ്ങി. ഈജിപ്ഷ്യൻ, ടർക്കിഷ്, ഇറാനിയൻ, സിറിയൻ, ലെബനീസ് സ്ത്രീകളും പുരുഷന്മാരും ഒരു ദശാബ്ദം മുമ്പുതന്നെ യൂറോപ്യൻ ഫെമിനിസ്റ്റ് മാസികകൾ വായിക്കുകയും മിഡിൽ ഈസ്റ്റിലെ അവയുടെ പ്രസക്തി ചർച്ച ചെയ്യുകയും




ചെയ്തു.

## ഇരുപതാം നൂറ്റാണ്ട്

ഐഷ അബ്ദുൾ റഹ്മാൻ, ബിൻത് അൽ-ഷാതി (നദീതീരത്തിന്റെ മകൾ) എന്ന തന്റെ തൂലികാനാമത്തിൽ എഴുതുന്നത്, ഖുർആൻ വ്യാഖ്യാനം നടത്തിയ ആദ്യ വ്യക്തികളിൽ ഒരാളായിരുന്നു, അവൾ സ്വയം ഒരു ഫെമിനിസ്റ്റായി കണക്കാക്കിയില്ലെങ്കിലും, അവളുടെ കൃതികൾ ഫെമിനിസ്റ്റിനെ പ്രതിഫലിപ്പിക്കുന്നു. തീമുകൾ. 1959-ൽ അവൾ തന്റെ ജനപ്രിയ പുസ്തകങ്ങൾ നിർമ്മിക്കാൻ തുടങ്ങി, അതേ വർഷം തന്നെ നജീബ് മഹ്ഫൂസ് മുഹമ്മദിന്റെ ജീവിതത്തിന്റെ സാങ്കൽപ്പികവും സ്ത്രീപക്ഷവുമായ പതിപ്പ് പ്രസിദ്ധീകരിച്ചു. മുഹമ്മദ് നബിയുടെ മാതാവ്, ഭാര്യമാർ, പുത്രിമാർ എന്നിവരുൾപ്പെടെയുള്ള ഇസ്ലാമിലെ ആദ്യകാല സ്ത്രീകളുടെ ജീവചരിത്രങ്ങളും സാഹിത്യ നിരൂപണവും അവർ എഴുതി.

അഫ്ഗാനിസ്ഥാനിലെ സൊറയ രാജ്ഞി സ്ത്രീകൾക്ക് വിദ്യാഭ്യാസവും വോട്ടവകാശവും നേടുന്നതിനായി പരിഷ്കരണത്തിന് നേതൃത്വം നൽകി. സിറിയയിൽ ജനിച്ച അഫ്ഗാനിസ്ഥാനിലെ രാജ്ഞി സ്ത്രീകൾ പുരുഷന്മാർക്ക് തുല്യരായിരിക്കണമെന്ന് വിശ്വസിച്ചിരുന്നു. ദുരുപയോഗത്തിൽ നിന്നും ഗാർഹിക പീഡനങ്ങളിൽ നിന്നും പെൺകുട്ടികളെയും സ്ത്രീകളെയും സംരക്ഷിക്കുന്നതിനായി ഒരു വനിതാ മാസികയും ഒരു വനിതാ സംഘടനയും സ്ഥാപിച്ചത് സൊരായ രാജ്ഞിയാണ്, ഇത് മുസ്ലീം ലോകത്തെ ആദ്യത്തെ ഫെമിനിസ്റ്റ് ആണെന്ന് ചിലർ വാദിക്കുന്നു. വിദേശത്ത് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് അഫ്ഗാൻ യുവാക്കളെയും യുവതികളെയും അവർ ക്രമീകരിച്ചു. 1928-ൽ വ്യാപകമായ കലാപം സംഘടിപ്പിച്ച തീവ്ര യാഥാസ്ഥിതിക ഇസ്ലാമിസ്റ്റുകൾ ലിബറൽ പരിഷ്കാരങ്ങൾ ദയയോടെ സ്വീകരിച്ചില്ല. ഒരു നീണ്ട ആഭ്യന്തരയുദ്ധത്തിന്റെ ഭീകരതയിൽ നിന്ന് രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ,

അമാനുല്ല രാജാവും സൊറയ രാജ്ഞിയും സ്ഥാന ത്യാഗം ചെയ്യുകയും ഒപ്പം നാടുകടത്തുകയും ചെയ്തു. അവരുടെ കുടുംബം 1929-ൽ റോമിലേക്ക്.

മൊറോക്കൻ എഴുത്തുകാരിയും സാമൂഹ്യശാസ്ത്രജ്ഞയുമായ ഫാത്തിമ മെർനിസി ഒരു പ്രമുഖ മുസ്ലീം ഫെമിനിസ്റ്റ് ചിന്തകയായിരുന്നു. അവളുടെ ബിയോണ്ട് ദി വെയിൽ എന്ന പുസ്തകം മൊറോക്കൻ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വീക്ഷണത്തിലൂടെ ഇസ്ലാമിക സമൂഹങ്ങളിലെ സ്ത്രീകളുടെ അടിച്ചമർത്തലുകളും ലൈംഗിക, ലിംഗ സ്വത്വവും എന്ന പ്രത്യയശാസ്ത്രത്തെ പര്യവേക്ഷണം ചെയ്യുന്നു.ധ34പ ഇസ്ലാമിക സമൂഹങ്ങളിലെ സ്ത്രീകളുടെ അവകാശങ്ങൾ അടിച്ചമർത്തുന്നത് രാഷ്ട്രീയ പ്രേരണയുടെയും അനന്തരഫലമായ ഹദീസിന്റെ കൃത്രിമ വ്യാഖ്യാനത്തിന്റെയും ഫലമാണെന്ന് തന്റെ പുസ്തകവും പുരുഷ വരേണ്യവും എന്ന പുസ്തകത്തിൽ മെർനിസി വാദിച്ചു, ഇത് മുഹമ്മദ് വിഭാവനം ചെയ്ത സമത്വ ഇസ്ലാമിക പുരുഷ-സ്ത്രീ സമൂഹത്തിന് വിരുദ്ധമാണ്. ധ35പ ആദർശ മുസ്ലീം സ്ത്രീ നിശബ്ദയും അനുസരണയുള്ളവളും ആയിരിക്കുന്നതിന് ഇസ്ലാമിന്റെ സന്ദേശവുമായി യാതൊരു ബന്ധവുമില്ലെന്ന് മെർനിസി വാദിച്ചു. അവളുടെ വീക്ഷണത്തിൽ, യാഥാസ്ഥിതിക മുസ്ലീം പുരുഷന്മാർ സ്ത്രീകളെ ലൈംഗിക വിമോചനത്തിൽ നിന്ന് തടയുന്നതിനായി അവരുടെ പുരുഷാധിപത്യ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനായി ഖുറാനെ പരിഷ്കരിച്ചു; അങ്ങനെ കർശനമായ മൂടുപടം ന്യായീകരിക്കുകയും അവരുടെ അവകാശങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

ഇരുപതാം നൂറ്റാണ്ടിലെ ഇസ്ലാമിക ഫെമിനിസ്റ്റ് ആമിന വദൂദ് ആണ്. വദൂദ് ഒരു ആഫ്രിക്കൻ-അമേരിക്കൻ കുടുംബത്തിൽ ജനിച്ച് ഇസ്ലാം മതം സ്വീകരിച്ചു. 1992-ൽ വദൂദ് ഖുറാൻ ആൻഡ് വുമൺ പ്രസിദ്ധീകരിച്ചു, ഇത് ഖുർആനിന്റെ പുരുഷാധിപത്യ വ്യാഖ്യാനങ്ങളെ വിമർശിച്ചു.

ആധുനിക ഇസ്ലാമിക ഫെമിനിസത്തിന്റെ ചില വിഭാഗങ്ങൾ ഖുർആനിക തത്വങ്ങളിൽ മാത്രം ഊന്നൽ നൽകുന്ന ഒരു പ്രസ്ഥാനത്തിന് അനുകൂലമായി ഹദീസുകളെ തങ്ങളുടെ പ്രത്യയശാസ്ത്രത്തിൽ നിന്ന് പൂർണ്ണമായി നീക്കം ചെയ്യാൻ തീരുമാനിച്ചു. ഖുർആനിൽ വിവരിച്ചിരിക്കുന്ന മാനവികതയുടെ സാർവത്രിക അവകാശങ്ങൾ എന്ന് കരുതപ്പെടുന്ന കാര്യങ്ങൾ സാന്ദർഭിക നിയമങ്ങൾക്കും ചട്ടങ്ങൾക്കും മുൻഗണന നൽകുന്ന ഒരു ദൈവശാസ്ത്രം ആവിഷ്കരിച്ചുകൊണ്ട് അത്തരം ഒരു പ്രസ്ഥാനത്തെ റിഫാത്ത് ഹസ്സൻ വാദിച്ചിട്ടുണ്ട്.വേദഗ്രന്ഥമായി മാത്രം എടുത്ത ഖുറാൻ സ്ത്രീകളെ പുരുഷന്റെ സൃഷ്ടിയായോ മനുഷ്യന്റെ പതനത്തിന്റെ പ്രേരകനായോ അവതരിപ്പിക്കുന്നില്ലെന്നും അവർ അവകാശപ്പെട്ടു. ഈ ദൈവശാസ്ത്ര പ്രസ്ഥാനം കെസിയ അലിയെപ്പോലുള്ള മറ്റ് മുസ്ലീം ഫെമിനിസ്റ്റുകളുടെ വിമർശനത്തിന് വിധേയമായിട്ടുണ്ട്, ഇസ്ലാമിക സമൂഹത്തിൽ കൂടുതൽ സമത്വ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിന് സഹായകമായേക്കാവുന്ന മുസ്ലീം പാരമ്പര്യത്തിലെ ഘടകങ്ങളെ അവഗണിച്ചതിന് അതിന്റെ തിരഞ്ഞെടുത്ത സ്വഭാവത്തെ വിമർശിച്ചു.

**ഇരുപത്തിയൊന്നാം നൂറ്റാണ്ട്**

ഇസ്ലാമിക ഫെമിനിസ്റ്റ് സ്കോളർഷിപ്പും ആക്ടിവിസവും 21-ാം നൂറ്റാണ്ടിലും തുടർന്നു. 2015-ൽ, ഒരു കൂട്ടം മുസ്ലീം ആക്ടിവിസ്റ്റുകളും രാഷ്ട്രീയക്കാരും എഴുത്തുകാരും ചേർന്ന് ഒരു പരിഷ്കരണ പ്രഖ്യാപനം പുറത്തിറക്കി, മറ്റ് കാര്യങ്ങളിൽ, സ്ത്രീകളുടെ അവകാശങ്ങളെയും സംസ്ഥാനങ്ങളെയും ഭാഗികമായി പിന്തുണയ്ക്കുന്നു, പൈതൃകം, സാക്ഷി, ജോലി എന്നിവയ്ക്കുള്ള തുല്യ അവകാശങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്ക് തുല്യ അവകാശങ്ങളെ ഞങ്ങൾ പിന്തുണയ്ക്കുന്നു. മൊബിലിറ്റി, വ്യക്തിനിയമം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ.പള്ളികളിലും ബോർഡുകളിലും നേതൃത്വത്തിലും സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യാവകാശമുണ്ട്. ലിംഗവിവേചനവും സ്ത്രീവിരുദ്ധതയും ഞങ്ങൾ നിരാകരിക്കുന്നു. മുസ്ലീം നവീകരണ പ്രസ്ഥാനത്തിന്റെ സ്ഥാപക പ്രഖ്യാപനവും പ്രഖ്യാപനം പ്രഖ്യാപിച്ചു. മിഡിൽ ഈസ്റ്റേൺ തീവ്രവാദ ഗ്രൂപ്പുകളുടെ വിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കുക. അസ്രനൊമാനിയും മറ്റുള്ളവരും ഇസ്ലാമിക് സെന്റർ ഓഫ് വാഷിംഗ്ടണിന്റെ വാതിലിൽ പ്രഖ്യാപനം നടത്തി.

മിഡിൽ ഈസ്റ്റിലെ ഫെമിനിസത്തിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്, അഫ്ഗാനിസ്ഥാനിലെ ഭീകരതയ്ക്കെതിരായ യുദ്ധത്തിൽ നേരിട്ട് സ്വാധീനം ചെലുത്തിയതിനാൽ, അധികാരത്തിന്റെയും ദൈനംദിന ജീവിതത്തിന്റെയും എല്ലാ സംഭാഷണങ്ങളിലും സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടി വളർന്ന് പോരാടുന്നത് തുടരുന്നു.

ഇന്നത്തെ മുസ്ലീം ഫെമിനിസ്റ്റ് എഴുത്തുകാരിൽ അയ്ഷ ഹിദായത്തുള്ള, കെസിയ അലി, അസ്മ ലംറബെറ്റ്, ഓൾഫ യൂസഫ്, മൊഹ്ജ കഹ്ഫ് എന്നിവരും ഉൾപ്പെടുന്നു.

# അച്ഛൻ

ആമി

ജീവിച്ചുതീർത്ത എഴുത്തോല
ത്താളൊന്നു പൊടിതട്ടി മറിക്കണം.
വിയർപ്പിന്റെ മണമുള്ള
മണ്ണിന്റെ നിറമുള്ള
ആ മഹാ കാവ്യമൊന്ന്
ഓർത്തെടുക്കണം.
ചില്ലകൾ വാടാതിരിക്കാൻ
പാറക്കെട്ടുകൾ തുരന്ന്
ജലം തേടി പോയ വേരിനെ നമിക്കണം.
പൊള്ളുന്ന വെയിലേറ്റ്
തണലേകിയ വൃക്ഷത്തെ
കൈകളാലൊന്ന് തലോടണം.
വിയർപ്പിന്റെ ഉപ്പുരസത്താൽ
ജീവിതം മധുരമാക്കിതന്ന
തിരുനെറ്റിയിലൊന്ന് ചുംബിക്കണം.
നെഞ്ചിൽ ഗർഭം ചുമന്ന,
വീടിന്റെ കാവലായ,
കരുതലിന്റെ പര്യായമായ,
അക്ഷരക്കൂട്ടിൽ തണലായ,
സ്വപ്നങ്ങൾ വഴിയിലുപേക്ഷിക്കേണ്ടി വന്ന,
ആയിരം അർത്ഥതലങ്ങളുൾക്കൊള്ളുന്ന
മഹാകാവ്യമൊന്നു വായിച്ചുതീർക്കണം...



# മുസ്‌ലിം സ്ത്രീ ചരിത്രവും വർത്തമാനവും

അഹ്സന വി.എസ്

എല്ലാ കാലഘട്ടത്തിലും ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് മുസ്ലിം സ്ത്രീ. അല്ലാഹുവിന്റെ സൃഷ്ടിപ്പുകളിൽ വെച്ചുകൊണ്ട് തന്നെ ഏറ്റവും പ്രാധാന്യവും ശ്രേഷ്ഠതയും ഉൾക്കൊണ്ട ഒരു സൃഷ്ടി തന്നെയാണ് സ്ത്രീ. പടച്ചവൻ തന്റെ സൃഷ്ടികളിൽവെച്ച് ഏറ്റവും അധികം നിലയും വിലയും ഈ സൃഷ്ടിക്ക് നൽകുന്നുണ്ട്. എന്നാൽ മുസ്ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ഇഷ്ടങ്ങളും അഭിപ്രായങ്ങളും മറ്റും ഇസ്‌ലാം ആദരിക്കപ്പെടുന്നു. അവൾക്ക്  അവളുടെ കാര്യങ്ങൾ നിർവഹിക്കാനും മറ്റു പല മേഖലകളിലും ആദരിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും സ്വാതന്ത്ര്യമുണ്ട്. മറ്റു മതസ്ഥർക്ക് മുസ്‌ലിം സ്ത്രീയെ അളവ് കോൽ ആയി ക്കൊണ്ടും അവളുടെ ഉയർച്ചയെ കണ്ട് ആദരിക്കുന്നതിനും കാരണമായത് എന്താണ്?

ചരിത്രത്തിലെ മുസ്ലിം സ്ത്രീകളെ പറ്റി ഒന്ന് ചിന്തിച്ചു നോക്കേണ്ടതുണ്ട്. അവരുടെ ചരിത്രങ്ങളിലേക്ക് ഇറങ്ങിച്ചെന്നു നോക്കി കഴിഞ്ഞാൽ കാണാം ആരായിരുന്നു അവർ എങ്ങനെയായിരുന്നു അവർ എന്നത്. മുസ്ലിം സ്ത്രീയുടെ തലമുറ തുടക്കം കുറിക്കുന്നത് ഒരു മാതാവിന്റെയും പിതാവിന്റെയും പുത്രി ആയിക്കൊണ്ടും ഭർത്താവിൻറെ ഭാര്യയായിക്കൊണ്ടും മക്കളുടെ മാതാവായിക്കൊണ്ടും, അങ്ങനെ ഒരു ചങ്ങലയിലെ കണ്ണികൾ പോലെ പോകുന്നു അവളുടെ തുടർവുകൾ. ഓരോ മേഖലകളിൽ എത്തുമ്പോഴും അവളുടെ കടമകളും ബാധ്യതകളും ആദരവും ബഹുമാനവും ഉൾക്കൊള്ളുന്നതാണ് സ്ത്രീ തലമുറയുടെ കടന്നുപോക്ക്. ഇവിടങ്ങളിൽ ഒക്കെ കാലത്തിന്റെ ഒരു തേട്ടം എന്നപോലെ ചരിത്രത്തിലൂടെ ഇടം പിടിച്ച ഉമ്മമാരിൽ ചിലരെ നാം പരിചയപ്പെടേണ്ടിയിരിക്കുന്നു. ഖുർആനിലെ സൂറത്തുൽ തഹരീമിലെ പന്ത്രണ്ടാം സൂക്തത്തിൽ വിശ്വാസികൾക്ക് മാതൃകയായി എടുത്തു പറഞ്ഞ ഈസാ നബിയുടെ ഉമ്മ മറിയം അതിലൊന്നാണ്. ഞാനാണ് റബ്ബ് എന്ന് അഹങ്കാരത്തോടെ അട്ടഹസിച്ച ഫിർഔനിന് മുമ്പിൽ നേര് പറയുവാൻ ഉശിരുള്ള മൂസയെ വളർത്തിയ ഉമ്മയും നമുക്ക് മുമ്പിൽ മാതൃത്വത്തിന്റെ കരുതൽ എന്തെന്ന് ബോധ്യപ്പെടുത്തുന്നു. ഖുർആനിൽ സ്ത്രീകൾ എന്ന പേരിൽ ഒരു അധ്യായം തന്നെയുണ്ട്. അതുപോലെ തന്നെ



പ്രവാചക മൊഴികളിലും സ്ത്രീകളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.ഉമ്മുൽ മുഅ്മിനീൻ ആയ ആയിശ (റ) യിലൂടെ ഉദ്ധരിച്ച അനേകം ഹദീസുകളും നമുക്ക് കാണാൻ സാധിക്കും .

അജ്ഞതയുടെ കാലത്ത് ഒരു പെൺകുട്ടി ജനനം കൊണ്ടാൽ അവളുടെ മാതാപിതാക്കൾക്ക് ഭയമായിരുന്നു. അവളെ വളർത്തി വലുതാക്കാൻ അവർക്ക് ഭാഗ്യമില്ല. കാരണം ഈ കാലഘട്ടത്തിൽ പെൺകുട്ടി പിറന്നാൽ അവളെ കുഴിച്ചുമൂടേണ്ടതായ രൂപത്തിലുള്ള സംസ്കാരമായിരുന്നു അന്ന് നിലനിന്നിരുന്നത്. പെൺകുട്ടികളെ ആ കാലഘട്ടത്തിൽ പൊതുവേ അവർ വെറുക്കുകയും യുദ്ധത്തിൽ ബന്ധനസ്ഥരായി പിടികൂടുന്നത് മൂലമുള്ള അപമാനവും പട്ടിണിയും ഭയന്ന് കൊല്ലുകയുമാണ് ചെയ്തിരുന്നത്. ആരെങ്കിലും പെ ൺകുട്ടിയെ കുറിച്ച് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവൻറെ മുഖം കറുത്തിരുണ്ടു പോകുന്നു, അവർ കോപത്തെ അടക്കി വെക്കുന്നവനായിതീരുന്നു, ജനങ്ങളിൽ നിന്നവർ മറഞ്ഞു നടന്നിരുന്നു. പിന്നീട് അവർ ഓർക്കുന്നത് ഇത്ര നിന്ദ്യത സഹിച്ച് കൊണ്ട് അവളെ വളർത്തണമോ അതല്ല അവളെ മണ്ണിൽ കുഴിച്ചുമൂടണമോ എന്നതാണ് ചിന്തിക്കുക, അവൻ വിധിക്കുന്നത് എത്ര ചീത്ത കാര്യമാണ്.

പെൺകുട്ടികളെ സംബന്ധിച്ച് സന്തോഷ വാർത്ത അറിയിക്കപ്പെടുന്ന ഒരു പുരുഷന്റെ അവസ്ഥയാണ് മേൽ പറഞ്ഞ സൂക്തത്തിൽ വ്യക്തമാക്കുന്നത്. ചിലപ്പോൾ പെൺകുട്ടിയുടെ ജനനം പിതാവ് വീട് വിട്ടു പോകാനുള്ള കാരണമായിതീരുകയും ചെയ്യും. പ്രഗത്ഭ ചരിത്രകാരിയായിരുന്ന അസ്മ പറയുകയാണ് ഒരു സ്ത്രീ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. അവൾക്ക് ദൽഫാഅ് എന്ന് പേരിടുകയും ചെയ്തു അവളുടെ ജനനം പിതാവ് വീട് വിട്ടുപോകുവാൻ കാരണമായിത്തീരുന്നു. അപ്പോൾ ആ സ്ത്രീ ഇങ്ങനെ പാടുകയുണ്ടായി. ദൽഫാഇന്റെ പിതാവിന് എന്ത് പറ്റി, അദ്ദേഹം ഞങ്ങളുടെ അടുക്കൽ വരാത്തത് എന്ത്, ഞങ്ങളുടെ തൊട്ടടുത്തുള്ള ഒരു വീട്ടിലാണ് അദ്ദേഹം കഴിയുന്നത്, ഞങ്ങൾ ആൺകുഞ്ഞുങ്ങളെ പ്രസവിക്കാത്തത് കാരണമാണ് അദ്ദേഹം ഞങ്ങളിൽ നിന്നും മാറി താമസിക്കുന്നത്. അല്ലാഹുവാണ്

സത്യം! അതിനുള്ള കഴിവ് ഞങ്ങൾക്കില്ല, അവർ ഞങ്ങൾക്ക് നൽകുന്നത് സ്വീകരിക്കുകമാത്രമേ ഞങ്ങൾ ചെയ്യുന്നുള്ളൂ. അവൾ പറയുകയാണ്. ഞങ്ങൾ കർഷകരുടെ കൃഷിയിടം മാത്രമാണ്. അവർ ഞങ്ങളിൽ എന്ത് വിതയ്ക്കുന്നവോ അത് ഞങ്ങൾ മുളപ്പിക്കും ഈ ഗാനം കേട്ടപ്പോഴേക്കും അദ്ദേഹം കാര്യം തിരിച്ചറിയുകയും തമ്പിൽ പ്രവേശിച്ച് ഭാര്യയെ



ചുംബിക്കുകയും ചെയ്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു നീയാണ് സത്യം ഞാൻ നിങ്ങളെ രണ്ടുപേരെയും ദ്രോഹിച്ചിരിക്കുന്നു.

പെണ്ണിനോടുള്ള ഈ വിരോധം അജ്ഞാത കാലത്തെ വ്യാപിച്ചിരിക്കുന്നതാണ്. അക്കാലഘട്ടത്തിലുള്ള സ്ത്രീകളുടെ മതത്തിലുള്ള ഇടപെടലുകളെ പറ്റി നമുക്ക് നോക്കി കാണാം. അജ്ഞാന കാലസ്ത്രീകൾ നഗ്നരായിക്കൊണ്ട് കഅ്ബക്ക് ചുറ്റും പ്രദക്ഷിണം ചെയ്തിരുന്നു, എന്നറിയുമ്പോൾ അവർ മതത്തിൽ നിന്ന് അകലെയായിരുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ലാത്ത , ഉസ്സ, മനാത്ത എന്നീ പെൺദേവതകളെ അവർ ആരാധിച്ചിരുന്നു. അവർ ഇങ്ങനെ പറയുകയും ചെയ്തു ലാത്തയും ഉസ്സയും മനാത്തയും അവർ ഉന്നതരും സുന്ദരികളുമായ യുവതികളായിരുന്നു. അവരുടെ ശുപാർശ ആഗ്രഹിക്കപ്പെടുന്നതാകുന്നു. അവർ അല്ലാഹുവിന്റെ പെൺമക്കളാകുന്നു. അവർ അല്ലാഹുവിൻറെ അടുക്കൽ ശുപാർശ ചെയ്യുന്നതാണ്, എന്നിങ്ങനെയുള്ള കാര്യങ്ങൾ അവർ പറയാറുണ്ടായിരുന്നു. എന്നാൽ ഇതിനെ ചൂണ്ടിക്കൊണ്ട് അല്ലാഹുവിന്റെ വചനങ്ങളിലെ സൂചന അതിലേക്കാകുന്നു.

ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?, വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും, ( സന്താനമായി) നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ?, എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽ തന്നെനിങ്ങളും നിങ്ങളുടെ

പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ല അവ (ദേവതകൾ.) അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും ഇറക്കിതന്നിട്ടില്ല. ഊഹത്തെയും മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് സൻമാർഗം വന്നിട്ടുണ്ട് താനും..

മതത്തിന്റെ ഏറ്റവും പ്രധാന വിഭാഗമായി കണക്കാക്കിയിരുന്ന ജോത്സ്യവൃത്തിയിൽ നിന്നും അറബികൾ അകലെയായിരുന്നില്ല. അവരിൽ പെട്ട പല പെണ്ണുങ്ങളും ആ നാടുകളുടെ വിവിധ ഭാഗങ്ങളിൽ ജോൽസ്യ വൃത്തിയിൽ ഏർപ്പെട്ടിരുന്നു. ആ കാലത്ത് സ്ത്രീകൾ എല്ലാ കാര്യങ്ങളിലും മുൻനിരയിൽ ഉണ്ടായിരുന്നു ജോത്സ്യവൃത്തിയിലും ഗണിതത്തിലും പാണ്ഡിത്യമുള്ള, അതുപോലെ തന്നെ അറബി സാഹിത്യങ്ങളിൽ അവഗാഹമുള്ളവരായിരുന്നു അവർ. കവിതകളും, ശിലാലിഖിതങ്ങളും എഴുതുന്നതിൽ അവർ ഏർപ്പെട്ടിരുന്നു. അക്കാലത്തെ സ്ത്രീകളുടെ വിജ്ഞാന സമാഹാരമായിരുന്നു പ്രാചീന കാല അറബി സാഹിത്യം , വിശേഷിച്ച് കവിത. അറബികൾ ഉന്നത സംസ്കാരത്തിന്റെ ഉടമകൾ ആയിരുന്നു. അവർ പുരുഷനെപ്പോലെ തന്നെ ഈ സംസ്കാരത്തിൽ പങ്കാളികളായിരുന്നു. കവിതാരംഗത്ത് അന്ന് അറിയപ്പെട്ടിരുന്ന പ്രഗത്ഭ വനിതയായിരുന്ന ഹൻസാഅ് തൻറെ സഹോദരൻ സഹ്റിന് വേണ്ടി രചിച്ച വിലാപകാവ്യങ്ങൾ പ്രശസ്തമാണ്.

അതുപോലെ തന്നെ കവിതാ രംഗത്ത് അറിയപ്പെട്ടുകൊണ്ടിരുന്ന മറ്റൊരു വ്യക്തിത്വം ആയിരുന്നു ഇംറുൽ ഖൈസിന്റെ ഭാര്യയായ ഉമ്മു ജുന്തുബായിരുന്നു. മാത്രമല്ല അബ്ദുൽ മുത്തലിബിന്റെ മകൾ ആത്തിക്കയും അവരുടെ സഹോദരി മാരായ ഉമയ്ബയും ഉമ്മു ഹക്കീമും. ഇങ്ങനെ ഒരുപാട് സ്ത്രീകൾ കവിതയുടെ കവാടങ്ങൾ തുറന്നു കാട്ടിയിരുന്നു. സ്ത്രീകൾ അന്ന് സാഹിത്യ രംഗത്തും വൈജ്ഞാനികരംഗത്തും നിന്നുള്ള കാവ്യങ്ങൾ രചിച്ചിരുന്നു. അവർ എല്ലാ ഘടകങ്ങളിലൂടെയും കടന്നുവന്ന്, അലങ്കരിച്ചതായ അതിൻറെ ഓരോ കലകളെയും കൈകാര്യം ചെയ്തതായി കാണാം. മാത്രമല്ല അവർ അക്കാലഘട്ടത്തിലെ പുരുഷന്മാരിലേറെ മികവ് കാണിച്ചിരുന്നു. സർവ്വരംഗങ്ങളിലും അവർ അഥവാ സ്ത്രീകൾ പുരുഷന്മാരെ തോൽപ്പിച്ചിരുന്നു എന്ന് വരെ ചരിത്രങ്ങൾ നോക്കിയാൽ കാണാൻ സാധിക്കും. ഇതുപോലെ തന്നെ കവിതയിലും സാഹിത്യത്തിലും പ്രസംഗത്തിലും പ്രാവീണ്യമുള്ളവരും ഡോക്ടർമാരും വൈദ്യം ചെയ്യുന്നവരുമൊക്കെ ഉണ്ടായിരുന്ന ഒരു വിശാലവും സ്വതന്ത്രവുമായ കാലമായിരുന്നു ഇതെന്ന് മേൽപറഞ്ഞ സൂചകങ്ങളിൽ നിന്നും മനസ്സിലാക്കാം. അജ്ഞാനകാലത്തെ സവിശേഷതകൾ മുഴുവൻ ഉൾകൊണ്ട് ഇസ് ലാമിന്റെ ആരംഭകാലത്ത് വളർന്നു വന്ന ചില സ്ത്രീകളും ഉണ്ടായിരുന്നു. ഇങ്ങനെ കവിത പാടാനും പഠിക്കാനും വേണ്ടി മറ്റുള്ളവർക്ക് ദുർവിചാരമോ സംശയമോ കൂടാതെ ആണുങ്ങളും പെണ്ണുങ്ങളും ഒരുമിച്ചു കൂടുന്ന ഒരു അവസ്ഥയിലേക്ക് പുരോഗമനം സിദ്ധിച്ച നാട്ടിലെ ജനങ്ങൾക്ക് അല്ലാതെ എത്തിച്ചേരാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ ഏതൊരു നാട്ടിലെ സ്ത്രീകളുടെ അവസ്ഥ ഇതാണോ ഏതൊരു നാട്ടിലെ സ്ത്രീകളാണ് സാഹിത്യത്തിലും കവിതയിലും മുമ്പ് വിവരിച്ച പോലെ വളർന്നു വന്നിട്ടുള്ളത് ആ നാട് പുരോഗമനം സിദ്ധിച്ച നാടായിരുന്നു എന്നാണ് ചരിത്രങ്ങൾ പറയപ്പെടുന്നത്. അന്നത്തെ കാലത്ത് അവർ സ്ത്രീകൾ കുടുംബത്തിലും നാട്ടിലും ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നു. അവർ കുടുംബങ്ങളിൽ എങ്ങനെയായിരുന്നു ഭരിക്കുന്നത് അതുപോലെ തന്നെ നാട്ടിലേക്ക് ഇറങ്ങിയിരുന്നു. അതിൽ തന്നെ അവരെപ്പറ്റി പറയപ്പെടുന്നുണ്ട്, അവർക്ക് രാജ്യത്തിൻറെ സിംഹാസനത്തിൽ ഇരിക്കാൻവരെ അവൾക്ക് സാധിച്ചിരുന്നു.

അതായത് അവരുടെ ചരിത്രം ആരംഭിക്കുമ്പോൾ തന്നെ സ്വന്തം നാടിൻറെ ഉന്നതസ്ഥാനത്തിലേക്ക് അവർ എത്തിപ്പെട്ടിരുന്നു എന്ന് കാണാവുന്നതാണ്. അപ്പോൾ നമുക്ക് അജ്ഞാനകാലത്തെ സ്ത്രീകൾ തങ്ങളുടെ കേന്ദ്രം ഉറപ്പാക്കുന്നതിൽ വൻവിജയം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഈ പറഞ്ഞ കാര്യങ്ങളിൽ നിന്നും മനസ്സിലാക്കാം. അതിനുദാഹരണമായി നമുക്ക് കാണാവുന്നത് യമനിലെ രാജ്ഞയായിരുന്ന ഫാരികയെയും അതുപോലെ സബഅ് രാജ്ഞിയായിരുന്ന ബൽകീസ് രാജ്ഞിയെയും ഉദാഹരണമായി എടുക്കാം. നാം പറഞ്ഞു വെച്ചത് പോലെ അക്കാല സ്ത്രീകൾ ഒരുപാട് കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നവരാണ്.

അതുപോലെ തന്നെ അവർ പോർക്കളത്തിലും അവരുടെ സാന്നിധ്യം വഹിച്ചിരുന്നു. പക്ഷേ ശത്രുക്കളുമായി ഏറ്റുമുട്ടുന്നത് യുദ്ധക്കെടുതികളിൽ പങ്കെടുത്തിരുന്നതും കൂടുതലും പുരുഷന്മാരാണ്. അവർ തന്നെയാണ് (പുരുഷന്മാർ) അതിർത്തി സംരക്ഷണം ഏറ്റെടുത്തിരിക്കുന്നതും. അവർ (സ്ത്രീകൾ) യുദ്ധത്തിൽ പങ്കെടുക്കുകയാണെങ്കിൽ അവരാൽ കഴിയുന്ന ജോലികൾ അവർ ചെയ്യുമായിരുന്നു. യുദ്ധം ചെയ്യാൻ വേണ്ടി പ്രേരിപ്പിക്കും. മുറിവ് ഉണ്ടെങ്കിൽ അത് വെച്ച് കെട്ടി കൊടുക്കും. ഭക്ഷണം നൽകുകയും വെള്ളം കൊടുക്കുകയും ചെയ്തിരുന്നു. അവർ യുദ്ധത്തിൽ പുരുഷന്മാരെ

പോലെ പങ്കെടുത്തിരുന്നു. അജ്ഞാനകാല സ്ത്രീകളുടെ (അറബി ) ചരിത്രത്തിൽ അവർ പുരുഷന്മാരെ പോലെ തന്നെ യുദ്ധത്തിൽ പങ്കെടുത്തു എന്നതിന് ധാരാളം തെളിവും ഉദ്ധരിച്ചിട്ടുണ്ട്. അവർ യുദ്ധത്തിൽ പങ്കെടുക്കുക മാത്രമല്ല ചെയ്തിരുന്നത്. മറിച്ച് ജ്വലിക്കുന്ന വാക്കുകൾ കൊണ്ട് യുദ്ധത്തിനുവേണ്ടി പ്രേരിപ്പിക്കുമായിരുന്നു. ചരിത്രങ്ങളിൽ സ്ത്രീയുടെ എല്ലാത്തിനോടുമുള്ള പങ്ക് വലുതായിരുന്നു. ആ ചരിത്രത്താളുകളിലേക്ക് നോക്കുമ്പോഴാണ് അന്നത്തെ സ്ത്രീകളുടെ സ്വഭാവഗുണങ്ങളും വിശേഷണങ്ങളും വിജ്ഞാനപരമായ അറിവുകളിലേക്കുമുള്ള താല്പര്യവും മനസ്സിലാക്കാൻ കഴിയുന്നത്.

എന്നാൽ അതിൽ നിന്ന് എങ്ങനെയാണ് വർത്തമാനത്തിൽ മുസ്ലിം സ്ത്രീയുടെ അവസ്ഥ എന്ന് നമുക്കറിയാം. മതഗ്രന്ഥങ്ങളും പ്രവാചകന്മാരും പ്രബോധകരുമെല്ലാം പകർന്നു നൽകുന്ന പ്രകാശമാണ് മനുഷ്യനെ സംസ്കൃതിയിൽ പിടിച്ചുനിർത്തുന്നത്. ഈ പ്രകാശത്തിൽ നിന്ന് മനുഷ്യൻ ഓടി അകലുന്ന പക്ഷം അവിടെ ഇരുട്ട് വ്യാപിക്കും. ഇരുട്ടിൻറെ മറവിൽ അരുതായ്മകൾ പലതും പടർന്നു കയറും. അക്കൂട്ടത്തിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടും. വർത്തമാനകാലം അത്തമൊരു ഇരുട്ടിൻറെ പ്രതീകമായിരിക്കുകയാണ്. അതിന്റെ ഫലമോ പിഞ്ചുകുട്ടികൾ മുതൽ പടുവൃദ്ധകൾ വരെ പീഢിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പെണ്ണായി പിറന്നവർക്ക് ഒന്നും രക്ഷയില്ലാത്ത അവസ്ഥ. സൂര്യനെല്ലി തൊട്ട് വാളയാർ, ഹൈദരാബാദ്, പാലത്തായി മുതലായ സ്ഥലനാമങ്ങൾ വാർത്ത മാധ്യമങ്ങളിൽ ഇടം പിടിച്ചിരിക്കുന്നത് സ്ത്രീ പീഡനങ്ങളുടെ പേരിലാണ്.

ഇന്ന് വിവിധങ്ങളായ കഴിവുകളും ശേഷികളും ഉള്ള സ്ത്രീ കൾ ഇവിടെ ധാരാളമുണ്ട്. നാനാതരത്തിലുള്ള ഉദ്ദേശങ്ങൾ നിർവഹിക്കുന്നവർ രാജഭരണതന്ത്രജ്ഞർ കുടുംബത്തിലെ കൈകാര്യം കർത്താക്കൾ തുടങ്ങിയ പക്വമതികളായ സ്ത്രീകൾ നമ്മുടെ നാട്ടിൽ ഒട്ടും കുറവല്ല. എന്നിട്ടും പെണ്ണിനെ കുറിച്ചുള്ള മുൻധാരണകൾ മാറ്റാൻ പുരുഷലോകം തയ്യാറല്ല. അവർ വെറുമൊരു പെണ്ണല്ലേ എന്ന നിസ്സാരഭാവം, സംരക്ഷകന്റെ അധികാര രാഷ്ട്രീയം പ്രകടിപ്പിക്കാൻ പുരുഷനെ പ്രേരിപ്പിക്കുന്നു. എന്നാൽ ഖേദകരം എന്ന് പറയട്ടെ ഇന്ന് അവളുടെ സ്ഥിതിയാകെ മാറിയിട്ടുണ്ട്. അവൾ തൻറെ പൂർവ്വ അവസ്ഥയിലേക്ക് തന്നെ മടങ്ങിയിരിക്കുന്നു. അങ്ങനെ അവൾ തന്റെ മാന്യതയെല്ലാം നഷ്ടപ്പെട്ടവളായി , യുക്തിവാദി നേതാവായ ബെർട്രാൻഡ് റസ്സൽ അവളെ പ്പറ്റി അവളുടെ മുഖം കത്തിജ്വലിക്കുന്ന കൊടുങ്കാറ്റാണ്. അവളുടെ ശബ്ദം പാമ്പുകളുടെ ചൂളം വിളിയാണ് എന്ന് പറയുന്നിടത്തെത്തി അവളുടെ കാര്യം . സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ശബ്ദം അറേബ്യൻ ഉപദ്വീപിൽ നിന്നാണ് വന്നിട്ടുള്ളത്. റോമാക്കാർ പെണ്ണിനെ പറ്റി അവൾക്ക് സ്ഥിരമായി ഒരു ആത്മാവുണ്ടോ ഇല്ലയോ, അവൾക്ക് സ്വർഗത്തിൽ പ്രവേശനമുണ്ടോ ഇല്ലയോ എന്ന് തുടങ്ങി അവളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കെയാണ് ഇത് സംഭവിച്ചത്. അതായത് അറേബ്യൻ ഉപദ്വീപ് കുഴിച്ചുമൂടപ്പെട്ടവരുടെ ഭൂമിയായി കഴിഞ്ഞതിനു ശേഷം സ്വാതന്ത്ര്യത്തിന്റെ ശ്വാദല ഭൂമിയായി മാറി. സ്ത്രീ പീഢനമാകുന്ന അന്ധകാരത്തെ തുടച്ചുമാറ്റി കൊണ്ട് സ്ത്രീ അനുസരണയുള്ള ഭാര്യയായിരിക്കുമ്പോൾ അവളാണ് ഈ ലോകത്തിലെ മുന്തിയ ഇനം. യൂറോപ്യൻ വ്യവസായി വിപ്ലവത്തിനുശേഷം തങ്ങളുടെ വ്യവസായങ്ങളിലും തൊഴിൽ ശാലകളിലും ജോലി ചെയ്യാനും സമ്പാദിക്കാനുമുള്ള പുതിയ മാർഗ്ഗങ്ങൾ തുറന്നു കൊടുത്തുകൊണ്ട് സ്ത്രീക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകിയത് ആധുനിക യുഗമാണെന്ന് വീരവാദം മുഴക്കുന്നു. പ്രവാചകൻ (സ) യുടെ ഒരു പ്രവചനം ഇപ്രകാരം ഉണ്ടായിരുന്നല്ലോ, ഹീറയിലെ ഹളർമൗത്തിൽ നിന്ന് ഒരു പെണ്ണിന് ഒറ്റയ്ക്ക് മക്കയിൽ വന്ന് ഹജ്ജ് ചെയ്തു മടങ്ങാൻ പറ്റിയ ഒരു കാലം  അതിന് ഏറെയൊന്നും പ്രയാസമുണ്ടാകില്ല. പുരുഷൻ തന്റെ തെറ്റായ മനോനില മാറ്റിയെടുക്കുകയേ വേണ്ടൂ. ഒരു സമൂഹം എന്താണോ നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത് അത്തരത്തിൽ ഉണർന്ന് പ്രവർത്തിക്കാൻ നമ്മുടെ ഈ തലമുറയിലെ പെൺകുട്ടികൾക്ക് സാധിക്കാൻ കഴിയേണ്ടതുണ്ട്. വിശ്വാസത്തിന് കോട്ടം തട്ടാത്ത രൂപത്തിൽ ഇസ് ലാമിന്റെ അന്തസ്സ് നിലനിർത്തിക്കൊണ്ട് ആത്മാർത്ഥമായ മനസ്സുമായി മുന്നോട്ടു പോകാൻ നാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.



# എന്റെ നൊമ്പരങ്ങൾ



അഫ്ന കെ .പി

ജീവിതത്തിൽ നിന്ന് എന്തെല്ലാമോ പൊഴിഞ്ഞുപോയി . എന്തിനെന്നറിയാതെ പലതും ജീവിതത്തിൽ സംഭവിച്ച് കഴിഞ്ഞു. ഇനി എന്താണ് സംഭവിക്കാൻ പോകുന്നത് എന്നും അറിയില്ല. ആരോടും വിരോധമില്ല. സ്നേഹം മാത്രമാണ്. ജീവിതത്തിലേക്ക് കടന്നുവരുന്ന ഓരോ വ്യക്തിയും തന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയായിരുന്നു വന്നത് എന്ന് ഞാൻ തിരിച്ചറിയാൻ വൈകിപ്പോയി.

കരളിന്റെ ആഴങ്ങളിൽ ദുഃഖത്തിന്റെ തിരമാലകൾ ആഞ്ഞടിക്കുന്നു. എന്തിനെന്ന് അറിയില്ല. എന്താണെന്ന് മനസ്സിലാവുന്നുമില്ല. നല്ല ഒരു വൃക്ഷത്തിന്റെ ഒരു ചില്ലയിലെ പൊഴിഞ്ഞുവീഴാനായ ഒരു കുഞ്ഞുകരിയില പോലെയാണ് ഇപ്പോളെന്റെ ജീവിതം . എന്തൊക്കെയോ ജീവിതത്തിൽ ചെയ്യാൻ ബാക്കി വെച്ചപോലെ... കണ്ണീരിന്റെ തിരമാലകൾ ആഞ്ഞടിച്ച എത്ര രാത്രിയാമങ്ങൾ എങ്ങനെയൊക്കെ മാഞ്ഞുപോയിരുന്നു.

ജീവിതത്തിൽ നടന്നുപോയ സംഭവങ്ങൾ എല്ലാം മനസ്സിന്റെ ഒരു കോണിൽ മങ്ങിയ കണ്ണാടി ചില്ലുപൊട്ട് പോലെ ചിതറി കിടക്കുകയാണ്. മസ്തിഷ്കത്തിൻ ഓർമകൾ എല്ലാം ചിതറി കിടക്കുകയാണ്. ഓർമകളെ ഒതുക്കി വെയ്ക്കാനാവുന്നില്ല. കാരണം ചില ഓർമകൾ എല്ലാം ക്ലാവ് പിടിച്ചിരിക്കുന്നു. ഒന്നും തിരിച്ചറിയാനാവാത്ത പോലെ എവിടെയോ ആഴങ്ങളിൽ കെട്ടി നിൽക്കുന്ന പോലെ...

ചില വേനൽക്കാല സായാഹ്നങ്ങൾ സൂര്യന്റെ കിരണങ്ങൾക്കെല്ലാം ഒരു പ്രത്യേകനിറമാണ്. ആ സൂര്യകിരണങ്ങൾ മുഖത്തേക്ക് സ്പർശിക്കുമ്പോൾ മരവിച്ച ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് എന്തെന്നറിയാത്ത വിങ്ങലാണ്. ഏകാന്തത മനസ്സിനെ തലോടി പോകുന്നപോലെ . കൺമുന്നിൽ സംഭവിക്കുന്ന കാര്യങ്ങൾ എല്ലാം മനസ്സിന് മുറിവേല്പിക്കാൻ കാരണം ആ കാര്യ ങ്ങൾ ഒന്നും ഹൃദയത്തിന് ഉൾകൊള്ളാൻ കഴിയുന്നില്ല എന്ന യാഥാർഥ്യം കൊണ്ടാണ്. ദിവസങ്ങൾ അങ്ങനെ കടന്ന് പോകുന്നു. എന്നാൽ മനസ്സിന്റെ ഉള്ളിലെ ദിവസങ്ങൾക്ക് മുന്നിട്ട് കടന്ന് പോകുവാൻ സാധിക്കുന്നില്ല.

ജീവിതം ഒരു കൊച്ചു പുസ്തകമാണ്. അതിലെ ഓരോ ദിവസങ്ങളും പുസ്തകത്തിന്റെ ഓരോ ഏടുകളാണ്. ദിവസത്തിൽ നടക്കുന്ന സംഭവങ്ങളെല്ലാം ഓരോ പാഠങ്ങളാണ്. ജീവിതമെന്ന പുസ്തകത്തിലെ അവസാനത്തെ ഏതെങ്കിലും ഒരു ഏടിൽ ഒരു വെട്ടത്തിന്റെ മാർഗം തെളിയും എന്ന പ്രധീക്ഷയോടെ ...വിജനമായ ഈ തെരുവീഥികളിലൂടെ ഏകാന്തയായി നടക്കുമ്പോൾ എന്തിനെന്നറിയാതെ നയനം നിറഞ്ഞ് കണ്ണുനീർ ഒഴുകുന്നു.

സ്നേഹവും വിശ്വാസവും പരസ്പര ബന്ധവും ശിഥിലമായി കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ ജീവിതത്തിൽ ഏതെങ്കിലുമൊരു കോണിൽ ഒരു കുഞ്ഞു നക്ഷത്രം പോലെ തിളങ്ങി മാഞ്ഞു പോവാൻ ഞാനാഗ്രഹിക്കുന്നു...

# ജീവിതപാത

ഫർഹാന



ജീവിതപാതയിങ്ങനെ
മുന്നോട്ട് നീളും,
അതിൽ സഞ്ചാരികൾ
നാം യാത്ര
തുടർന്നുകൊണ്ടിരിക്കണം.
പാതകൾ ഇടക്കൊന്നു പിഴച്ചാൽ
പതറാതെ സൂക്ഷിക്കേണ്ടവർ നാം.
പാതകൾ അങ്ങനേ
മാറി മറിഞ്ഞെന്നിരിക്കും,
മാറ്റത്തിനനുസരിച്ച് നാം
അതിൽ ലയിക്കണം .
കടന്നുവന്ന പാതയെ
തിരിഞ്ഞു നോക്കി നിൽക്കാതെ
പുതുപാതകളെ വരവേറ്റിടൂ...

ബാനൂ... നിന്റെ സ്നേഹനിധിയായ
പിഞ്ചോമനയെ ചുവരോട് ചേർത്തവർ
അഴിക്കുള്ളിൽ നീറിക്കഴിയട്ടെ...
ഇനി നീ സമാധാനായ് ഒന്ന്
ഉറങ്ങിക്കോളൂ...



# സ്ത്രീ ഇസ്‌ലാമിൽ

ആദില അനസ്

ദുനിയാവ് ചില വിഭവങ്ങൾ ആണ്. അതിൽ ഏറ്റവും ഉത്തമമായത് സദ്‌വൃത്തയായ സ്ത്രീയാണ്. മറ്റ് മതസ്ഥരേക്കാളും സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്ന മതമാണ് ഇസ്ലാം. ഇസ്‌ലാമിൽ സ്ത്രീക്ക് എല്ലാത്തിനും സ്വാതന്ത്ര്യം നൽകുന്നു. അവൾക്ക് അനന്തരത്തിലുള്ള അവകാശമുണ്ട്, വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്, വിവാഹത്തിനും വിവാഹമോചനത്തിനുമുള്ള അവകാശമുണ്ട്, പൊതുരംഗപ്രവേശനത്തിലുള്ള അവകാശമുണ്ട്. ഇസ്‌ലാമിലെ സ്ത്രീയുടെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ ഇതരസമുദായങ്ങളിലും രാജ്യങ്ങളിലും അവളെ കുറിച്ച് നിലനിന്ന അവസ്ഥകൾ മനസ്സിലാക്കണം



18– നൂറ്റാണ്ടിൽ പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ വിൽക്കുന്ന അവസ്ഥയുണ്ടായിരുന്നു. അത് നിരോധിച്ചുകൊണ്ടുള്ള നിയമം വരുന്നത് വരെ അത് നിർബാധം തുടർന്നു കൊണ്ടിരുന്നു. പൂർവി കകാലത്ത് സ്ത്രീയുടെ അവസ്ഥ എല്ലാത്തര അവകാശങ്ങളിൽ നിന്നും തടയപ്പെട്ടിരുന്നു. അവൾ പുരുഷനെ സേവിക്കാൻ വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവളായിരുന്നു അവരുടെ വിശ്വാസം. വിദ്യാഭാസം, തൊഴിൽ, കച്ചവടം മുതലായ എല്ലാകാര്യങ്ങളും അവളിൽ നിന്ന് കൊട്ടിയടക്കപ്പെട്ടു. ഇസ് ലാമിന് മുമ്പുള്ള അറബി കൾ (ജാഹിലിയ്യത്തിൽ) അവരുടെ ജീവിതത്തിൽ സ്ത്രീ ഒരു കച്ചവടച്ചരക്ക് മാത്രമായിരുന്നു. പെൺകുട്ടി ജനിച്ചാൽ അത് അവർക്ക് അപമാനമായിരുന്നു. അവർ അവളെ ജീവനോട് കുഴിച്ചു മൂടിയിരുന്ന കാലമായിരുന്നു. പെൺകുട്ടികളെ അവർ വെറുക്കുകയും അപമാനവും പട്ടിണിയും ഭയന്ന് കൊല്ലുകയും ചെയ്തിരുന്നു. പരിശുദ്ധ ഖുർആൻ സൂറത്തുൽ നഹ്‌ലിലൂടെ പ റയുന്നു (16: 58, 59, 58) അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ടു പോകുന്നു.

അവന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ചുകളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ അതല്ല അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത) ശ്രദ്ധിക്കുക: അവൻ എടു ക്കുന്ന തീരുമാനം എത്ര മോശം ? അവർ സ്ത്രീകളെക്കാൾ പുരുഷന് ശ്രേഷ്ഠത കൽപ്പി ച്ചിരുന്നു. പിന്നീട് ഇസ്‌ലാം വന്നതിന് ശേഷം സ്ത്രീകളുടെ മേലുണ്ടായ ചങ്ങലകൾ പൊ ട്ടിച്ചെറിഞ്ഞു. അവളുടെ അർഹമായ അവകാശങ്ങളെല്ലാം നൽകാൻ വേണ്ട നടപടികൾ ആദ്യമായി സ്വീകരിച്ചത് ഖുർആനിലും സുന്നത്തിലുമാണ്. ഇസ്ലാം വന്നതിനുശേഷം അവളുടെ സ്ഥിതിയാകെ മാറി. അവളുടെ നേരെയുള്ള ആക്രമണം ഇസ്ലാം നിരോധിച്ചു. അവൾക്ക് വീട്ടിലും സമൂഹത്തിലും മാന്യമായ സ്ഥാനം നൽകി. അവൾക്ക് ഇഷ്ടമുള്ള ഇണയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം നൽകി .

അനന്തരസ്വത്തിൽ അവൾക്ക് ഓഹരി നിർണയിച്ചു കൊടുത്തു. ഇസ്‌ലാം അവൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നൽകി. രാഷ്ട്രീയത്തിലും പൊ തുരംഗപ്രവർത്തനത്തിനും അവകാശം നൽകി. അവൾ വീട്ടിൽ നിന്ന് പുറത്തുപോകുമ്പോൾ മുഖവും മുൻകൈയും ഒഴിച്ച് ബാക്കിയെല്ലാം മറക്കുവാനും ഇസ്‌ലാം അവളോട് കൽപിച്ചു. ഈ വസ്ത്രധാരണ സമൂഹത്തിൽ അവളെ സുരക്ഷിതമാക്കുന്നു.

സൂറത്തുൽ നൂറിലൂടെ പറയുന്നു : സത്യവിശ്വാസിനി കളായ സ്ത്രീകളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും അവരുടെ ഭംഗി അതിൽ നിന്ന് പ്രത്യക്ഷമാകുന്നതല്ലാതെ വെളിപ്പെടുത്താതിരിക്കുവാനും പ റയുക. അവൾ തങ്ങളുടെ മക്കന കൾ അവരുടെ മാറിടങ്ങളിൽ കൂടി ആക്കിക്കൊള്ളുകയും ചെയ്യട്ടെ. സൂറത്തുൽ അഹ്സാബ്: 59 ആയത്തിലൂടെ പറയുന്നു,

നബിയെ നിന്റെ പത്നി മാരോടും പുത്രിമാരോടും സത്യവിശ്വാസികളായ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

മുസ്‌ലിം സ്ത്രീകൾക്ക് അന്യപുരുഷന്മാരുടെ അടുത്ത് തങ്ങളുടെ ശരീരഭാഗങ്ങൾ വെളിവാക്കൽ ഇസ്‌ലാം ഹറാമാക്കിയിരിക്കുന്നു. എന്നാൽ നമ്മളിന്ന് കാണുന്ന വസ്ത്രധാരണ ഇസ്‌ലാം പൂർണമാ യും നി രോധിച്ചതാണ്. ഇസ്‌ലാം അനു വദിച്ച വസ്ത്രധാരണ മുഖവും മുൻകൈയും ഒഴിച്ച് ബാക്കി എല്ലാം മറഞ്ഞതാകണം. ലോലമായ, ശരീരത്തിൻറെ ആകൃതി വ്യക്തമാക്കുന്ന വസ്ത്രം ധരിക്കാൻ പാടില്ല. അത് ഇസ് ലാം നിരോധിച്ചതാണ്. എന്നാൽ നമ്മളിന്ന് കാണുന്ന ഹിജാബ് അല്ല യഥാർത്ഥ ഹിജാബ്, ഹിജാബ് എന്നാൽ തലയും കഴുത്തും മാറിടവും മറക്കുന്നതാണ്. ഇന്ന് കാണുന്നത് അവരുടെ തട്ടം കഴുത്തിലൂടെയാണ്. ഒരു മുസ് ലിമിനെ തിരിച്ചറിയണമെങ്കിൽ അവളുടെ തട്ടം നോക്കിയായിരുന്നു മനസ്സിലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ പേര് നോക്കിയാണ് മനസ്സിലാക്കുന്നത്. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് ഫെമിനി സത്തിന്റെയും, ജെൻഡർ ന്യൂ ട്രാലിറ്റിയുടെയും കാലത്താണ്. ഇപ്പോഴത്തെ ഫെമിനിസ്റ്റ് വാദികൾ പറയുന്നത് ഇസ്‌ലാമിൽ സ്ത്രീകൾക്ക് ഒരു സ്വാതന്ത്ര്യം ന ൽകുന്നില്ല. അവരിൽ മതം എല്ലാ കാര്യവും അടിച്ചേൽപ്പിക്കുന്നു. സ്ത്രീ കൾക്ക് ഇഷ്ടമുള്ളത് തി രഞ്ഞെ ടുക്കാ ൻ ഇസ്ലാം അനുവാദം നൽകുന്നില്ല. ഇഷ്ടമുള്ള ജൻഡർ തിരഞ്ഞെടുക്കാനുള്ള അവകാശം നൽകുന്നില്ല, ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള അവകാശം ന ൽകുന്നില്ല എന്നതാണ് അവരുടെ വാദം.

എന്നാൽ ഇസ്‌ലാമിൽ അവളുടെ വസ്ത്രം അവളെ സംരക്ഷിക്കുകയാണ്. ഇസ് ലാം അവൾക്ക് എല്ലാത്തിനും സ്വാതന്ത്ര്യം നൽകുന്നുണ്ട്.

ഇപ്പോൾ നമ്മൾ കണ്ടുവരുന്ന സ്ത്രീ പീഡനത്തിന് കാരണം അവളുടെ വസ്ത്രധാരണയാണ്. ഒരു സുപ്രീം കോർട്ട് ജഡ്ജി പറഞ്ഞത് നമ്മൾ ഇപ്പോൾ കാണുന്ന ഈ സ്ത്രീ പീഡനത്തിന് കാരണം അവളുടെ വസ്ത്രധാരണയാണ്. അവരുടെ മറ്റൊരു വാദമാണ് അവർ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ സ്വാതന്ത്ര്യം നൽകുന്നില്ല. സ്ത്രീക്ക് എന്തുകൊണ്ട് പുരുഷ വസ്ത്രം ധരിച്ചുകൂടാ എന്നതൊക്കെയാണ്. അല്ലാഹു പുരുഷനെയും സ്ത്രീകളെയും വ്യത്യസ്തമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അവരുടെ രണ്ടുപേരുടെയും ശരീരഘടന വ്യത്യസ്തമാണ്. അതുകൊണ്ടാണ് അല്ലാഹു ഖുർആനിലൂടെ പറയുന്നത് തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാനും അവർ തിരിച്ചറിയപ്പെടാനും അവരെ ശല്യം ചെയ്യപ്പെടാതിരിക്കാനുമാണ്.

ഇതര മതങ്ങളിലൊന്നും തന്നെ സ്ത്രീകൾക്ക് ലഭിക്കാതിരുന്ന ധാരാളം അവകാശങ്ങൾ ഇസ്ലാം അവർക്ക് നൽകിയിട്ടുണ്ട്. അവൾക്ക് അനന്തരസ്വത്തിലുള്ള അവകാശം നൽകിയിട്ടുണ്ട്. ഇസ്ലാമിൽ സ്ത്രീയെ ആദരിച്ചതിന്റെ മകുടോദാഹരണവും അവൾക്ക് അനന്തരം സ്വത്ത് നൽകിയത്. മറ്റു മതത്തിലൊന്നുമില്ലാത്ത കാര്യമാണിത്. അവൾക്ക് അനന്തര സ്വത്തിൽ അവകാശവും അവൾ ഉദ്ദേശിച്ചത് പോലെ അത് വിനിമയം നടത്താനുള്ള സ്വാതന്ത്ര്യവും അനുവദിച്ചിരിക്കുന്നു. ഈ അനന്തര വ്യവസ്ഥയുടെ സ്ത്രീയോട് നീതി കാണിക്കുകയും അവളുടെ അവകാശങ്ങളെ വകവെച്ചു കൊടുക്കുകയുമാണ് ഇസ്ലാം ചെയ്തിരുന്നത്. ഇസ്ലാമിൽ സ്ത്രീക്ക് പുരുഷന്റെ ഓഹരിയുടെ പകുതിയാണ് നൽകിയത്. കാരണം ഇത് സ്ത്രീക്ക് പുരുഷനോടുള്ള അടിമത്തമല്ല. മറിച്ച് അവളുടെ എല്ലാ ചിലവുകളും പുരുഷനെ ഏല്പിച്ചതിന് ശേഷമാണ്. സ്വന്തമായി അവൾക്ക് യാതൊന്നും ചിലവഴിക്കേണ്ട.

അതുപോലെ തന്നെ അവൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നൽകി ഇസ്ലാം പഠിക്കാനും പഠിപ്പിക്കാനും കൽപിക്കുന്നു. അതിനുദാഹരണമാണ്




നബി (സ) ക്ക് ആദ്യമായി ഇറക്കപ്പെട്ട ആയത്ത് : സൂറത്ത് അൽ-അലഖ് (3,4) നീ വായിക്കുക, നിന്റെ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു.ഇസ്ലാം വിദ്യാഭ്യാസത്തിൽ ആൺ പെൺ വിവേചനം കാണിച്ചില്ല. നബി (സ) പറയുന്നു: എല്ലാ മുസ്ലിമിനും അറിവ് നേടൽ നിർബന്ധമാണ്.

ഇവിടെ ആൺ പെൺ വിവേചനം ഇല്ല. എല്ലാ മുസ്ലിമിനു അറിവ് നിർബന്ധമാണ് എന്ന് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. ഇവിടെയൊന്നും വിജ്ഞാനം പുരുഷന്മാരുടെ മേൽ മാത്രം ചുരുക്കിയില്ല. പെൺകുട്ടികൾക്കും. വിദ്യാഭ്യാസം നൽകാൻ പ്രോത്സാഹിപ്പിച്ചു. അതുപോലെ തന്നെ അറിവ് നേടൽ ഓരോ മുസ്ലിമിന്റെയും ബാധ്യതയാകുന്നു. ഇതിൽ നിന്ന് മനസ്സിലാക്കാം സ്ത്രീയുടെ പഠനത്തെയോ ഉന്നമാനത്തെയോ ഇസ്ലാം തടഞ്ഞിട്ടില്ല. അവളുടെ അവകാശങ്ങളെ ഇസ്ലാം ഒരിക്കലും നിന്ദിക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല. ഇസ്ലാം അവളുടെ പുരോഗതിയെ ഉയർത്തികാണിച്ചു. അവൾക്ക് വിവാഹത്തിനും വിവാഹമോചനത്തിനും അവകാശം നൽകി. അതുപോലെ തന്നെ അവളുടെ അവകാശമാണ് അവളുടെ മഹർ, വിവാഹസമയത്ത് പുരുഷൻ സ്ത്രീക്ക് നൽകുന്ന പാരിതോഷികമാണ് മഹർ. അത് സ്ത്രീക്ക് മാത്രം അവകാശപെട്ടതാണ്. അത് അല്ലാഹു പുരുഷന് നിർബന്ധമാക്കിയതാണ്. അല്ലാഹു പറയുന്നു: സ്ത്രീകൾക്ക് പാരിതോഷികമായി കൊണ്ട് അവളുടെ വിവാഹമൂല്യം നിങ്ങൾ നൽകുക.

അതുപോലെ സ്ത്രീയോട് വിവാഹത്തിന് സമ്മതം ചോദിക്കലും നിർബന്ധമാണ്. വിവാഹകാര്യത്തിൽ സ്ത്രീയെ ഇസ്ലാം എങ്ങനെയാണ് പരിഗണിച്ചത് എന്ന് കാണാം. അവൾക്ക് ആവശ്യമുള്ള സമയത്ത് പൊതുരംഗ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ഇസ്ലാം അനുവാദം നൽകി. അവൾ പൊതുരംഗ പ്രവർത്തനത്തിനിറങ്ങുമ്പോൾ ഇസ്ലാം അനുവദിച്ച രീതിയിൽ വസ്ത്രധാരണ ചെയ്യുക. ഇതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഇസ്ലാം സ്ത്രീക്ക് നല്കുന്ന പരിഗണയാണ്.

●

# തനിച്ചായെന്നും അവൾ

കൊച്ചിക്കാരി

അവൾ..!
മാതാവിന്റെ പ്രവാസത്തിലും
ജോലിയിലുമായ നാളുകളിൽ
തനിച്ച് ...
യാതൊരു സമാധാനവും സ്വാതന്ത്ര്യ-
വുമില്ലാതെ അവളുടെ ഭവനത്തിൽ
തനിച്ച്...
ആശ്വാസമേകുവാൻ സ്വന്തം
കൂടപ്പിറപ്പുകൾ പോലുമില്ലാതെ
തനിച്ച്...
പ്രവാസത്തിൽ നിന്ന് മാതാവിന്റെ
വരവും കാത്തിരിപ്പൂ വിങ്ങലോടെ
തനിച്ച്...
ഇന്നിതാ മാതാവിന്റെ മരണവിവര-
മറിഞ്ഞ് മനംനൊന്തു വിതുമ്പുകയാണ്,
അതും തനിച്ച്...



ഹുസൈൻ ഫൈസി
പന്നിപ്പാറ




# മുസ്‌ലിം വനിത; ധീര മാതൃകകൾ

എല്ലാ നിലയിലും അവഗണിക്കപ്പെട്ടിരുന്ന ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരുന്ന, അനന്തരാവകാശം പാടെ നിഷേധിക്കപ്പെട്ടിരുന്ന അബലമായി ഗണിക്കപ്പെട്ടിരുന്ന സ്ത്രീകളെ വ്യക്തിത്വത്തെ പറ്റിയുള്ള അവബോധം വളർത്തിയെടുക്കുന്നതിൽ ഖുർആനും നബിയും വഹിച്ച പങ്ക് നിസ്സീമമാണ് അത്ഭുതാവഹമാണ്. ഉത്കർഷത സ്ത്രീ മനസ്സുകളിൽ നട്ടുവളർത്തപെട്ടു. മാനസികമായി വളർച്ച പ്രാപിച്ചു. പുരുഷനോടൊപ്പം സഞ്ചരിക്കാൻ അവർ പ്രാപ്തരായി. പുരുഷനെ തിർക്കാനും നിരൂപിക്കാനും അഭിപ്രായ പ്രഘടനങ്ങൾ നടത്താനും അവകാശങ്ങൾക്ക് വേണ്ടി തർക്കിക്കാനും എന്തിനേറെ യുദ്ധകളത്തിലിറങ്ങി പടപൊരുതാനും വരെ അവർ പ്രാപ്തരായി.

നസീബ (റ) എന്ന സ്വഹാബി വനിത ഉഹ്ദ് യുദ്ധത്തിൽ ഭർത്താവിനോടും രണ്ട് മക്കളോടും കൂടെ പങ്കെടുത്തിരുന്നു. കുടിവെള്ളം നൽകുക, പരുക്ക് പറ്റിയവരെ പരിചരിക്കുക. സാധന സാമഗ്രികൾ സൂക്ഷിക്കുക. ഒക്കെയാണ് സാധാരണ ഡ്യൂട്ടികൾ. ഉഹ്ദ് യുദ്ധത്തിൽ തുടക്കത്തിൽ മുസ്ലീകൾക്കായിരുന്നു വിജയമെങ്കിലും പിന്നീട് ചിലർവരുത്തിയ വീഴ്ച്ച കാരണം കുറച്ച് പരാജയം സംഭവിച്ചു. ശത്രുവിന്റെ ആക്രമണത്തെ നേരിടാൻ കഴിയാതെ ഓടി രക്ഷപെടാൻ ശ്രമിച്ചു. അപകടകരമായ സാഹചര്യം ഉടലെടുത്ത ശത്രുക്കൾ നബിയെ തന്നെ വകവരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. നെബിക്കെതിരിൽ ശക്തിയായി അമ്പെയ്തുകൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ ന

സീബയെന്ന ധീരവനിത യുദ്ധരംഗത്തേക്ക് ഓടിയടുത്തു. നബി (സ) അക്രമിക്കപെടുന്നത് കണ്ട് വാവിട്ട് കരയാനോ നോക്കി നിൽക്കാനോ തയ്യാറാവാതെ അമ്പും വില്ലുമെടുത്ത് നബിയെ അക്രമിക്കാൻ വരുന്നവർക്ക് നേരെ അമ്പുകൾ എയ്തുവിട്ടുകൊണ്ടിരുന്നു.

അബൂബക്കർ, ഉമർ,അലി പോലെയുള്ള പ്രമുഖ സ്വഹാബികളും നസീബയുടെ ഭർത്താവും രണ്ടു മക്കളും അങ്ങനെ പലരുടെയും കൂടെ വാളെടുത്തും അവർ പടപൊരുതുക തന്നെ ചെയ്തു. നബി തന്നെ നസീബയുടെ നിറസാന്നിത്യത്തെ ക്കുറിച്ച് ഇങ്ങനെ പറഞ്ഞു :ഞാൻ ഇടത്തോട്ട് നോക്കിയാലും വലത്തോട്ട് നോക്കിയാലും അവിടെയെല്ലാം കാണുന്നത് നസീബയെ തന്നെ.

അവരുടെ പുത്രൻ ഉമാറത്ത് അതിങ്ങനെ വിവരിക്കുന്നു : ആന്ന് എന്റെ ഇടതു കൈയ്ക്ക് മുറിവേറ്റു, ഈത്തപ്പന വലിപ്പത്തിലുള്ള ഒരാളാണെന്നെ വെട്ടിയത് രക്തം നിലക്കാതെ ഒഴുകുന്നു നബി (സ) മുറിവ് കെട്ടാൻ പറഞ്ഞു. ഉടനെ എന്റെ അമ്മതന്നെ പാഞ്ഞെത്തി മുറിവ് കെട്ടിത്തന്നു. എന്നിട് വീണ്ടും എഴുന്നേറ്റ് ശത്രുവിനോട് പോരാടാൻ പറഞ്ഞു.

നബി (സ) ഉമ്മയോട് ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിന്റെയത്ര കഴിവുള്ള ആരെയും ഞാൻ ഇവിടെ കാണുന്നില്ല. അതിനിടെ നസീബയുടെ മകനെ വെട്ടിയ ശത്രു വരുന്നു, നബി(സ) പറഞ്ഞു :ഇതാ ഇവനാണ് നിന്റെ മകനെ വെട്ടിയത് ഉടൻ നസീബ അവന്റെ നേർക്കു ചാടി വീണു കാലിൽ വെട്ടി വീഴ്ത്തി. ഇത് കണ്ട നബി(സ) പുഞ്ചിരിയോടെ നസീബയെ അനുമോദിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു: നീ മകനു വേണ്ടി പ്രതികാരം ചെയ്തു.നസീബയുടെ ശരീരത്തിൽ ആൻ 13 മുറിവുകൾ ഉണ്ടായിരുന്നു. രക്തം ധാരധാരയായി ഒഴുകി എന്നിട്ടും അവർ പോരാടിക്കൊണ്ടിരിന്നു . രക്തത്തിൽ കുളിച്ച നസീബയെ കണ്ടു നബി(സ) മകനോട് ഉമ്മയുടെ മുറിവ് കെട്ടികൊടുക്കാൻ പറഞ്ഞു. നബി(സപറഞ്ഞു : നിങ്ങളുടെ കുടുംബത്തെ ലിഹ് അനുഗ്രഹിക്കട്ടെ,ഇതു കേട്ട നസീബ പറഞ്ഞു:സ്വർഗത്തിൽ അങ്ങയുടെ കൂടെയായിരിക്കാൻ അങ്ങ് അല്ലാഹുവോട് പ്രാർത്ഥിക്കണം. നബി(സ) ഉടനെ ഇങ്ങനെ പ്രാർത്ഥിച്ചു അല്ലാഹുവെ ഇവരെയെല്ലാം സ്വർഗ്ഗത്തിലെ എന്നോടൊപ്പം വസിക്കുന്നവരാക്കേണമേ അപ്പോൾ നസീബ ഇങ്ങനെ പറഞ്ഞു: എനിക്ക് ദുനിയാവിൽ ഏൽക്കേണ്ടി വന്ന വിഷമകളൊന്നും ഇനി സരമുള്ളതല്ല.ഇതാണ് ഇസ്‌ലാം വിഭാവനം ചെയുന്ന സ്ത്രീ മനസ്സ്. ഇങ്ങനെയുള്ള എത്രയെത്ര ധീരവനിതകളെയാണ് ഇസ്‌ലാം സൃഷ്ടിച്ചിട്ടുള്ളത്.

നബി(സ) ജീവിച്ചിരിക്കെ ഒരു സ്വഹാബി വനിത ഉമ്മുസൽമയുടെ മകൻ മരണപ്പെട്ടു. പുറത്തുപോയ ഭർത്താവ് അബൂസലമഃ തിരിച്ച് വന്നപ്പോൾ മരണവാർത്ത ഭാര്യ മറച്ചുവച്ചു. രണ്ടുപേരും ഭക്ഷണം കഴിച്ചു ഒന്നിച്ചുറങ്ങി. തന്നെയുമല്ല ഒന്നും സംഭവിക്കാത്ത മട്ടിൽ പ്രതികരിച്ചു അവർ അന്ന് ഇണചേർന്ന ശേഷം അവർ ഭർത്താവിനോട് ചോദിക്കുന്നു നമ്മുക് ആരെങ്കിലും ഒരു വസ്തു വായ്പ നൽകിയാൽ ചോദിക്കുമ്പോൾ തിരിച്ചു കൊടുക്കേണ്ടതല്ലേ അപ്പോൾ ഭർത്താവ് അത് സമ്മതിച്ചു. എന്നാൽ മകൻെറ കാര്യത്തിൽ അങ്ങനെ കണക്കാക്കുക അയാൾ അമ്പരന്നു പോയി ഇക്കാര്യം വളരെ പ്രയാസത്തോടെ നബിയെ(സ) അറിയിച്ചു. നബി(സ) ഉമ്മു സല്മയുടെ പ്രവർത്തിയെ അഭിനന്ദിച്ചു,അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഇത്രയും ശാസ്ത്രീയമായ ബുദ്ധിപരമായ ഔന്നിത്യത്തിലേക്ക് ഇവരെയൊക്കെ വളർത്തിയെടുത്ത ദൈവീകപ്രസ്ഥാനമാണ് ഇസ്‌ലാം. എന്നാൽ ഇസ്ലാമാണ് സ്ത്രീ സ്വാതന്ത്ര്യം പഠിപ്പിക്കാൻ വരുന്നവരുടെ കഥ എന്താണ്?

സ്ത്രീകളെ സംബോധന ചെയ്തുകൊണ്ട് നബി(സ) ഇങ്ങനെ ഉണർത്താറുണ്ടായിരുന്നു: തന്റെ ജീവിതപങ്കാളിയെ ഭാരം ചുമക്കാൻ സഹായിക്കുകയും അതിനു വേണ്ടി പ്രചോദനവും പ്രോത്സാഹനവും നൽകുകയും ചെയുന്നതും പുണ്യകർമ്മമാണ്. ഒരിക്കൽ ഉമ്മസൽമയോട് നബി(സ) ഇങ്ങനെ പറഞ്ഞു: റോസ് സ്ത്രീ നല്ല ഭാര്യയും വർത്തികലും ഭർത്താവിന്റെ ഇഷ്ടം നേടലും ഒരു പുരുഷൻ ചെയുന്ന സൽകർമ്മങ്ങൾക്ക് തുല്യമായതോ അതിലുപരിയോ ആയ പ്രതിഫലം കരസ്ഥമാകാവുന്ന സൽകർമ്മമാണ്. നന്മ ചെയ്യുന്നതും നന്മയെ സഹായിക്കുന്നതും സൽകർമ്മമാണ്.അതുകൊണ്ട് തന്നെ വീട്ടുജോലികളും ഭർതൃസേവനവും ചെയ്ത മുസ്ലിമായി ജീവിക്കുന്ന ഏതൊരു സത്യവിശ്വാസിനിയും സ്വർഗാവകാശിയാണെന്ന് നബി(സ) അരുളിയിട്ടുണ്ട്.

പ്രസിദ്ധനായ ഹജ്ജാജ് ബിൻ യൂസുഫിന്, അബ്ദുല്ലാഹി ബിൻ ജാഫറിന്റെ മകളെ വലിയ മഹറിന് പകരം വിവാഹം ചെയ്തു കൊടുത്തു അധികാരവും സമ്പത്തും ഉള്ള വരൻ വലിയ തുക മഹറും എന്റെ മകൾ രക്ഷപെടുമല്ലോ എന്നാണ് പാവം പിതാവ് ധരിച്ചത്. പക്ഷെ മകൾ അതീവ ദുഃഖിതയായി ഭർത്താവ് വന്നപ്പോൾ കണ്ണുനീർവാർത്തു കൊണ്ടിരുന്നു അവളുടെ അസംതൃപതി അവർ അദ്ദേഹത്തെ ധരിപ്പിച്ചു.പെണ്കുട്ടിയുടെ സങ്കടത്തെ പറ്റിയുള്ള വാർത്ത അന്നത്തെ ഖലീഫയായ അബ്ദുൽ മാലിക് ബിൻ മർവാൻ കേട്ട്. ഖലീഫ പെണ്കുട്ടിയെ മൊഴിചൊല്ലി തിരിച്ചയക്കാൻ കല്പിച്ചു. അത് അക്ഷരംപ്ര

തി ഹജ്ജാജ് ബിൻ യൂസഫ് നടപ്പിലാക്കി. ഖലീഫയുടെ കല്പനയാണെന് പറഞ്ഞു .അദ്ദേഹം ഇങ്ങൾക്കെന്നെ വിവാഹം ചെയ്തു തന്ന പിതാവിനെക്കാൾ എന്നോട് ദയ ഉള്ളവനാണ് എന്നായിരുന്നു കുട്ടിയുടെ പ്രതികരണം.

ആ കാലഘട്ടത്തിൽ അബ്ദുൽ മാലിക് ഇസ്ലാമിക ഭരണാധികാരി സ്ത്രീകളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും അവകാശസംരക്ഷണത്തിനും കൽപിച്ചിരുന്നു പ്രാധാന്യം എത്രമാത്രം ആണ്.സ്ത്രീയുടെ വികാരത്തിനും ആഗ്രഹാഭിലാഷങ്ങൾക്കും ഇസ്ലാം കല്പിക്കുന്ന വില എത്ര മാത്രമാണ്.

അത് പോലെ തന്നെ ഉത്ബത്ത് ബിൻ അബീ ലഹബിന്റെ കീഴിലായിരുന്ന ബരീറ എന്ന അടിമ സ്ത്രീയെ മറ്റൊരാൾക്കു വിവാഹം ചെയ്തു കൊടുത്തു. പെൺകുട്ടിക്ക് പ്രസ്തുത ഭർത്താവിനോട് തീരെ ഇഷ്ടമല്ലായിരുന്നു.ഇതറിഞ്ഞ ആയിഷ(റ) നബിയുടെ ശ്രദ്ധയിൽ പെടുത്തി. നബി(സ) അവളെ സ്വാതന്ത്ര്യയാക്കി. അദ്ദേഹത്തെ ഉപേക്ഷിച്ചു. അദ്ദേഹം കേണപേക്ഷിച്ച് അവളുടെ പിന്നാലെ നടന്നു. നബി(സ) പറഞ്ഞു അയാൾക്കവളോട് വല്ലാത്ത സ്നേഹം അവൾക്കാണെങ്കിൽ അയാളെ കണ്ടുകൂടാതാനും എന്നിട്ടാ സ്ത്രീയോട് ഉപദേശമായി പറഞ്ഞു : നീ പടച്ചവനെ സൂക്ഷിക്കൂ, അയാൾ നിന്റെ ഭർത്താവും കുട്ടികുടെ പിതാവുമാണ് ഇത് നബി(സ) യുടെ കല്പനയാണോ? നബി(സ) പറഞ്ഞു അല്ല ശുപാർശ മാത്രം- എങ്കിൽ എനിക്കയാളെ വേണ്ട, അവരെ പിരിച്ചു വിട്ടു കൊണ്ട് നബി(സ) തീർപ്പുകല്പിച്ചു. സ്ത്രീകളുടെ അവകാശങ്ങൾ എത്ര മാത്രം നീതിപൂർവ്വമാണ് ഇസ്ലാം സംരക്ഷിച്ചു വരുന്നത്.

മറ്റൊരു സംഭവം ഒരു സ്ത്രീ നബി(സ) യോട് സങ്കടം പറയുന്നു : എന്റെ പിതാവ് എന്നെ അദ്ദേഹത്തിന്റെ സഹോദര പുത്രന് വിവാഹം ചെയ്തു കൊടുത്തിരിക്കുകയാണ് ,എനിക്കതു ഇഷ്ടമല്ല. നബി(സ) പറഞ്ഞു ഉപ്പ ചെയ്തതല്ലേ അത് അംഗീകരിക്കണം. അവളുടെ മറുപടി ഉപ്പ ചെയ്തത് എന്റെ ഇഷ്ടത്തിന് വിരുദ്ധമാണ്. അപ്പോൾ നബി(സ) ഒഴിവാക്കാനും ഇഷ്ടമുള്ള വിവാഹം കഴിക്കാനും അനുവദിച്ചു. അപ്പോൾ ആ പെൺകുട്ടിയ പറഞ്ഞു : വേണ്ട ഉപ്പയുടെ നടപടി അല്ലെ ഞാൻ അംഗീകരിക്കുന്നു.പക്ഷെ വിവാഹ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം പിതാവിനേക്കാളും മറ്റാരേക്കാളും അവൾക് തന്നെ ആൺ എന്ന സ്ഥാപിക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങനെ പറഞ്ഞത് എന്നായിരുന്നു -ഇതിൽ നിന്ന് നമുക്ക് മനസിലാക്കാം നബി(സ) യുടെ കാലത്തു തന്നെ ഇസ്ലാമിക സമൂഹത്തിൽ സ്ത്രീകളുടെ അവകാശ സംരക്ഷണം എത്രമാത്രം ഗൗരവപൂർവം പരിഗണിച്ചിരുന്നു എന്ന് ഖൻസാഅ് എന്ന ധീര വനിത തന്റെ ആണ്മക്കളോട് യുദ്ധത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:നിങ്ങൾ സ്വാഭിപ്രായപ്രകാരം ഇസ്ലാം സ്വീകരിച്ചവരാണ് അത് പോലെ സ്വന്തം നാട് മക്ക വിട്ടു മദീനയിലേക്ക് ഹിജ്റ പോയതും സ്വന്തം താല്പര്യമാണ്. അതിനാൽ അല്ലാഹുവിന്റെ ദീനിനു വേണ്ടി പാരത്രിക പ്രതിഫലത്തിനു വേണ്ടി സഹനത്തോടെ ക്ഷമയോടെ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുക.നിങ്ങളുടെ മാന്യതയും സമ്പന്നതയും അഭിമാനവും സ്വർഗത്തിലാണ് -ജയിക്കാനല്ല ഒരഭിമാനത്തിനല്ല രക്തസാക്ഷ്യത്തിന് സജ്ജമാക്കുന്ന മാതാവിന്റെ മൊഴി ശിരസ്സാവഹിച്ച് നാലുമക്കളും പ്രഭാതത്തിൽ പാട്ടുപാടി പുറപ്പെട്ടു എന്നാണ് ചരിത്രം പറയുന്നത്. ഒന്നിനു പുറകെ മറ്റൊന്നായി നാലുപേരും രക്തസാക്ഷികളായി.

എന്റെ മക്കളുടെ രക്തസാക്ഷ്യം കൊണ്ടെന്നെ ആദരിച്ച അല്ലാഹുവെ നിനക്കാണ് സർവ്വസ്തുതിയും ഇനിയും അവരോടൊപ്പം സ്വർഗത്തിൽ ഒരുമിപ്പിക്കേണമേ. മക്കൾക് പരലോകം കാട്ടുന്ന മഹാഭാഗ്യത്തിൽ ആഹ്ലാദിക്കുകയാണവർ ചെയുന്നത്. ഇത്രയും ദൃഢവുശ്വാസികളായ മാത്രകവനിതകളെ വളർത്തിയെടുത്ത പ്രസ്ഥാനമാണ് ഇസ്ലാം.

റോമാസാമ്രാജ്യത്തോട് യുദ്ധം ചെയ്ത ധീരയോദ്ധാവാണ് അബൂയുദാമത്ത്ശ്ശാമി അദ്ദേഹത്തോട് താങ്കളുടെ യുദ്ധചരിത്രത്തിലെ ഏറ്റവും കൗതുകകരമായ സംഭവം ഏതാണെന്ന് ഒരാൾ ചോദിക്കുകയുണ്ടായി. അബുഖുത്തമ പറഞ്ഞു: ഞാൻ ഒരിക്കൽ രിഖാപട്ടണത്തിലെ പള്ളിയിൽവെച്ച് ധർമ്മയുദ്ധത്തിന്റെ മഹത്വത്തെ കുറിച്ചും മറ്റും വിവരിച്ചുകൊണ്ട് പ്രസംഗിച്ചു. പുറത്തിറങ്ങി ആയുധങ്ങൾ കൊണ്ടുപോകാൻ കുതിരയെ അന്വേഷിച്ച് നടക്കുമ്പോൾ ഒരു സ്ത്രീ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു എന്നെ തടഞ്ഞുനിർത്തി. അവർ പറഞ്ഞു നിങ്ങൾ യുദ്ധതിന്റെ പുണ്യത്തെക്കുറിച്ച് പറഞ്ഞുവെന്നുകേട്ടു എനിക്കല്ലാഹു മറ്റൊരു സ്ത്രീക്കും നൽകിയിട്ടില്ലാത്തത്ര തലമുടിതന്നിട്ടുണ്ട്. ഞാനതെല്ലാം വെട്ടിയെടുത്ത് അത്കൊണ്ട് കയർപിരിച്ചിട്ടുണ്ട്. അത് നിങ്ങളുടെ പടക്കുതിരയെ കെട്ടാൻ ഉപയോഗിക്കണം. എന്റെ ഭർത്താവും രക്തസാക്ഷിയായിട്ടുണ്ട് എനിക്കതിനു അവസരമില്ലാത്തതുകൊണ്ട് ഏതെങ്കിലുമാവട്ടെ എന്നുകരുതിയാണവർ കയർ നൽകിയത്.

പിന്നീട് പറഞ്ഞു എനിക്കൊരു മകനുണ്ട് ഖുർആൻ പഠിച്ചിട്ടുണ്ട് കുതിരസവാരിയും പരിചയമുണ്ട് അവനെ ഒരു സമ്മാനമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളെ

ഏൽപ്പിക്കുകയാണ് അവൻ മുകിലേ അല്ലാഹുവിങ്കൽ നിന്ന് എനിക്ക് കിട്ടാനുള്ള പ്രതിഫലവും നിഷേധിക്കരുത് എന്ന് പറഞ്ഞു. അബൂഖുദാമ കയറു സ്വീകരിച്ചു യോദ്ധാക്കളോടൊപ്പം പുറപ്പെടുന്നവരുടെ മകൻ അവിടെയില്ല.

